MALAYALANADU WEEKLY, QUILON, JUNE 24 1973
Phones: 2825, 3362

മലയാളനാട് വാരിക

പത്രാധിപർ:
എസ്. കെ. നായർ

വിശ്വനവരാജന്റെ അത്ഭുതകഥ
—വേണു മുതായി 36
സാഹിത്യതീർത്ഥയാത്ര
ഓർമ്മയുടെ ഓളങ്ങളിൽ —ജി 38
കവിത
ശ്യാമരാഗം —കെ. വി. തമ്പി 15
ഞാൻ ഞാനല്ല
—പൂവച്ചൽ ഖാദർ 27
കഥ
ട്രാഫിക് —പി. എ. ദിവാകരൻ 10
കന്നുകാലികൾ
—ഓ. വി. വിജയൻ 19
മുട്ടയിടാത്ത പക്ഷി —രാജാമണി 32
നിഴലുകളിലെ നീലിമ —മാലിനി 44
കഷായം —സുകുമാർ 54
നോവൽ
അടിയറവ് —കാക്കനാടൻ 6
പ്രിയേ, മാപ്പുതരൂ
—സാറാതോമസ് 22
കയറ് —തകഴി 46
പംക്തികൾ
വായനക്കാരുടെ കത്തുകൾ 2
സാഹിത്യവാരഫലം
—എം. കൃഷ്ണൻനായർ 28
ഗ്രന്ഥനിരൂപണം
—എം. ജി. കെ. നായർ 50
ഐതീഹ്യലോകം —മാലി 58
സിനിമ —മംഗലശ്ശേരി 62
ശാസ്ത്രപംക്തി 68
തലയില്ലാത്ത മനുഷ്യൻ
—സോമനാഥൻ 72
മുഖചിത്രം: ഫോട്ടോ—
നടരാജൻ, മദ്രാസ്.

താളുകൾ മറിക്കുമ്പോൾ

ലേഖനം
വളർച്ചയും വർഗ്ഗനാശവും
—കോന്നിയൂർ ആർ. നരേന്ദ്രനാഥ് 4
റിക്ഷാക്കാരൻ പപ്പു
എന്നൊരു മനുഷ്യൻ
—എം. ഷണ്മുഖദാസ് 18

പുസ്തകം അഞ്ച് ലക്കം രണ്ട് 1148 മിഥുനം 10

നേരിട്ടുകാണുകമാത്രം പോംവഴി

സത്യസായിബാബയുടെ ദിവ്യത്വത്തെ അംഗീകരിക്കാനും നിഷേധിക്കാനും ഉള്ള ചർച്ചയെപ്പറ്റി ഇതിലെ നമുക്കു പ്രയോജനം. ബാബയെപ്പററി മനസ്സിലാക്കാനുള്ള ഏററവും എളുപ്പമായ വഴി പുട്ടപർത്തിയിലെ ആശ്രമത്തിൽചെന്ന് അദ്ദേഹത്തെ ദർശിക്കുകയാണ്.

—കെ. എൻ. പൊതുവാൾ, ഗോവ.

കുറേക്കൂടി ഉൾക്കരുത്ത് വേണ്ടിയിരുന്നു;

ശ്രീ. വി. കെ. മാധവൻകുട്ടിയുടെ, ഭഗവാൻ സത്യസായിബാബയെക്കുറിച്ചുള്ള രണ്ടു ലക്കങ്ങളിലായി പ്രസിദ്ധീകരിച്ച ചർച്ചാലേഖനം വായിച്ചു. ഹോവാർഡ് മർഫെററും, തുളസിയുമെഴുതിയ സായിബാബയെക്കുറിച്ചുള്ള ഗ്രന്ഥങ്ങളാണ് ബാബയെ മനസ്സിലാക്കാൻ വകനല്കുന്ന

വ. അല്പം പരിഹാസച്ചുവകലർത്തിയെന്നതിൽ കവിഞ്ഞ് മാധവൻകുട്ടിയുടെ ലേഖനത്തിനു പുതുമയെന്തവകാശപ്പെടാനുണ്ട്. ഒരു ചർച്ചാലേഖനമാവുമ്പോൾ കുറേക്കൂടി ഉൾക്കരുത്ത് വേണ്ടിയിരുന്നില്ലേ?

—രാജ്മോഹൻ, മലയാലപ്പുഴ.

കേരളസാഹിത്യ അക്കാദമി അവാർഡുകൾ—ഗ്രന്ഥങ്ങൾ ക്ഷണിക്കുന്നു

ആയിരത്തിതൊള്ളായിരത്തി എഴുപത്തിരണ്ടിൽ ആദ്യപതിപ്പായി മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള നോവൽ, കവിത, നാടകം, ചെറുകഥാസമാഹാരം,

(ശേഷം 70-ൽ)

ഭഗവാൻ സത്യസായിബാബ

സത്യമെന്നു വിശ്വസിക്കുന്നവരും മിഥ്യയെന്നു വിശ്വസിക്കുന്നവരുമുണ്ട്.

രണ്ടുവിഭാഗക്കാരും പറയുന്നത് നമുക്കു ശ്രദ്ധയോടെ കേൾക്കാം.

അടുത്തലക്കത്തിൽ

ടി. കെ. സുഗതനെഴുതുന്ന

'സത്യസായിബാബ നിത്യസത്യംതന്നെ'

വായനക്കാരിൽനിന്ന് അഭിപ്രായങ്ങൾ ക്ഷണിക്കുന്നു

ശ്രദ്ധേയമായവ വാരികയിൽ ചേർക്കുന്നതാണ്.

പത്രാധിപർ, മലയാളനാട്, കൊല്ലം

എയർ-ഇൻഡ്യ നിരക്കുകളുടെ ചക്രവാളങ്ങൾ തകർക്കുന്നു!

മദ്രാസ് ന്യൂ യോർക്ക് മദ്രാസ് രൂ. 4674 മാത്രം!

ആകാശത്തെയ്ക്കു വഴിയ്ക്കതിൽ നിരക്കുകൾ കുറയുന്നു! ആയിരക്കണക്കിനു രൂപ ലാഭിയ്ക്കുക. ന്യൂ യോർക്കിലേയ്ക്കു നേരിട്ടു പറക്കുക. കുറഞ്ഞതു 14 ദിവസം മുതൽ 120 ദിവസം വരെ താമസിച്ചു തിരിയ്ക്കുക. വയ്ക്കിയ്ക്കിയില്ല. മറ്റു ചോദ്യങ്ങൾ വേണ്ട. വർഷത്തിൽ എത്ര സമയവും ഈ സൗകര്യം ഉപയോഗപ്പെടുത്താം. നിങ്ങളുടെ അടുത്തുള്ള എയർ ഇൻഡ്യ ഓഫീസിനോടോ, നിങ്ങളുടെ ട്രാവൽ ഏജൻറിനോടോ അന്വേഷിക്കുക. ഇപ്പോൾത്തന്നെ.

യാത്ര തുടങ്ങുന്ന സ്ഥലം.	ന്യൂയോർക്കിലേക്കും തിരിച്ചുള്ള എക്കണോമിക്സ് നിരക്ക്.
ബോംബെ	രൂ.4004
ന്യൂ ഡെൽഹി	രൂ.4004
കൽക്കട്ട	രൂ.4732
മദ്രാസ്	രൂ.4674

എയർ-ഇൻഡ്യ

നിങ്ങൾക്കു ചുറ്റും ഉണ്ടാക്കുന്ന ഏതു എയർ ലൈൻ

കെ. ഡബ്ല്യു

വളർച്ചയും വർഗ്ഗനാശവും

ജീനിക്കാനും വളരാനും വർദ്ധിക്കാനും ആനുകൂല്യങ്ങൾ വേണ്ടുവോളം ഉണ്ടായിരുന്നാൽ ജീവജാലങ്ങളുടെ എണ്ണത്തിനു ഉളവാകുന്ന വർദ്ധനവ് എന്തായിരിക്കുമെന്നു ചിന്തിക്കുന്നതു് രസകരമായിരിക്കും. ഉല്പാദിപ്പിക്കപ്പെടുന്നവയിൽ ബഹുഭൂരിഭാഗവും വളരാനും നിലനില്ക്കുവാനുമല്ല സംഗതിയാകുന്നതു്. പ്രകൃതിയുടെ ധാരാളിത്വവും വ്യയവും ആണ് ഇവിടെ പ്രകടമാകുന്നതും. ഈ ധാരാളിത്വം അന്യജീവജാലങ്ങളുടെ നിലനില്പിനു് വേണ്ടിയിരിക്കുന്നു. ഇവിടെ നാശമാണ് പ്രകൃതിനിയമമെന്നു തോന്നിപ്പോകും.

കമിൾ ഇനത്തിൽപെടുന്ന ഒന്നിനെക്കുറിച്ചു് ഇവിടെ സൂചിപ്പിക്കട്ടെ. ലൈക്കോപെർഡൻ (Lycoperdon) എന്ന കമിൾ ശരാശരി 700 ബില്യൻ ബീജങ്ങളാണ് (Spoets) ഉല്പാദിപ്പിക്കുക. ഓരോ ബീജവിൽനിന്നും ഓരോ കമിൾ വളരുവാനുള്ള സാധ്യതയുണ്ട് ഇവ മുളച്ചു് വളരുന്നു് ഓരോ ലൈക്കോ പെർഡൻ ആയി മാറിയാലുള്ള സ്ഥിതിയെന്താണ്? അവ ഒന്നിച്ചു കൂട്ടിവച്ചാൽ ഭൂഗോളത്തിന്റെ നാനൂറിരട്ടി ഘനമാനത്തോളം വരും! ഒരു പുകയിലച്ചെടിയുടെ കഥ എടുക്കുക. ഒരു ചെടി ഒരു തവണ 360,000 വിത്തുകൾ ഉല്പാദിപ്പിക്കുവാൻ ശേഷിയുള്ളതാണ്. വിത്ത് ഓരോന്നും ഓരോ ചെടിയായിത്തീർന്നാൽ, അവയോരോന്നും 360,000 വിത്തുവീതം ഉല്പാദിപ്പിച്ചാൽ, എന്തായിരിക്കും സ്ഥിതി? രണ്ട് അമേരിക്കകളിലും ഏഷ്യയിലും, ആഫ്രിക്കയിലും, യൂറോപ്പിലും, ഓഷ്യാനയിലും—അതായതു് ഭൂമിയിലെ കരപ്രദേശമാകെ, വളരുവാൻ ഇടയാകത്തക്ക എണ്ണമുണ്ടായിത്തീരും. ഒരു ചതുരശ്രയടി സ്ഥലത്തു് ആ സാഹചര്യത്തിൽ 32 പുകയിലച്ചെടികൾ വളരാനിടയായിത്തീരും!

കവള്ളത്തിൽ വെറുമൊരു പൊട്ടുപോലെ മാത്രം കാണാവുന്ന ഒരു ചെറിയ ജീവിയാണ് ഏകകോശിയായ പാരമീസിയം. ഇതിന്റെ പ്രത്യുൽപ്പാദനത്തെപ്പററി വളരെ ശ്രദ്ധയോടെ പഠിച്ച ഒരു ശാസ്ത്രജ്ഞനാണ് എൽ. എൽ. വുഡ്റഫ് (L. L. Woodruff) പരീക്ഷണാർത്ഥം അതിന്റെ 11,000 തലമുറകളെക്കുറിച്ചു് അദ്ദേഹം പഠിച്ചു. ഒരു പാരമീസിയം പകുതിപ്രാപിച്ചാൽ സ്വയം രണ്ടായിപിരിഞ്ഞു് പെരുകുകയാണ് അതിന്റെ പ്രത്യുൽപ്പാദനരീതി. ഒരു തലമുറയിൽനിന്നു് രണ്ടാമത്തെ തലമുറ രൂപം കൊള്ളുവാൻ 20-22 മണിക്കൂർ മാത്രം മതി. ഒരു പാരമീസിയം ഇരുപത്തിരണ്ടു മണിക്കൂർ കഴിയുമ്പോൾ ഇരട്ടിച്ചു് പെരുകുന്നു. ഇങ്ങനെ 11,000 തലമുറകൾ ഉണ്ടാകുന്നതിനു് മുപ്പതുവർഷത്തോളം മതി മനുഷ്യർ ഇത്രയും തലമുറകൾ തുടങ്ങുന്നതിനു് 3000 വർഷങ്ങൾ എടുക്കേണ്ടിവരും! ഇതു് മറെറാരു വിധത്തിൽ വിശദമാക്കാം. ജനുവരി ഒന്നാം തീയതി ഉണ്ടായിരുന്ന ഒരു പാരമീസിയത്തിനെ സങ്കല്പിക്കുക. മാർച്ചു് ഏഴാം തീയതിയാകുമ്പോൾ അതിന്റെ സ്ഥാനത്തു കാണപ്പെടുന്ന പാരമീസിയങ്ങളുടെ ജീവവസ്തുവിന്റെ ഘനമാനം, ഒരു ഘനനാഴിക. (One Sq. mile) ആയിരിക്കും! ഏപ്രിൽ 12-നു് 11ാ-ാമത്തെ തലമുറയിലെത്തിക്കഴിയും. അത്രയും പാരമീസിയങ്ങളുടെ ജീവവസ്തുവിന്റെ ഘനമാനം ഭൂഗോളത്തിന്റെ ഘനമാനത്തിനു തുല്യമായിത്തീരുന്നതാണ്! കൃസ്തുമസ്കാലമാകുമ്പോഴേക്കു് പ്രത്യുൽപ്പാദനത്താൽ വർദ്ധിച്ചു് വളരുന്ന പാരമീസിയങ്ങളുടെ ജീവവസ്തു പ്രപഞ്ചത്തിന്റെ ഘനമാനത്തിനു് തുല്യമായിത്തീരും!

സാൽമൺമത്സ്യം പ്രത്യുൽപ്പാദനകാലത്തു് 28,000 000 മുട്ടകളാണിടുന്നതു്. ഒരു വെള്ളിച്ചിപ്പി 100,000,000 മുട്ടകളിടും. മുട്ടയിടുന്ന പ്രായത്തിലെത്തിയ എത്രയോ ലക്ഷം സാൽമണും ചിപ്പിയും കാണും സമുദ്രത്തിൽ. ഒരു ചിപ്പി ഉൽപ്പാദിപ്പിക്കുന്ന എല്ലാ മുട്ടകളും വളരാനും അവയോരോന്നും മുട്ടയിട്ടു പെരുകാനും ഇടയായാൽ മൂന്നാം തലമുറയിൽ പതാമഹന്മാരുടെ പരമ്പരയിലെ എണ്ണം 66 000, 000, 000, 000, 000, 000; 000, 000, 000 000, 000, ആയിരിക്കും! ഒരു തലമുറയിലെ അംഗങ്ങളുടെ ചിപ്പിത്തോടുകൾ കൂട്ടിയാൽ ഭൂമിയുടെ എട്ടിരട്ടി വരുന്ന ചിപ്പിമല കാണാറാകും! ഒരു കടൽഞണ്ട് (lobster) ഒരു തവണ മൂന്നുലക്ഷം മുട്ടകളുണ്ട് ഇടുന്നു്!

ഒരു ഉദാഹരണംകൂടി കാണിച്ചിട്ട് ഇതു് നിർത്താം. നോർവേ എലിയുടെ കാര്യമാണ്. സാധാരണമായി എട്ടുമുതൽ പന്ത്രണ്ടു മുതൽ കുഞ്ഞുങ്ങളെ ഒരു പ്രസവത്തിൽ ഒരു പെൺഎലിക്ക് ഉൽപ്പാദിപ്പിക്കുവാൻ കഴിയും. ഒരു കൊല്ലത്തിൽ മൂന്നു മുതൽ അഞ്ചുതവണവരെ അതിനു പ്രസവിക്കുകയും ചെയ്യും. ഒരു എലിയുടെ ശരാശരി ആയുസ്സ് മൂന്നുകൊല്ലമത്രേ! ഇത്രയും നാൾ ജീവിക്കുന്ന ഒരൊററയെലിയുടെ കുടുംബത്തിലെ എണ്ണം 610304 ആയിരിക്കും

എന്നാൽ ഇതൊന്നും സംഭവിക്കുന്നില്ല, ഉൽപ്പാദിപ്പിക്കപ്പെടുന്നവയിൽ എത്രയോ നിസ്സാരമായ എണ്ണ മാത്രമാണ് പ്രകൃതിയിൽ അവശേഷിക്കുന്നതു്! ഇവയെക്കൊണ്ടൊന്നും ഭൂമിക്കു താങ്ങാനാവാത്തതായി പെരുകാൻ തുടങ്ങിയിട്ടു് എത്രയോ കാലമായി. കാലാകാലങ്ങളിൽ അവരെക്കുറിച്ചു കഥാപാത്രങ്ങൾ എത്രയോ ലക്ഷമുണ്ട്! പലതും പാദമുദ്രകൾപോലും അവശേഷിപ്പിക്കാതെ അങ്ങുവിട്ടു മറഞ്ഞിട്ടുണ്ട്! ആകെ ആവിർഭവിച്ചവരിൽ എത്രയോ ചെറിയ അംശം മാത്രമാണ് ഇന്നു് അങ്ങുവിടാതെ കളിതുടരുന്നതു്!

മനുഷ്യന്റെ പ്രാഭവം ഭൂതലത്തിൽ സ്ഥിരപ്രതിഷ്ഠ പ്രാപിച്ചശേഷം, സാഹചര്യസംവിധാനത്തിൽ അവൻ കൈകടത്താൻ മനഃപൂർവ്വം ശ്രമിക്കുകയുണ്ടായി. മുമ്പ് ഒരു ജീവിയും ഇതുപോലെ മനഃപൂർവ്വം, ബുദ്ധിപൂർവ്വം, പ്രകൃതിയിൽ കൈവെച്ചിട്ടില്ല. ഇതുകാരണം എത്രയെത്ര ജീവജാതികൾ ഇവിടെ അന്യം നില്ക്കുവാൻ ഇടയായിട്ടുണ്ട്. ഉത്തരാർദ്ധഗോളത്തിൽ ധാരാളം ജീവിച്ചിരുന്ന നാല്ക്കാലസസ്തനികൾ (മാമത്) മഡഗാസ്കറിലെ

ഒരു പാരമീസിയം പകുതിപ്രാപിച്ചാൽ സ്വയം രണ്ടായി പിരിഞ്ഞു പെരുകുകയാണ് അതിന്റെ പ്രത്യുൽപ്പാദനരീതി. ഒരു തലമുറയിൽ നിന്നു് രണ്ടാമത്തെ തലമുറ രൂപംകൊള്ളുവാൻ 20-22 മണിക്കൂർമാത്രംമതി. ഒരു പാരമീസിയം ഇരുപത്തിരണ്ടുമണിക്കൂർ കഴിയുമ്പോൾ ഇരട്ടിച്ചു് പെരുകുന്നു ഇങ്ങനെ 11,000 തലമുറകൾ ഉണ്ടാകുന്നതിനു് മുപ്പതുവർഷത്തോളം മതി. മനുഷ്യർ ഇത്രയും തലമുറകൾ താണ്ടുന്നതിനു് 3000 വർഷങ്ങൾ എടുക്കേണ്ടിവരും.

കോന്നിയൂർ ആർ, നരേന്ദ്രനാഥ്

ഏപ്പ്യോർനിസ് (Aepyornis), ന്യൂസിലണ്ടിലെ മോവാസ് ഉക്കോയവയുടെ വിധിയാണു പെട്ടെന്ന് ഓർമ്മയിൽ എത്തുന്നതു്. ക്രസ്റ്റബ്ദാരംഭത്തിനു ശേഷം 1650 വരെയുള്ള കാലയളവിൽ പത്തിനം സസ്തനികളും, അത്രത്തോളം പക്ഷിവർഗ്ഗങ്ങളും അപ്രത്യക്ഷമായിട്ടുണ്ട്. ഈ ഘട്ടത്തിൽ 165 വർഷത്തിൽ ഒരു ജീവജാതി എന്ന കണക്കിലാണു നശിച്ചതു്. മനുഷ്യന്റെ സ്വാധീനം വർദ്ധിച്ചുകൊണ്ടേയിരുന്നു. 1650-നും 1850-നും ഇടയ്ക്കു നാല്പതു ജാതികൾ നശിച്ചു. അതായതു് അഞ്ചുകൊല്ലം കൂടുമ്പോൾ ഒന്ന് എന്ന ക്രമത്തിലായി നാശത്തിന്റെ വേഗം. 1850-നും 1900-നും ഇടയ്ക്കുള്ള അൻപതുകൊല്ലത്തെ സ്ഥിതിയോ? ഈ കാലയളവിൽ അറുപത്തിനാലു ജീവജാതികളാണ് അന്യം നിന്നതു്. അതായതു് 95 മാസം കൂടുമ്പോൾ ഒരു വർഗ്ഗമെന്നതോതിൽ അവ അരങ്ങൊഴിഞ്ഞു. 1900-നു ശേഷം എഴുപത്തിയാറു ജാതികൾ എന്നന്നേക്കുമായി ഭൂമിക്കു നഷ്ടപ്പെട്ടു.

പ്രകൃതിയെ കീഴടക്കണമെന്ന ലക്ഷ്യം മുൻനിർത്തി മനുഷ്യൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ ചരിത്രം ജീവജാതികളുടെ ദുരന്തത്തിന്റെ കഥയാണു കാണിക്കുന്നതു്. വിഭവങ്ങളുടെ വിനാശം മാത്രമല്ല മറുത്തുനില്ക്കാൻ ശേഷിയില്ലാത്ത ജീവികളുടെ നിർമ്മാർജ്ജനവും കട്ടത്തോതിൽ നടന്നിട്ടുണ്ട്. ഇതിൽ ഒരു നൂതനാദ്ധ്യായം കീടനാശിനികളുടെ നിർല്ലോഭമായ പ്രയോഗത്താൽ ഇന്നു സംഭവിച്ചുകൊണ്ടിരിക്കുകയാണ്.

ഭൂതലത്തിലെ വൈവിദ്ധ്യമുള്ള ജീവജാലങ്ങളാണു പ്രകൃതിയുടെ മുഖ്യമായ മൂലധനം. എന്തൊക്കെ ശാസ്ത്രീയസൂത്രങ്ങൾ കൈവന്നാലും അസ്തമിച്ച ഒരു വർഗ്ഗത്തെ പുനഃപ്രതിഷ്ഠിക്കുക മനുഷ്യനു സാധ്യമല്ല. ജന്തുവർഗ്ഗങ്ങൾ പലതും അന്യം നിന്നേക്കുമെന്നുള്ള അറിവ് ഉണ്ടായാലെങ്കിലും, അവയെ മുൻകൂട്ടി രക്ഷിക്കുവാൻ ജീവകാരുണ്യം നാം പ്രദർശിപ്പിക്കേണ്ടതില്ലേ? ബുദ്ധിയും യുക്തിയും വിവേകവും മനുഷ്യൻ കാണിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

—•—

ഇരുപത്തിയൊന്ന് (തുടർച്ച)

സുഭദ്രയുടെ പ്രശ്നത്തെക്കാളധികം അവളെ അലട്ടിയിരുന്നു ഉറുമീസിന്റെ ഗാർഹികപ്രശ്നം. അയാളുടെ ഭാര്യ സ്വന്തം വീട്ടിലേക്കുപോയ വിവരം തന്നോടു സൂചിപ്പിക്കാൻപോലും അയാൾ ഒരുമ്പെടാഞ്ഞതിൽ അവൾക്ക് അത്ഭുതം തോന്നിയിരുന്നു. അതിനുശേഷം രണ്ടുതവണ പരസ്പരം കണ്ടപ്പോഴും അതിനെക്കുറിച്ചെന്തെങ്കിലും പറയുകയുണ്ടായില്ല, ഉറുമീസ്. അയാൾ വിസ്തിയിലും ലഘുസംഭാഷണങ്ങളിലും സന്ധ്യകളെ മുക്കിക്കൊല്ലാൻ ശ്രമിക്കുകയായിരുന്നു. പാർവ്വതി അങ്ങോട്ടൊന്നും ചോദിച്ചില്ല അയാൾ പറയുമെന്നായിരുന്നു പ്രതീക്ഷ. അയാൾ പറഞ്ഞതല്ലെന്നു മാത്രമല്ല, എന്തെങ്കിലും വിശേഷിച്ചു സംഭവിച്ച ഭാവം പോലുമുണ്ടായിരുന്നില്ല അയാളുടെ പെരുമാറ്റത്തിലും സംസാരത്തിലും.

ഒരോ നിമിഷവും അയാൾ എന്തെങ്കിലും പറയാനൊരുങ്ങിയപ്പോൾ ആ വിഷയം തന്നെയാണു പുറത്തേക്കു വരുന്നതെന്നു പാർവ്വതി പ്രതീക്ഷിച്ചു. പക്ഷേ, അവൾക്ക് എപ്പോഴും തെറ്റുപററി. പുതിയ എൽ. പി. റെക്കോർഡുകളെക്കുറിച്ചും ആയിടെ കണ്ട ചിത്രത്തെക്കുറിച്ചും ആയിടെ വായിച്ച പുസ്തകങ്ങളെക്കുറിച്ചും അയാൾ വാചാലനായി സംസാരിച്ചപ്പോൾ അയാളുടെ ശബ്ദത്തിലും വിസ്തിയുടെ ലഹരിയിലും മുഴുകി, പാർവ്വതി മുറിയിൽ ഉലാത്തുകയോ സെററിയിൽ ചാഞ്ഞിരിക്കുകയോ ചെയ്തു. ചിലപ്പോൾ അയാൾ അമ്മാവന്റെ ആരോഗ്യകാര്യങ്ങൾ അന്വേഷിച്ചു. ചിലപ്പോൾ മഹേന്ദ്രന്റെ പുതിയവിവരങ്ങൾ തിരക്കി. ചിലപ്പോൾ പാട്ടുകൃഷിയെക്കുറിച്ചും ചിലപ്പോൾ സുഭദ്രയുടെ വിവാഹകാര്യത്തെക്കുറിച്ചും സംസാരിച്ചു. അപ്പോഴൊക്കെ ഒരു തീവ്രവിസ്മയത്തിനു വിധേയയായി, തന്റെ മുൻചിലിരുന്ന മനുഷ്യന്റെ മനസ്സ് എങ്ങിനെയിരിക്കുന്നു് അപഗ്രഥിക്കാൻ ശ്രമിച്ചുകൊണ്ടു് പാർവ്വതി ഇരുന്നു. ഇയാളെത്തുമനുഷ്യൻ എന്നവൾ അതിശയിച്ചു. ചേമ്പിലയിന്മേൽ വെള്ളം വീഴുന്നതുമാതിരിയാണു നമ്മോടുനമ്മ ഇയാളെ സംബന്ധിച്ചേടത്തോളം മനുഷ്യബന്ധങ്ങളൊക്കെ. ബിസിനസ്സുകാരൊക്കെ ഇത്തരക്കാരാണോ? കല്ല്യാണംകഴിച്ച ഭാര്യയും കുഞ്ഞുങ്ങളും ഇറങ്ങിപ്പോയിട്ടു് ഇയാൾ അതെപ്പററി ആലോചിക്കുകപോലും ചെയ്യുന്നില്ലെന്നോ?

അപ്പോൾ, പെട്ടെന്ന് പാർവ്വതിയുടെ മനസ്സിൽ മറെറാരു സംശയം ഉദിച്ചു. അയാൾ കാക്കുന്നുണ്ടാവും. ഓർത്തുദുഃഖിക്കുന്നുണ്ടാവും. ആ വേർപിരിയലിനു കാരണക്കാരിയായ തന്നെ മനസാ ശപിക്കുന്നുണ്ടാവും. ദുഃഖം കടിച്ചമർത്തി, തന്നോടുള്ള കഠിനമായ അമർഷവും വെറുപ്പും കടിച്ചമർത്തി, ഈ മനുഷ്യൻ ഉപചാരത്തിനുവേണ്ടി, ചടങ്ങിനുവേണ്ടി തന്നോടു മര്യാദയായി പെരുമാറുകയാവും. അവരുതെയല്ല അയാൾക്ക് മുൻപത്തെ മാതിരി

വികാരസ്പന്ദനമില്ലാത്തതു്. അതുകൊണ്ടുതന്നെയാണ് അയാൾ ഇത്ര തണുപ്പനായി മാറിയിരിക്കുന്നതു്. അതുകൊണ്ടുതന്നെയാണ് തന്റെ, തങ്ങളുടെ സന്ധ്യകൾ ഇത്ര നിർജ്ജീവമായിപ്പോവുന്നതു്. ദുഃഖവും അമർഷവും വിസ്തിയുടെ ലഹരിയിൽ പൂഴ്ത്തിവച്ചിരിക്കുകയാണ് ഇയാൾ. സന്ധ്യയുടെ നിർജ്ജീവനിമിഷങ്ങളിൽ, വിസ്തിയുടെ വിരസലഹരിയിൽ, അയാളുടെ സാന്നിദ്ധ്യത്തിൽ താൻ ഏററവും തളർന്നവളും ആയിപ്പോവുന്നതു് ഇക്കാണെക്കാലാണ് എന്ന് അവൾ കരുതി. അയാളും താനും സന്ധ്യയുടെ ജലാശയത്തിലെ രണ്ടു തുരുത്തുകളാണ്. തുരുത്തുകൾക്കിടയിൽ ആഴമേറിയ കയങ്ങൾ മാതിരി തനിക്കും ഈ മനുഷ്യനും മദ്ധ്യേ മൗനത്തിന്റെ ചുഴലികൾ കറങ്ങിനില്ക്കുന്നു. അപ്പോൾ, ഒക്കെ നാട്യമാണ്, ഒക്കെ ഉപചാരമാണ്, ഒക്കെ പുറംപൂച്ചാണ്. താനൊരു വലിയ വിഡ്ഢിയാണെന്ന് പാർവ്വതിക്കുതോന്നി. ആ തോന്നൽ അവളിൽ ഒരുതരം പ്രതികാരബുദ്ധിയായി വളർന്നപ്പോൾ അവൾ ഉള്ളിൽ അലറി: ഞാൻ നശിപ്പിക്കും.

പക്ഷേ, വീണ്ടും ഓർത്തപ്പോൾ അവൾക്ക് അയാളോടു് സഹതാപം തോന്നി. ഒരുവേള അയാൾക്കു തന്നോടു് ഒരു പകയുമില്ലെന്നും വരാം. ഒരുപക്ഷേ, സ്വന്തം ദുഃഖത്തിന്റെ ആഴം മറെറാരാളിലേക്കു പകർന്ന് ആ ആളെക്കൂടി ദുഃഖത്തിന്റെ അഗാധതകളിലേക്കു പിടിച്ചുതാഴ്ത്താൻ അയാൾ ആഗ്രഹിക്കുന്നില്ല. പ്രത്യേകിച്ചു് മാനിഷ്ടപ്പെടുന്ന പെൺകുട്ടിയെ ദുഃഖിപ്പിക്കാൻ ഉറുമീസിനെപ്പോലെ ഒരാൾ തയ്യാറാവില്ല എന്ന് അവൾക്കു നിശ്ചയമായിരുന്നു. അപ്പോൾ അവൾക്കു തോന്നി: അയാളുടെ ദുഃഖങ്ങൾ പങ്കുവയ്ക്കേണ്ടതു് എന്റെകൂടി ചുമതലയാണ്. എന്നിൽനിന്നൊന്നും മറച്ചുവയ്ക്കേണ്ട കാര്യമില്ലെന്ന് അയാളോടു തുറന്നുപറയണം. അയാളുടെ ജീവിതത്തിൽനിന്ന് ഏതെങ്കിലുമൊരു പാർശ്വത്തിൽ വഴി, അല്ലെങ്കിൽ പിൻചുമരുകൾ തുരന്നൊരു കിവാടമുണ്ടാക്കി അതുവഴി പുറത്തുചാടാനും തിരിഞ്ഞുനോക്കാതെ തന്റെ സ്വകാര്യജീവിതത്തിന്റെ ഇരുൾപ്പരപ്പിലൂടെ, അന്ധകാരത്തിന്റെ അനന്തചക്രവാളങ്ങളിലേക്ക് കാടിയകലാനും ഞാൻ തയ്യാറാണെന്ന് അയാളെ അറിയിക്കണം.

ആ ചിന്ത ഉണർന്നുനിന്ന ഒരു സന്ധ്യയിൽ, വിസ്തിയുടെ ലഹരിയിൽ ഉറുമീസിന്റെ ഗസ്റ്റ്ഹൗസ് ആടിയുലഞ്ഞുനില്ക്കവേ, അയാളുടെ മുഖത്തേക്കു തറപ്പിച്ചു നോക്കിക്കൊണ്ടു് പാർവ്വതി ചോദിച്ചു: "എന്നെ ദുഃഖിപ്പിക്കണമെന്നുദ്ദേശിക്കുന്നുണ്ടോ?"

"അതെന്താ അങ്ങിനെ ചോദിച്ചതു്?"

"അതൊക്കെ പിന്നെപറയാം. ചോദിച്ചതിനുത്തരം പറയൂ." പാർവ്വതി ദൃഢസ്വരത്തിൽ പറഞ്ഞു.

നോവൽ

കാക്കനാടൻ

കുറച്ചുനേരത്തെ മൗനത്തിനുശേഷം ഉറുമീസ് പറഞ്ഞു: "എനിക്കൊന്നും മനസ്സിലാവുന്നില്ല."

"ഞാൻ കരഞ്ഞുകാണാനാഗ്രഹിക്കുന്നില്ലെന്ന് ഒരിക്കൽ പറഞ്ഞിട്ടില്ലേ?" അവൾ അയാളുടെ മനസ്സിനെ ഒരു പൂർവ്വസ്മൃതിയിലേക്കണയ്ക്കാൻ ശ്രമിച്ചു.

"ഉവ്വ്." അയാൾ വിക്കി. "പക്ഷേ, അതിപ്പോൾ പറയാൻ കാര്യം?"

"കാര്യമുണ്ടല്ലോ."

"ഉണ്ട്."

"ആ വാക്ക് പിന്നെ മാറ്റിപ്പറഞ്ഞിട്ടില്ലല്ലോ."

"ഇല്ല."

"മാറ്റിപ്പറയാനാഗ്രഹമുണ്ടോ?"

"ഇല്ല."

"ആ വാക്ക് ഇപ്പോഴും ഉറപ്പാണ്?"

"തീർച്ചയായും."

പാർവ്വതി കുറേനേരം ആലോചനയിൽ മുഴുകി. തന്റെ ഗ്ലാസ്സിൽ ബാക്കിയുണ്ടായിരുന്ന വിസ്കി ഒന്നിച്ചുകഴിച്ച് ഗ്ലാസ് താഴത്തുവച്ച്, അവൾ എണീറ്റ് മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു. ഇടയ്ക്കിടെ അവൾ കയ്യുവണ്ണിപ്പിച്ചിട്ട് കോറ കുത്തുണ്ടായിരുന്നു. ഒരു ദുർഗ്രഹതയുടെ ഇരുട്ടിൽ അമർന്ന്, വെളിച്ചത്തിന്റെ നാളങ്ങൾ തിരഞ്ഞുകൊണ്ട്, ഉറുമീസ് അവളെ പകച്ചുനോക്കി ഇരുന്നു.

ഉലാത്തൽ കഴിഞ്ഞപ്പോൾ, പാർവ്വതി അയാളുടെ മുൻപിൽ വന്ന്, അയാൾക്കഭിമുഖമായിനിന്നു.

"നിങ്ങളുടെ ദുഃഖം എന്നിൽനിന്നു മറച്ചുവച്ചാൽ ഞാൻ ദുഃഖിക്കയില്ല, ആഹ്ലാദിച്ചുകൊള്ളും എന്നാണോ നിങ്ങളുടെ ധാരണ?"

"എനിക്കു മനസ്സിലാവുന്നില്ല." ഉറുമീസ് പതറി. അവളുടെ നോട്ടത്തെ നേരിടാനാവാതെ, സ്വന്തം കണ്ണുകൾ അവളുടെ കണ്ണുകളിൽനിന്നു പറിച്ചുമാറ്റി, സിഗരറ്റുപാക്കറ്റിനുവേണ്ടി അയാൾ ടീപ്പോയിന്മേൽ പരതി. അയാൾ എന്തുനാണിക്കുന്നു എന്നു മനസ്സിലാക്കിയ പാർവ്വതി തീൻമേശമേലിരുന്ന സിഗരറ്റുപാക്കറ്റും തീപ്പെട്ടിയും എടുത്തുകൊണ്ടുവന്നു. സിഗരറ്റുപാക്കറ്റു തുറന്ന് അവൾ അയാളുടെ നേരെ നീട്ടി: "ഇതാ."

അയാൾ സിഗരറ്റ് എടുത്തു ചുണ്ടത്തുവച്ചപ്പോൾ അവൾ അതു കൊളുത്തിക്കൊടുത്തു. സിഗരറ്റുവലിച്ച് പുക ഊതി, ആ പുകയുടെ ചലനങ്ങൾ മാത്രം നിരീക്ഷിച്ചുകൊണ്ട് പാർവ്വതിക്കു മുഖം കൊടുക്കാതെ ഉറുമീസ് ഇരുന്നു.

"നിങ്ങളുടെ ദുഃഖം അയാൾക്ക് അടുപ്പമുള്ള മറ്റൊരാളുമായി പങ്കുവച്ചാൽ അതിന്റെ ഭാരം കുറയും എന്നു കേട്ടിട്ടുണ്ട്." പാർവ്വതി പറഞ്ഞു.

"ദുഃഖം ഒരാളുടെ സ്വകാര്യസ്വത്താണ്." ഉറുമീസ്, പെട്ടെന്ന്, ഒരന്തശ്ചോദനയ്ക്കു വിധേയനായ ഒട്ടകപ്പോലെ പിറുപിറുത്തു.

പാർവ്വതി നടുങ്ങി. ആ നടുക്കം അവളുടെ നാവിനെ നിശ്ചലമാക്കി. അവളുടെ മനസ്സിനെ നിർജ്ജീവമാക്കി. അവളിൽ നിന്നു വിസ്കിയുടെ ലഹരി എടുത്തുകളഞ്ഞു. താൻ ഒരുഴിഞ്ഞ കടമാണെന്നും തന്നിൽ ഒന്നുമൊന്നും ബാക്കിയില്ലെന്നും പാർവ്വതിക്കു തോന്നി.

ഇനി എനിക്കു വീണ്ടുയുകയേ വേണ്ടു. മണ്ണിലേയ്ക്കു മടങ്ങുകയേ വേണ്ടു.

A success in marriage means
life-long happiness
Pleasure enthusiasm-enjoyment
that lastd a life-time
Adventure through knowledge
We help you to select the book of
your particular need
To blossom your marriage
read C. H. Rai books.

Free details :

DIRECTOR
C. H. R. AGENCY,
Chandiroor P. O.



ഒരു ശവംമാതിരി അവൾ ഒരു സെററിയിലേക്കു വീണു.

പരിശ്രാന്തനായ ഉറുമീസ് പെട്ടെന്ന് എണീററുചെന്നു പാറുക്കുട്ടിയെ എടുത്തുയർത്തി. അവളെ സ്വന്തം കരവലയത്തിലൊതുക്കിക്കൊണ്ട് അയാൾ സ്നേഹപൂർവ്വം ചോദിച്ചു.

"എന്തുപററി പാറുക്കുട്ടീ, എന്തുപററി?"

"ഒന്നുമില്ല" അവൾ പിറുപിറുത്തു. "ഞാനൊന്നിരിക്കട്ടെ." അയാൾ അവളെ പിടിച്ചിരുത്തിക്കഴിഞ്ഞപ്പോൾ പാർവ്വതി ചോദിച്ചു: "ഒരു വിസ്കി."

ഉറുമീസ് അവളുടെ ഗ്ലാസ്സിൽ വിസ്കി, പകർന്നു, സോഡ ചേർത്ത്, അവൾക്കു നീട്ടി. അതു വാങ്ങി ഒരുവലിക്കു കുടിച്ചുതീർത്ത്, പാർവ്വതി വീണ്ടും സെററിയിൽ ചാഞ്ഞിരുന്നു.

അയാൾ അവൾക്കഭിമുഖമായി നിന്നു. കേഴുന്ന ശബ്ദത്തോടെ അയാൾ പറഞ്ഞു: "പാറുക്കുട്ടി എന്നെ തെററിദ്ധരിച്ചു. ഞാനെന്തോ പെട്ടെന്നു പറഞ്ഞുപോയതു് ഇഷ്ടപ്പെട്ടില്ലെന്നു തോന്നുന്നു ഞാനൊന്നും മനസ്സിൽവച്ചു പറഞ്ഞതല്ല. എന്റെ ദുഃഖങ്ങൾ പാറുക്കുട്ടിയുമായി പങ്കിടാൻ ഞാനൊരുക്കമാണ്. പക്ഷേ ഇപ്പോൾ അ

ങ്ങനെയാണും ഉണ്ടായില്ലല്ലോ."

"മറുപടിയില്ലേ", നമിഷങ്ങൾക്കുശേഷം പാറുക്കുട്ടി ചോദിച്ചു.

"ഇല്ല." ഉറുമീസ് നാപ്പിച്ചുപറഞ്ഞു. അപ്പോൾ, പാർവ്വതി തുടങ്ങിയിട്ട സംശയിച്ചു നിന്നു.

"എന്താണ്?"

"മറുപടിയില്ല."

"എങ്കിലും?"

പാർവ്വതി മിണ്ടാതിരുന്നു. ഉറുമീസും മിണ്ടിയില്ല. പക്ഷേ, അയാൾ ആകെ ആകാംക്ഷയായിരുന്നു. മനം ഒരു പുക പോലെ മുറിയിൽ നിറഞ്ഞുനിന്നു. ഒടുവിൽ പാർവ്വതി സംസാരിച്ചു.

"നിങ്ങളുടെ ഭാര്യയും മക്കളും എവിടെ പോയിരിക്കുന്നു?"

ഉറുമീസ് ചിരിച്ചു "അവളുടെ വീട്ടിൽ.

"എന്തിന്?"

ഉറുമീസ് പൊട്ടിച്ചിരിച്ചു: "അതുകൊള്ളാം. അവൾക്ക് അവളുടെ വീട്ടിൽ പൊയ്ക്കൂടേ?'

"വിശേഷിച്ചു കാരണമൊന്നുമില്ലേ?" പാറുക്കുട്ടി ഒട്ടും ചിരിക്കാതെ എടുത്തുചോദിച്ചു.

മറുപടി ഒരു പൊട്ടിച്ചിരി ആയിരുന്നു:

പാർവ്വതിക്കു തോന്നി, ആ പൊട്ടിച്ചിരിയുടെ പ്രതിധ്വനികൾക്കിടയിൽ താനെവിടെയോ നഷ്ടപ്പെട്ടു പോവുന്നതായി. എന്താണിതിന്റെ പൊരുൾ എന്നവൾ അത്ഭുതപ്പെട്ടു. ഈ ലോകം എത്ര വിചിത്രം, എത്ര സങ്കീർണ്ണം! അതിലും എത്രയോ വിചിത്രവും സങ്കീർണ്ണവും ആണ് മനുഷ്യന്റെ മാനസികഭാവങ്ങൾ എന്നു വിസ്മയിച്ചു്, ഒന്നും തീരുമാനിക്കാനാവാതെ, ഒന്നും ആലോചിക്കാൻപോലും ആവാതെ അവൾ വെറുതെയിരുന്നു. അവൾ, ഒടുവിൽ, വെറുതെ പിറുപിറുത്തു.

"ഞാൻ വിചാരിച്ചു..."

"എന്തു വിചാരിച്ചു? എടുത്തടിച്ചുമാതിരി ചോദ്യം. പാർവ്വതി പിന്നെയും മിണ്ടാതിരുന്നപ്പോൾ ഉറുമീസ് തുടർന്നു:

"അവൾ പിണങ്ങിപ്പോയതാണെന്നു വിചാരിച്ചോ?"

പാർവ്വതി മറുപടി പറഞ്ഞില്ല.

അന്നു വീട്ടിലേയ്ക്കു മടങ്ങവേ, അവൾ തന്നെത്താൻ ഉരുവിട്ടു: ദുഃഖം ഒരാളുടെ സ്വകാര്യസ്വത്താണ്.

—o—

ഇല്ല! ഇനി ആർക്കും പറയാൻ കഴിയില്ല എനിക്കു ഭ്രാന്തില്ലെന്ന്. ഞാൻ തെളിയിച്ചിരിക്കുന്നു. ഹാവൂ! എനിക്ക് ആശ്വാസമായി. പക്ഷേ—എനിക്കു യഥാർത്ഥത്തിൽ ഭ്രാന്തുണ്ടല്ലോ. ആടിനെ നായയാക്കുന്നവരെല്ലാ എന്നും ചുററും. ഇവർ പറയുന്നു: നിങ്ങൾക്ക് യാതൊരു തകരാറുമില്ല—തനിക്കു ഭ്രാന്തൊന്നും ഇല്ലേ...ഹാ! എത്രവേഗം കഴിയുന്നു. ഇവർക്കെന്താണ്, ഒരു പക്ഷേ, മററാരുവന്ന് ഒന്ന് ഇല്ല എന്നു പറയുന്നതിലെ രസമായിരിക്കാം. പക്ഷേ, കഴിഞ്ഞില്ല. ഈ സന്തോഷം ഇനി നുണയാൻ പററില്ലല്ലോ. ഒരു നുണയ്ക്ക് എത്ര സഹായി ഉണ്ടായാലും ശരി അല്ലായുസ്സുതന്നെയുള്ളു. എല്ലാവരും എന്നെ ഒററപ്പെടുത്തി. ഒരൊററ ഒരാൾ എന്നോടു യോജിച്ചില്ല. പോട്ടെ എന്റെ വാക്കുകൾ ശ്രദ്ധിക്കാൻ പോലും സമയമില്ലെന്നു തിമിക്കു നടിച്ചു. നിഷേധത്തിന്ന് ഒരൊററ സ്വരമായിരു

കഥ

പി. എ. ദിവാകരൻ

ന്നു. ഇതൊരൊററ ശരീരത്തിൽനിന്ന് ഉയർന്നതുപോലെ, പറഞ്ഞുപറഞ്ഞു് ഞാൻ ചിലരോടു കെഞ്ചുകകൂടി ചെയ്തിട്ടുണ്ട്, ദയവായി എനിക്കു ഭ്രാന്തുണ്ടെന്നു മനസ്സിലാക്കു. കടന്നുപോകുന്നുണ്ടോ, അവരുടെ മുഖം ചുളിവുകൾകൊണ്ട് വികൃതമായി. പിന്നെ അവർ പ്രചരിപ്പിച്ചു.

അഭിനയം, വെറും അഭിനയം...

ഇപ്പോൾ...ഇപ്പോൾ കഴിഞ്ഞില്ലേ, ഇനി അഭിനയമെന്ന വാക്ക് ഒരുത്തനും എന്റെ നേരെ തെറിപ്പിക്കാനുള്ളതല്ല. ഞാൻ അഭിനയിക്കുന്നത്രെ! ഈശ്വരാ... ഞാൻ അഭിനയിക്കുന്നു"....ഭ്രാന്തനാണെന്ന് അഭിനയിക്കുന്നു".

മതി. ഇനി നിർത്തുവിൻ. അഭിനയിച്ചു ഞാനിവിടെ എത്തി. എന്നെ ഇവിടംവരെ എത്തിച്ചു. ഇനി എനിക്കു ചോദിക്കണം, ഓരോരുത്തരോരുത്തരോടായി. എനിക്കു് ഭ്രാന്തുണ്ടോ, ഇപ്പോൾ എനിക്ക് ഭ്രാന്തുണ്ടോ...? എന്റെ ശബ്ദത്തിലെ ക്രൂരതയുടെ മുന മിനുക്കി, നാടകീയശാന്തത വരുത്തിപ്പിടിച്ച മുഖഭാവത്തിനു പിന്നിലെ രൂക്ഷത പ്രസരിക്കെ മുന്നിലുള്ള കണ്ണുകളിലുന്ന അവിശ്വസനീയത, ഭയം എന്നിവ എന്നെ ഉത്തേജിപ്പിക്കും. അപ്പോൾ പിങ്ങിവീഴ്ത്തുവരുന്ന ഒരു നിമിഷത്തിൽ മുഖത്തു കാർക്കിച്ചുതുപ്പുന്ന അവജ്ഞയോടെ എനിക്കൊന്നലറാണം—എനിക്കു ഭ്രാന്താണ്, ഞാൻ ഭ്രാന്തനായിരിക്കുന്നു. അപ്പോൾ ഞാൻ കോളുകൊണ്ട കടലിലെ തിരയും നിങ്ങൾ വെറും ചെളിപിടിച്ചു കിടക്കുന്ന കക്കകളും മാത്രം.

നരയുന്ന, പോരാ, പതുങ്ങുന്ന ആഹ്ലാദമാത്രമാണിപ്പോൾ ഞാൻ. ഞാൻ എന്താണെന്നു മററുള്ളവരെ മനസ്സിലാക്കിച്ചു എന്നു മാത്രമല്ല സ്വയം കണ്ടെത്തലിന്റെ സ്വാംശീകരണം കൂടിയാണിതു്. ഭ്രാന്തുണ്ടെന്നു തന്നെത്താൻ കണ്ടെത്തുക. അതത്ര എളുപ്പമല്ലെന്ന് അഹംഭാവത്തിന്റെ നിറം എന്റെ സ്വരത്തിനുണ്ടെന്നു ധരിച്ചാലും ശരി പറയാതിരിക്കാൻ വയ്യ. എന്നാൽ സത്യത്തിൽ ഞാൻ പറയുന്നതിൽനിന്നും പുറത്തുകൊണ്ടുവരിക എന്റെ അഹംഭാവമല്ല, പരാധീനതയാണ്. തനിക്കു ഭ്രാന്തുണ്ടെന്നു പറയാൻ ഒരു ഭ്രൂണം പോലെ അതു വളന്നു പാകമാകാൻ എന്റെ മനസ്സിന്റെ ഭിത്തികൾ നൽകിയ ചൂടും കെട്ടവും വർഷങ്ങളേറെ കൊഴിച്ചിരിക്കുന്നു. എന്നിട്ട് ഒരർബുദംപോലെ ഇതെന്നിൽ സാന്ദ്ര

മായിട്ടും. മററുള്ളവർ എന്റെ നേരെ കാണിച്ച അശ്രദ്ധ എന്നെ, എന്റെ അകത്തു നിറഞ്ഞുനിന്ന ഈ ഭാവത്തിന്റെ ഊർജ്ജപ്രസരണം അനുഭവിച്ചുകൊണ്ടിരിക്കെതന്നെ ഇതിന്റെ അസ്തിത്വത്തിൽ സംശയാലുവാക്കി. ഈകഴിവുകേട്, മററുള്ളവർ പറയുമ്പോൾ വിശ്വാസം നഷ്ടപ്പെടുന്ന ഈ ദുർബ്ബലത ഒരു ശാപംപോലെ എന്നും എന്റെ ശിരസ്സിന്നുമുകളിൽ ചിറകു വിരിച്ചിന്നു. അതുകൊണ്ട് മ

ററുള്ളവരോടു തോന്നിയതിലേറെ വെറുപ്പും, നൈരാശ്യവും, സ്നേഹരാഹിത്യവും ദ്വേഷ്യവും എനിക്കെന്നോടുതന്നെയാണു തോന്നിയിട്ടുള്ളതു്, ചിലപ്പോൾ,

ഏതായാലും ഇനി എനിക്കു എന്നെത്തന്നെ ഭയപ്പെടേണ്ടതില്ല; ഒരു ചഞ്ചലിപ്പുമില്ലാതെ, ധൈര്യപൂർവ്വം ഉറക്കെ സ്വയം പറയാമല്ലോ; ഇപ്പോൾ ഞാൻ തെളിയിച്ചുകഴിഞ്ഞ സ്ഥിതിക്കു്. ഇനി എന്നെ എനിക്കു ചതിക്കാനാവില്ല. ഭൗതികമായ ഒരു സത്യത്തിനു നേരേ ഒരു ദൌർബല്യത്തിനും ഒരു കഴിവിനും കണ്ണടക്കാൻ കഴിയില്ലല്ലോ.

ഇനി, ഇനി ഞാനൊന്നു മനംകുളിർക്കെ എന്റെ അടച്ചിട്ട മുറിയുടെ സ്വച്ഛതയിലിരുന്നുകൊണ്ടു് ഭ്രാന്താണെന്ന അക്ഷീണമായ അറിവിന്റെ ആദ്യലഹരി ശരിക്കും നുണയട്ടെ. ഈ സ്വച്ഛത ഒരുപക്ഷേ, അധികനേരത്തേക്കു് എനിക്കുണ്ടായിരിക്കില്ല. ഈ നിമിഷത്തിൽ തന്നെ ചിലപ്പോൾ വാതിൽക്കൽ മുട്ടുകൾ കേട്ടേക്കും അവർ ഏതു നിമിഷത്തിലുമെത്തും. എന്റെ ശത്രുക്കൾ. താല്പര്യമില്ലായ്മയുണ്ടു്. ക്രൂരതയോടെ എന്റെ മനസ്സിന്റെ നിറം നിഷേധിച്ചവർ. ഇപ്പോൾ ഓടി പാഞ്ഞു പരിഭ്രമിച്ചെത്തുന്നു. ഹീ...ഹീ...ഞാനെങ്ങിനെ ഉറക്കെ ചിരിക്കാതിരിക്കും. ഇപ്പോൾ എന്നെ ചുഴന്നുനിൽക്കുന്ന പ്രശാന്തത തകരുമെങ്കിലും പ്രതികാരത്തിന്റെ മുന ആഞ്ഞുകുത്തിയിറക്കാൻ കിട്ടുന്ന ആ നിമിഷങ്ങൾ ആലോചിക്കുമ്പോൾ തന്നെ എന്നെ ഉൻമത്തനാക്കുന്നു. എങ്കിലും ശബ്ദത്തിലെനിക്കു വിശ്വാസമില്ല; തത്ഫലമായി നാടകീയതയുടെ മൂർച്ച വാർത്ത വാക്കുകൾ മാത്രമേ ഞാൻ സംസാരിക്കൂ. അപ്പോൾ മുന്നിലെ മുഖങ്ങൾ നനഞ്ഞ ചിതലുകളെപ്പോലെ ആകുന്നതു ഞാൻ കാണുന്നു. ബഹുവചനം വേണമെന്നില്ല. എല്ലാർക്കും കൂടി ഒരു മുഖമല്ലേയുള്ളു. ഒരുപക്ഷ, അതും ശരിയായ രൂപത്തിലില്ലാത്തവരോ.

അതു പോകട്ടെ, എനിക്കിപ്പോൾ സങ്കോചമെന്നു, ശക്തിയായി ഉറപ്പിക്കാമല്ലോ, ഭ്രാന്തെന്നിൽ പൂർണ്ണത നേടിയിരിക്കുന്നു എന്നു്, ആലോചിക്കുംതോറും സന്തോഷത്തിലാറാടിക്കുന്ന ഒരനുഭൂതി മാത്രം. ഞാനുറക്കെ ഒന്നു പറഞ്ഞു രസിക്കട്ടെ—

"എനിക്കു മുഴുഭ്രാന്താണു്" പോരാ, തുറന്നിട്ട ജനലിന്റെ അടുത്തേക്കുനിന്നു് ഒന്നുകൂടി ഉറക്കെ പറയാം.

"എനിക്കു് മുഴുഭ്രാന്താണു്...എനിക്കു് മുഴുഭ്രാന്താണു്...ഞാൻ പൂർണ്ണമായും ഭ്രാന്തനായിരിക്കുന്നു..."

എന്റെ ശബ്ദം രതിക്രിയയിലെ പോറലുകൾപോലെ ഉച്ചയുടെ സാന്ദ്രതയിൽ ആ കാണുന്ന "ആകാശക്കീറു" കളുടെ ഔന്നത്യത്തിനു മുകളിലെ ശൂന്യതയുടെ സമൃദ്ധിയിൽ പൂത്തുലഞ്ഞുതിരുന്ന വെയിലിന്റെ പ്രലോഭനീയമായ മർമ്മരം ഞാൻ കേൾക്കുന്നു. എനിക്കു ഭ്രാന്താണല്ലോ.

ഈ പൂർണ്ണതയിലേക്കുള്ള യാത്രയുടെ ആദ്യകാലടികൾ വ്യക്തമായി ചൂണ്ടിക്കാണിക്കാനാവില്ലെങ്കിലും എന്റെ ബാല്യത്തിന്റെ തലത്തിൽ തന്നെ അവയുടെ പാടുകൾ കിടപ്പുണ്ടെന്നു് തോന്നുന്നു. വടക്കേ കോലായുടെ മൂലയിൽ, പെട്ടെന്നു കിടക്കുന്ന വേലിക്കരികിലെ ഇലകളോരോർമ്മ മാത്രമായി ശേഷിച്ച മരത്തിന്റെ തടിയിൽ മരണത്തിന്റെ പ്രഭാവം വിഷാദത്തോടെ നോക്കിക്കൊണ്ടിരുന്ന കുട്ടി ഞാൻ തന്നെയായിരുന്നു. ഇതിനു പിന്നിൽ കരിമ്പന കൂട്ടങ്ങളുടെ കറുത്ത പുള്ളികൾ കാററിൽ പരിഹസിച്ചു ചിരിക്കുന്നതു്, എന്നാൽ യവ്വനത്തിന്റെ ഇളമയിൽ എത്തിയപ്പോഴാണു കേൾക്കാൻ കഴിഞ്ഞതു്. തുടർന്നു് യവ്വനത്തിന്റെ വളർന്ന തലത്തിൽ മരണരൌദ്രമായ മാസപ്രക്രിയയുടെ ഫലമെന്നോണം ഗൂഢമായൊരാവേശം എന്നിലലിഞ്ഞുചേർന്നു. വേനൽക്കാലത്തെ വിണ്ടുപൊട്ടിയ ഭൂമിയിലൂടെ കരിമ്പനകളുടെ ആശീർവ്വാദം വാങ്ങി വേശ്യകളെപ്പോലെനിന്ന സന്ധ്യകൾക്കു നേരെ നടന്നുകയറി. കന്നിന്റെ മുകളിലെ കറുത്തപാടുകളുടെ പ്രാകൃതമായ സൌഹൃദത്തിന്റെ പ്രചോദനം നേടി. ഇതട്ടിന്റെ സത്യസന്ധമായ സമൃദ്ധിയിലൂടെ തിരിച്ചുനടന്നു.

അക്കാലത്താണന്നു് ഓർമ്മിക്കുന്നു, കട്ടിയുള്ള മേഘക്കീറുകൾക്കിടയിലൂടെ ചോർന്നുവീഴുന്ന നിലാവുപോലെ ഒരു തോന്ന

മലയാളനാട് ആഴ്ചതോറും

ലേഖനം

ഈ കാലഘട്ടത്തിന്റെ ശൂന്യതയെക്കുറിച്ചോ സന്ദിഗ്ദ്ധതയെക്കുറിച്ചോ ഞാനിയാൾ, പ്രവചിക്കാൻ ഞാനല്ല. എന്നാൽ ഇതു ശൂന്യമാണെന്നു പൂർവ്വസൂരികളിൽനിന്നുതന്നെ വേണം. ചിന്ത തുടങ്ങാൻ എന്നു നിർബന്ധവും ഏതു നിമിഷത്തിലുമെന്നു യുവപ്രതിഭയുടെ സൃഷ്ടികളെ ഞാൻ സമീപിക്കുന്നതു് അവയെ മനസ്സിലാക്കാനുള്ള ഉൽക്കണ്ഠയോടെയാണു്.

എം. പി. ചിലാവതി

യുവപ്രതിഭയുടെ സൃഷ്ടികളെ വിലയിരുത്തുന്നു.

സായിബാബ

നിത്യസത്യംതന്നെ

എഴുതുന്നു

കഥ

നേതി നേതി

ഏതുതുടിച്ചു

നിച്ച ഒരു പെൺകഴുതയാണി കഥയിൽ.

വി. വിജയൻ

വൃദ്ധനും മകനും കഴുതയും

ഒരു സന്ധ്യയിൽ

അമ്പാടി

നിലാവിലൂടെ

പിരിയുന്ന പാതകൾ,

"എന്റെ ആദ്യത്തെ

നിലാവിൽ?

കവിത

നർമ്മദ

—പി. കുഞ്ഞിരാമൻനായർ

ശകുനികൾ

—നീലമ്പേരൂർ

കഷായം

ഗുരുവാൻ, സത്യസായിബാബയെ

ഭൂതകാലത്തിന്റെ

സ്വകമാറിന്റെ നർമ്മഭാഷണം

നോവലുകൾ

തകഴി, കാക്കനാടൻ,

സാറാതോമസ്.

വാക്കുകൾ

ജി.യുടെ "ഗാർമ്മയുടെ മാളങ്ങളിൽ"

"സാഹിത്യവാരഫലം."

ലന്നിലേക്കിറങ്ങി പ്രസരിച്ചു്. ദാവിയിൽ ഞാനൊരു ശ്രാന്തനായിത്തീരും. കരിമ്പനകളുടെ പൊട്ടിച്ചിരിയിലും മലയുടെ നിസ്സംഗത നിറഞ്ഞ ചൈതന്യത്തിലും, നിലാവിന്റെ ലജ്ജയുടെ മുഖംമൂടിക്ക പിന്നിലെ കാമാസക്തിയിലും, ചതിപതിയിരിക്കുന്ന സായംസന്ധ്യകളിലും കാട്ടുതേനാട്ടികൾ തൂങ്ങുന്ന മലംചെരുവിലെ ഗുഹാമുഖത്തിന്റെ പ്രലോഭനത്തിലും തുടന്നു് ഞാനി പ്രവചനം കണ്ടെത്തി, ഇതാത്താർത്ഥമാണെന്നറിഞ്ഞു് ഇതൊരാവേശമായി ഞാൻ സിരകളിൽ കുടിയിരുത്തി.

പിന്നെ എന്നോ നാഴികകളേറെതാണ്ടി ഞാനീ കാട്ടിലെത്തിചേർന്നു. അജ്ഞാതങ്ങളായ നിഗൂഢതകളിലേക്ക് ആനയിക്കുന്ന വഴികളില്ലാത്ത ഇവിടം. ഇവിടെ വഴികളെല്ലാം ഒരേ ബിന്ദുവിലേക്ക് സങ്കോചിച്ചു് ചേർന്നുകിടന്നു. ആർക്കും വഴിതെററില്ല. കനത്ത ചതുരങ്ങളിൽ പടർന്നുകിടക്കുന്ന ഈ കാട്ടു് സന്ധ്യകളിൽ നിന്നു് സംരക്ഷണം തന്നു. നിയോൺ വെളിച്ചങ്ങളുടെ തെരുവുകാമുകർ ദിവസവും രതിസുഖം കൊഴുപ്പിച്ചു് പുണരുന്നു. അങ്ങിനെ എങ്ങിനേയോ രാത്രി തീവ്രത ഞാനറിയാതെ മറന്നുപോയി. വർഷങ്ങൾ ചിലതു് അനേകം മറക്കുടകളുടെ ഉരുളൻ തലയിണകളിൽ ഒരു ഉണ്ടികവ്യാപാരി മാർവാറിയേപോലെ ചാഞ്ഞിരുന്നു് ചിരിച്ചു.

എന്നാൽ കരിക്കൽ ഒരു ചെറിയസംഭവം. വളരെ വൈകുന്നതുവരെ ഓഫീസിൽ ജോലിയുണ്ടായിരുന്ന ഒരു ദിവസമായിരുന്നു അന്നു്. ഞാൻ ഒററക്ക ഫയലുകളുടെ ഗന്ധവും കൃത്രിമമായ തണുപ്പും ഇഴയുന്ന അന്തരീക്ഷത്തിൽനിന്നു് ഫ്ളഷ്ഡോർ തുറന്നു് പുറത്തുവന്നു. ബട്ടണമത്തി ലിഫ്ടിനെ വിളിക്കുന്നു. അനുസരണത്തിന്റെ മൂർത്തീകരണമായ യന്ത്രം. ഞാനകത്തുകടന്നു് വാതിലച്ചു. "ചുവട്ടിലെ നിലയിലേക്ക്" ബട്ടണിലൂടെ ഞാൻ ആജ്ഞാപിച്ചു. അതാ കൂട്ടു് താഴുന്നു. ചില നിലകൾ എന്റെ മുന്നിലൂടെ മുകളിലോട്ടു് കയറിപ്പോയി. പെട്ടെന്നു് ഇരുട്ടും ഞെട്ടലും ഒരു തെളിൽപോലെ. ഒരു നിമിഷം വേണ്ടിവന്നു മനസ്സിലാക്കാൻ—പവർഫെയ്ലിയർ എന്നു്. ഞാൻ ചുവട്ടിലെത്തിയിരുന്നില്ല. ഏതോ രണ്ടുനിലകൾക്കിടക്ക് തൂങ്ങിനില്ക്കുന്ന യന്ത്രം. ആകെ പരിഭ്രമിക്കേണ്ട നിമിഷങ്ങളായിരുന്നു അടുത്തതു്. പക്ഷേ, പെട്ടെന്നു് ആ ഇരുട്ടിയ കറുത്ത അന്തരീക്ഷത്തിൽനിന്നു് അശരീരിപോലെ ഒരു ശബ്ദം— അധികം താമസിയാതെ നീ ശ്രാന്തനാകാൻ പോകുന്നു.....അപ്പോഴതെനിക്ക് ഞെട്ടാൻ കഴിഞ്ഞില്ല. അതിനു് മുൻപു് വെളിച്ചവും ചലനവും

ഈ സംഭവം വിയർത്തുനീറുന്ന ഒരു സോക്സ്പോലെ ഞാൻ മറക്കാനിടുന്ന മുലയിലേയ്ക്ക ചുരുട്ടിക്കൂട്ടി ഒരേറുകൊടുത്തു. ദിവസങ്ങൾ പിന്നെയും കാബറെ നൃത്തം തുടന്നുകൊണ്ടിരുന്നു. എന്നാൽ ഞാനറിയാതെതന്നെ എന്നിൽ മാററങ്ങൾ വരാൻ തുടങ്ങിയിരുന്നു. അതിലൊന്നു വൈകി, ഒററയ്ക്ക കടൽക്കരയിലെ തിരക്കില്ലാത്ത ഒരു സ്ഥലത്തുചെന്നിരിക്കുക എന്നതായിരുന്നു സ്വയം അത്ഭുതപ്പെടുകയല്ലാതെ ഈ സ്വഭാവത്തിൽനിന്നും വിട്ടുമാറാൻ എനിക്ക കഴിഞ്ഞില്ല. ദിവസങ്ങൾ കഴിയുംതോറും ഈ ഒററപ്പെട്ടിരുപ്പിന്റെ സമയദൈർഘ്യം കൂടാൻ തുടങ്ങി. ഒരു ദിവസം അതു് അവശ്വസനീയമായി വർദ്ധിച്ചെന്നു് ഓർക്കുന്നു. പുലർച്ചവരെ രാത്രിയുടെ പാദജാതങ്ങൾ വീണ വാസനിക്കുന്ന ഓരോ തിരയുടെ ശബ്ദത്തിലും ശ്രാന്തെന്ന ശബ്ദം വിങ്ങിനിന്നിരുന്നു.

കിഴക്ക വെളിച്ചത്തിന്റെ വർണം പൊട്ടുന്നതു കണ്ടതായി ഓർമ്മയുണ്ടു്. പതിനെട്ടു ദിവസം ഞാൻ ഹോസ്പിററലിൽ കിടന്നു. മരണത്തിന്റെ അതിർത്തിവരെ ഞാനെത്തിയത്രെ. പക്ഷേ, ശ്രാന്തെന്ന അനിവാര്യത എന്നെ മരണത്തിനു വിട്ടുകൊടുക്കാൻ തെയ്യാറില്ലായിരുന്നെന്നു കരുതണം.

ഹോസ്പിററൽവിട്ടു ജോലിക്ക പോകാതെ വിശ്രമിച്ച ദിവസങ്ങളിൽ വ്യക്തമായി മനസ്സിലായി തുടങ്ങിയിരുന്നു—എനിക്ക ശ്രാന്തു ശരിക്കും തുടങ്ങിയിരിക്കുന്നു.

എന്നാൽ അവിടെത്താണ്ടു കഴപ്പും തുടങ്ങുന്നതു്! കാരണം എന്നിൽ മാത്രം തുടങ്ങിയിരിക്കുന്ന ഒരു രഹസ്യമായി ഇതു് അവശേഷിച്ചു. അതെന്നെ ദുർബ്ബലനും നിരാശനുമാക്കി. ഒരുദിവസം, അറിയാതെ സ്നേഹിച്ചുപോയ പെൺകുട്ടിയോടു ചോദിച്ചു—ഈയിടെയായി എന്നിൽ ശ്രാന്തിന്റെ ലക്ഷണങ്ങൾ കാണുന്നുണ്ടോ? നേർത്തേ കണ്ടിട്ടുണ്ടു്, എന്നെ ചുംബിക്കുമ്പോൾ— അവളുറക്കെ ചിരിച്ചു. കാമുകിയോടു ചോദിക്കുന്നതു വിഡ്ഢിത്തമാണെന്നു് എനിക്ക മനസ്സിലായി. അന്ധമായി പ്രേമിക്കുമ്പോൾ രണ്ടും കാണാൻ കഴിയില്ല പിന്നെ ഞാൻ എന്റെ ചില ആത്മാർത്ഥ സുഹൃത്തുക്കളോടു്. അല്ലെങ്കിൽ അങ്ങനെ നടക്കുന്നവരോടു സത്യം പറയാൻ പറഞ്ഞു. അവർ ചോദിച്ചു— നിങ്ങളുടെ ഓഫീസിലെ ടൈപ്പിസ്ററുകളിലെ എത്ര പുരുഷന്മാർ, എത്ര സ്ത്രീകൾ? ഞാൻ എണ്ണങ്ങൾ പറഞ്ഞു. ശരിയാണല്ലോ, എന്നിട്ടാണോ നിങ്ങൾ തനിക്ക ശ്രാന്തുണ്ടെന്നു പുലമ്പുന്നതു്. കുററപ്പെടുത്തലിന്റെ സ്വരം കർക്കശമായിരുന്നു. ശ്രാന്തുണ്ടെങ്കിലെങ്ങിനെ തെററാതെ പറയാൻ കഴിയുന്നു, അവർ ചോദിച്ചു. ഒരു തരം അരക്ഷിതാബോധവും കനത്ത അസ്വസ്ഥതയും നിരാശയിൽനിന്നുണ്ടാകുന്ന കോപവും എന്നിൽ പതുക്കെ പടർന്നുപൊങ്ങാൻ തുടങ്ങി. ഇതെന്നെ മററു പലരോടും എനിക്ക ശ്രാന്തില്ലെ എന്നു് ചോദിപ്പിക്കാൻ പ്രേരിപ്പിച്ചു. എന്റെ വസ്തുത

ശ്യാമരാഗം

ശുക്ളവർണ്ണയാം രാവേ,
നീയണയുക,
സുരതാർദ്രസ്വപ്നത്തിൻ
മുകളങ്ങൾ
വിടരുമിവരുടെ മെത്തയിൽ
ഒരു വട്ടംകൂടി നീ ശയിച്ചാലും.
അസ്ഥികൾ
അണികളാക്കി ഞാൻ
ജ്വലിപ്പിക്കാം യജ്ഞപാവകൻ;
എന്റെ നെഞ്ചിൽനിന്നുയരുന്നു
ഗാന്ധർവ്വപരിണയമന്ത്രങ്ങൾ;
ഹാ! നിശീഥിനി, നിന്നെ—
യെൻ പ്രിയവധുവായി
ഞാൻ വരിക്കുന്നു;
ജീവകേതത്തിലന്യോന്യംനാം
മുഖം നോക്കുക; യാമ—
പാദനൂപുരധ്വനി
കേൾക്കുന്നു മണിയറ—
വാതിലിൻ പുറത്തായി;
ലജ്ജരുതൻ മുഖപടമുയർത്തൂ.
ഇനി നീയെൻ രജ്ജയിൽ
ഉരുകുക ഹവിസ്സായ്;
തൃഷ്ണകൾ സ്വയം നഗ്നമായിട്ടും
മുഹൂർത്തത്തിൻ
ശുദ്ധിയിലലിരമിച്ചീടുക;
വിസ്മൃതിക്കുക വ്യർത്ഥ—
വാങ്മയ ജടിലത;
സത്തയെ പകരുക
നാവിനാലധരത്താൽ;
പൂഴ്ത്തിവയ്ക്കട്ടേ, ഞാനെൻ—
പങ്കിലമുഖം, നിന്റെ—
ശ്യാമവേണിതൻ മോക്ഷ—
ദായകസുഗന്ധത്തിൽ;
ഗതിയെജ്ജയിക്കുന്ന നിർവൃതി
പൂക്കട്ടെന്റെ സൂക്ഷ്മനാപടലത്തിൽ;
ഇനിയില്ലല്ലോ, പുനർജനിതൻ
പുരാണമാം നിയമം;
പരമാണു രൂപനാമിവനെനി
ഗർഭകോശത്തിൽ
വഹിച്ചീടുക; ദയാമയയാമിനി,
വരദാനയാചന—
യിതല്ലാതെ വേറെയൊന്നുനിക്കില്ല.

കെ. വി. തമ്പി

—o—

ളിൽ അഴക്കില്ലാത്തതുകൊണ്ടു് വിട്ടുവിട്ടു കളുള്ള വഴി [illegible] ത്തുകൾ [illegible] ക്കുന്നതി ല്ലെന്നു് അവർ തീർത്തുപറഞ്ഞു. ഓഫീസ് ജോലികളിൽ [illegible] കൊണ്ടു ഞങ്ങളുടെ ബ്രാഞ്ചുമാനേജർ ശ്രാന്തനാണെന്നു് പറയാനുള്ള [illegible] വും ഞാൻ പ്രതീക്ഷിക്കുന്നില്ല. പിന്നെ കൂട്ടിച്ചേർക്കുകയും [illegible] നിയുടെ നിയമപ്രകാരം [illegible] ങ്ങളുടെ പേരിലെ [illegible] കൂടി.

കടുവിലാണു ഞാൻ മനസ്സാക്ഷിയുടെ [illegible] സമർപ്പിച്ചതു്. [illegible] കാലുകളായി സ്റ്റേറ്റ് റ്റ്സ്സിൽ ആയിരുന്നു. അതുകൊണ്ടു് ഇവ മാതൃകയിലും [illegible] പ്പോകുമെന്നു കരുതി തിരിച്ചുവന്നതാണു്. [illegible] ഞാൻ ചെന്നു. [illegible] ഗ്രികളോടുകൂടിയ [illegible] കരണങ്ങൾ [illegible] നെ നോക്കുന്നതുപോലെ [illegible] തോന്നി. [illegible] എന്നാൽ നീണ്ട ചോദ്യാവലിയുടെ [illegible] സാനവുമായി [illegible] ടെ പറഞ്ഞു: ദുഃഖിക്കണ്ട സുഹൃത്തേ, നിങ്ങളുടെ [illegible] ഉള്ളതായി [illegible] എന്റെ മുഖത്തെ നിരാശ കണ്ടായിരിക്കണം അദ്ദേഹം സമ്മതിച്ചു, ഒരുപക്ഷേ, തനിക്കു തെററുപററിയിരിക്കാമെന്നു്. എന്നിൽ തെററുപററാത്ത ഒരു യന്ത്രമുണ്ടു്. പരീക്ഷ [illegible] ആയി [illegible] ഞങ്ങൾ [illegible] ഇളക്കുന്നതു [illegible] ഏന്റെ [illegible] വന്നു. [illegible] കഴിഞ്ഞപ്പോൾ [illegible] കാദ്ദ ബ്ലഷ്ബുകൾ [illegible] അതിക്കുന്ന [illegible] ഞാനറിഞ്ഞു [illegible] ഇടയ്ക്കു [illegible] ചുണ്ടുകൾ കത്തി [illegible] ചൊന്നു. ഞാൻ കസേരയിൽനിന്നു ഇറ

ങ്ങി. എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ടു് തലയോട്ടിലുണ്ടായ [illegible] ഴിയാത്തവിധം [illegible] ക്കോമത്തിനുപോലും [illegible] ല്ല. [illegible] കഴിഞ്ഞപ്പോൾ [illegible] ഇതു ഞാ [illegible] ബട്ടണമർത്തും. [illegible] കഴിഞ്ഞാൽ മറുപുറത്തുകൂടെ ഒരു കാർഡ് പുറത്തുവരുന്നു. അതിലെഴുതിയിരിക്കും നിങ്ങൾ ശ്രാന്തനാണെങ്കിൽ ആണു്; അല്ലെങ്കിൽ [illegible]

ആകാംക്ഷനിറഞ്ഞ [illegible] പ്പ്"—ഒരു ശബ്ദം. കാർഡ് [illegible] യോടെ എടുത്തുനോക്കുന്നു. [illegible] ഗാതിരിക്കാൻ [illegible] ച്ചു. കാർഡിൽ ഇങ്ങിനെ [illegible] ന്നു—SANE.

[illegible] പോകുമ്പോൾ [illegible] ന്നു് ഉപദേശിച്ചു [illegible] ത്തിവരെ ഒന്നു [illegible] വേണ്ടതു ശ്രാന്തനല്ല [illegible] ചിച്ചുകിട്ടുകയാണു്, ഞാൻ [illegible]

അങ്ങിനെയല്ലെങ്കിൽ [illegible] മാത്രമായി ഞാൻ [illegible] ക്കി. അപ്പോഴും [illegible] ല്ല. അവഗണന [illegible] ങ്ങിയിരുന്നു,

എന്നാൽ ഇന്നു് യാദൃശ്ചികമായാണു് [illegible] സംഭവിച്ചതു് [illegible] ചെയ്ത [illegible] ഒരു സന്ദർഭം. അപ്പോൾ [illegible] ഒരു പ്രത്യേകാവേ [illegible] എനിക്കു് നിർവഹിക്കേണ്ടി [illegible] "എനിക്കു് ഉപ്പ്യാരി, ഇനി ഒ [illegible] ശ്രാന്തനെന്നു് കരുതാതിരിക്കാൻ വയ്യല്ലോ. ജേതാവിന്റെ എല്ലാ പ്രൌഢിയോടുംകൂടി ഞാനിനി ആകാശം മുട്ടെ നിൽക്കട്ടെ.

മുകളിൽനിന്നു ശബ്ദങ്ങളും കോലാഹലങ്ങളും കേൾക്കുന്നുണ്ടോ? ഉണ്ടെന്നു തോന്നുന്നു. ഒരുപക്ഷേ അവരിപ്പോൾ ഇങ്ങോട്ടു വന്നേക്കും. വരട്ടെ. ഞാൻ സന്തോഷത്തോടെ കാത്തിരിക്കുകയല്ലേ.

[illegible] ഇന്നു് [illegible] ഴിയുമിവസരത്തിൽ [illegible] ലും [illegible] ചെയ്യാതെ [illegible] ഞാൻ [illegible] ക്കുന്നു. [illegible] ചോദ്യം [illegible] ഞാൻ [illegible] ചെന്നു [illegible] ക്കുന്നു. [illegible] ഹ്ളാദാവിലേക്കു [illegible] ടുത്തു. ഞാൻ [illegible] ഇങ്ങിനെ [illegible] അവരുടെ [illegible] ഞാൻ [illegible] ക്കുന്നു. [illegible] ക്കുന്നു. [illegible] ക്കുന്നു.

ച്ചിരുന്നു. പക്ഷേ ഞാൻ കേട്ടതെന്താണ്. സത്യത്തിനുനേരെ ഇത്ര ചെറുപ്പത്തിലെ ഇവൾക്കവജ്ഞയോ, മരുന്നുപുരട്ടുമെന്ന് ആശിച്ച വിരൽ വ്രണത്തിൽ മാന്തിയപോലെ ഞാൻ അകത്തുയർന്ന ആക്രോശത്തോടെ പുളഞ്ഞുപോയി. കോപംകൊണ്ട് ഞാൻ വിറക്കുകയായിരുന്നു. അടുത്ത നിമിഷത്തിൽ ബലമുള്ള എന്റെ കൈപ്പടങ്ങൾ ആ കൊച്ചു കഴുത്തിനു ചുററും അമർത്തിക്കൊണ്ട് ഞാൻ ആ കുട്ടിക്ക് സത്യം പറയാൻ ഒരു സന്ദർഭംകൂടി കൊടുത്തു. എന്നാൽ ഭയത്തിന്റെ മൂർഖനൃത്തിലും വാശിയുള്ളപോലെ അവൾ ഞാൻ ഭ്രാന്തനാണെന്നു പറയാൻ വിസമ്മതിച്ചു. പിന്നെ താമസിച്ചില്ല, ഇല്ല. താമസിച്ചില്ല. വർഷങ്ങളായി അടക്കിനിർത്തിയ പ്രതികാരത്തിന്റെ നിരാശയുടെ രൂക്ഷത—എന്റെ വിരലുകളിൽ വേണ്ട വിധം പ്രവർത്തിച്ചു. ഞരങ്ങിഅമരുന്ന നിലവിളി, തുറിക്കുന്ന കണ്ണുകൾ, ശ്വാസം മുട്ടി വിടർന്ന വികൃതമാകുന്ന വായ, കൈകാലുകളുടെ ദുർബലത പരക്കുന്ന പിടച്ചിൽ. തുടർന്ന് മരണം പതുക്കെ, ഒരു തണുത്ത വികാരത്തോടെ ആ വെളുത്തു തുടുത്ത കൊച്ചുമുഖത്തു പരക്കുന്നതു നിർവ്യതിയോടെ ഞാൻ നോക്കിയിരുന്നു.

ഒടുവിൽ മതിയായപ്പോൾ ഞാൻ കൈ അയച്ചു ടിപ്പോയി ഒരുകിലേക്കു നീക്കിയിട്ട് ശവത്തെ കാർപ്പററിലേക്ക് എടുത്തുകിടത്തി, തല വടക്കോട്ടാക്കി. പിന്നെ വാഷ്ബേസിനടുത്തുചെന്നു മുഖവും കൈയും കഴുകി തുടച്ച്, തിരിച്ച് ജഡത്തിനടുത്തുവന്ന് ഒന്നുരണ്ടു നിമിഷങ്ങൾ നിന്ന് ബാൽക്കണിയിലേക്കു ചെന്നു, അതിനടുക്കുന്ന ഉച്ചയുടെ സൗഹൃദം മാത്രം.

മിനിററുകൾക്കുശേഷം വാതിൽ ചാരി ഞാൻ പോരുന്നു. എന്റെ മുറിക്കകത്തെ സ്വസ്ഥത, എനിക്കകത്തെ സ്വസ്ഥത—അതാ! ആരൊക്കെയോ ഇറങ്ങിവരുന്നതു കേൾക്കുന്നു. അതെ, ഷൂസുകളുടെ, ഒരുഹരിൽചെരുപ്പുകളുടെ ശബ്ദം... കുട്ടിയെ എതിരേല്ക്കാൻ!

—o—

നിങ്ങളെക്കുറിച്ചുണ്ടായിരുന്നു—അല്ല ഞാൻ ഉറപ്പിച്ചുതന്നെ പറയട്ടെ, നിങ്ങൾ തീർച്ചയായും മാർമ്മിക്കുന്നുണ്ടാവും—മനുഷ്യമഹത്വത്തിന്റെ, ത്യാഗത്തിന്റെ, സ്നേഹത്തിന്റെ മൂർത്തിമദ്ഭാവമായ ആ റിക്ഷാക്കാരനെ—"ഓടയിൽനിന്നു" എന്ന നോവലററിന്റെ ഹൃദയമായ പപ്പുവിനെ, ശരിയാണ്, നമ്മുടെ പട്ടണങ്ങളിൽ നിന്നും റിക്ഷകൾ മാഞ്ഞുമറഞ്ഞുപോയിത്തുടങ്ങി. മനുഷ്യൻ മനുഷ്യനെ അക്ഷരാർത്ഥത്തിൽ മൃഗമായി മാററുന്ന കീഴ്വഴക്കം തീരെ ഇല്ലാതാകുന്ന ദിവസം മറെറല്ലാവിധത്തിലും അടുത്തിരിക്കയാവാം. അതൊക്കെ ഭാവിക്കു വിട്ടുകൊടുക്കേണ്ട

റിക്ഷാക്കാരൻ പപ്പു എന്ന മനുഷ്യൻ

എം. ഷൺമുഖദാസ്

കാര്യങ്ങൾ. എന്തുതന്നെയാകട്ടെ, മനുഷ്യന്റെ ഭാവി—അത്യന്തവിദഗ്ദ്ധസൗകര്യയുഗങ്ങളുടെപോലുംമേലുള്ള ആധിപത്യലോകട്ടെ, ഇന്നേവരെയാർജ്ജിച്ച സമസ്തനാഗരികതയുടേയും മനുഷ്യവർഗ്ഗത്തിന്റെ തന്നേയും സർവ്വപ്രണാശമാകട്ടെ: ദേവഭാവത്തിലേക്കും, അതിനുമപ്പുറത്തേക്കും ഉയരാൻ മനുഷ്യനു ദേവന്മാരുടെ സഹായം കൂടാതെതന്നെ കഴിയുമെന്ന് അപൂർവ്വം ചില മനുഷ്യർ തെളിയിച്ചിട്ടുള്ളതു് എന്നും കാലത്തിന്റെ ഓർമ്മയിൽ നിലനിൽക്കും.

ഭാവനാസന്തതിനെങ്കിൽ ധാരാളമായുള്ള കേശവദേവിന്റെ മറെറാരു ഭാവനാസന്താനമല്ല പപ്പു. പത്മനാഭപിള്ള കേശവപിള്ള, കേശവദേവായി രൂപാന്തരപ്പെടുകയും നാമാന്തരപ്പെടുകയും ചെയ്തു് വർഷങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ തലസ്ഥാനജാവാസികളിൽനിന്നു്. മുഴുവനുമദ്ദേഹത്തിന്റെ ഇച്ഛകൊണ്ടുതന്നെ പറയാൻ പാടില്ലെന്ന വിധത്തിൽ, പപ്പുവെന്നൊരു "സ്വയംഭൂ"വുണ്ടായി.

പപ്പുവും കേശവദേവും വ്യത്യസ്തരല്ലെന്നതാണ് മറെറാരു രഹസ്യം. (ഞാനിവിടെ ഉദ്ദേശിക്കുന്നതു കേശവദേവിന്റെ പുറംതോടിനെയല്ല) കാരണം, കേശവദേവിന്റെ അന്തർമാനികളും അപരാജിതരുമായ ആത്മജന്മാരിൽ മറെറാരാളും പപ്പുവിന്റെ ഒരു നാലിലൊന്നുപോലും മാനവമാഹാത്മ്യനിദർശനങ്ങളുമല്ല. "അയല്ക്കാർ" തുടങ്ങിയ ബൃഹത്തും മഹത്തുമായ പിൽക്കാലകൃതികളിലൊന്നിലുമില്ലതന്നെ, ഈ കൊച്ചു കൃതിയിൽ, അഗസ്ത്യകലശത്തിൽ സപ്തസമുദ്രങ്ങളുന്നപോലെ, ഒതുങ്ങിനില്ക്കുന്ന സത്യാന്വേഷണവും ജീവിതപ്രേമവും, സ്വാർത്ഥനിഷേധവും.

മനുഷ്യന്റെ സ്വാതന്ത്ര്യത്തിനുമേൽ കൺട്രോളുകൾ ഒന്നിനൊന്നായി ചുമത്തിക്കൊണ്ട് അവന്റെ ജീവിതം ദുരിതമയമാക്കുന്ന എല്ലാ ശക്തികളോടും പപ്പുവിനു സന്ധിയില്ലാത്ത സമരം ചെയ്യേണ്ടിവരുന്നു. പിതാവ്, ജന്മി, സ്കൂൾമാസ്ററർ—ഇവരെല്ലാം അവനെ തെററിദ്ധരിക്കുന്നവരും അവനെ പീഡിപ്പിക്കുന്നവരുമാണ്. അവനിലുള്ള ഉദാത്തഭാവങ്ങളെ ചവിട്ടിമെതിക്കുന്നാണ് അവരുടെ സംഘടിതശ്രമം. ഈ സംഘടിത പൈശാചികതയുടെ മുമ്പിൽ, അകളങ്കമായ മാതൃസ്നേഹംപോലും നിസ്സഹായമായിത്തീരുന്നു കൗമാരത്തിൽതന്നെ അവൻ ജനിച്ച ഗ്രാമംവിട്ടു വരേണ്ടിവരുന്നു. പിന്നീടവൻ അവിടെ കാല്കുത്തിയിട്ടില്ല. തന്നെ നിഷേധിച്ച ഗ്രാമത്തിൽനിന്ന് എന്നേക്കുമായകന്ന്, അവൻ ഒരു പട്ടണജീവിയായിത്തീരുന്നു. സ്വന്തമായൊരു റിക്ഷായുടെ ഉടമസ്ഥനായിക്കഴിഞ്ഞു് ഏറെത്താമസിയാതെ [ഈ റിക്ഷാപപ്പുവിന്റെ ദൈനന്ദിന സമ്പാദ്യബാക്കി അവനുവേണ്ടി സൂക്ഷിച്ചുപോന്ന ഒരു സുഹൃത്തായ ചായക്കടക്കാരൻ ആ സമ്പാദ്യമെല്ലാം ചേർത്ത് അവനു വാങ്ങിക്കൊടുക്കുന്നതാണ്"] അവന്റെ ജീവിതത്തിലെ ഏററവും മധുരോദാരമായ സംഭവം സംഭവിക്കുന്നു. ലക്ഷ്മി എന്ന ബാലിക ജീവിതത്തിലേക്കു കടന്നുവരുന്നതാണ് ഈ സംഭവം. മനുഷ്യജീവിതത്തിലെ വിലപ്പെട്ട എല്ലാ അനുഭവങ്ങളേയുംപോലെ, പ്രത്യക്ഷത്തിൽ ഒരസുഖാനുഭവമായാണ് ഈ ദിവ്യസ്നേഹ വത്സലബന്ധത്തിന്റെ സമാരംഭം. തൽസമയത്തു റിക്ഷായിലിരിക്കുന്ന യാത്രക്കാരന്റെ ധൃതികൂട്ടൽ കാരണം, അശ്രദ്ധയെന്തെന്ന് അറിഞ്ഞിട്ടില്ലാത്ത പപ്പുവിനുപോലും അശ്രദ്ധ പററിപ്പോകുന്നു. അവന്റെ റിക്ഷാ "ആരുടെയോ" മേൽ ആഞ്ഞുമുട്ടി. ആക്സിഡന്റ് സംഭവിച്ചുകഴിഞ്ഞു!

"ഒരു പെൺകുട്ടി ഓടയിൽ മലർന്നടിച്ചു കിടക്കുന്നു! അയാൾ പെട്ടെന്നു കുട്ടിയെ വാരിയെടുത്തു. പെൺകുട്ടി ചുററും പകച്ചുനോക്കി: "എന്റെ—എന്റെ അരിയെല്ലാം പോയി."

അരപ്പട്ടിണിക്കാരിയായ ആ കൊച്ചു പെൺകുട്ടി, ദിവസങ്ങൾക്കുള്ളിൽ, പപ്പുവിന്റെ ജീവിതാകാശത്തിലെ സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാമായിത്തീരുന്നു. അവൾക്കാണെങ്കിൽ പിന്നീടൊരിക്കലും അരിക്കുവേണ്ടി വിഷമിക്കേണ്ടിവരുന്നില്ല. കഥയവസാനിക്കുമ്പോൾ, അകാലവൃദ്ധനായ പപ്പുവിന്റെ, ക്ഷയരോഗ

> "സ്നേഹം—അതേ, സ്നേഹമാണ് നക്ഷത്രങ്ങളെ ചലിപ്പിക്കുന്നതു—" ദാന്തേയുടെ 'ദിവിനകൊമേദിയ'യിലെ ഈ വരി, സമകാലികമലയാളസാഹിത്യത്തിലെ ഏററവും വലിയ കഥാപാത്രത്തിന്റെ ജീവിതകഥയുടെ ഏററവും തൃപ്തികരമായ ഒററവാചകവിലയിരുത്തലാവിക്കൂടേ? അല്ലെങ്കിൽ, എല്ലാ വിലയിരുത്തലുകൾക്കുമപ്പുറത്തുള്ള ഒരെത്തുതമല്ലെ ആ ജീവിതം?

[illegible] ഉപ്പുന്ന പപ്പുവിന്റെ, [illegible] കുട്ടികൾക്കു [illegible] യുവതിയും [illegible] ലക്ഷ്മിക്കു, [illegible] അവളുടെ [illegible] ഇന്നു [illegible] അവളുടെ [illegible] ഒരു [illegible] അമ്മാമൻ [illegible] ഉള്ള [illegible] ശല്യപ്പെടുത്തുകതന്നെയുച്ചു, [illegible] ചോദ്യകയാണ്.

പപ്പുവിന്റെ ഹൃദയത്തിൽനിന്നുതിന്നു [illegible] ചുമ്മുന്നുതിൽ ലയിച്ചിരിക്കുന്ന എന്നാൽ പപ്പുവിന്റെ സ്നേഹമയമായ ജീവിതഗാഥയുടെ വിളിപ്പാടകലത്തു വരാൻ പോലും ശ്രദ്ധയർഹിക്കപ്പെടുകയില്ല. പപ്പു മണത്തിലും ധീരനാണ്, കൃതകൃത്യനാണ്. പപ്പുവിന്റെ കഥ ഒരു സ്നേഹദുർബലന്റെ കഥയല്ല. ഒരു സ്നേഹവീരന്റെ വീരേതിഹാസമാണത്. [illegible] കരുണരസമല്ല [illegible] പപ്പുവിന്റെ ജീവിതാന്ത്യത്തിൽ മുന്നിട്ടു നില്ക്കുന്നതു; വീരവാത്സല്യമാണ്. കരുണഭാവം തളർത്തുന്നതു ലക്ഷ്മിയെയാണ്. [illegible] കലകൾക്കെട്ടു [illegible] മന്ത്രജാലവുമൊന്നുമല്ല; മനുഷ്യക്കുഞ്ഞുങ്ങളെത്തന്നെ മുസ്ലിമാക്കാനുള്ള ഉപാധിയാണത്. "കാടയിൽനിന്ന്" എന്ന ചെറിയ കഥാപുസ്തകം; വലിയൊരു കല്യശില്പമാണെന്നു പറയുന്നതു് ഈ അർത്ഥത്തിലാണ്. ജീവിതത്തിന്റെ അപൂർണ്ണതകൾക്കും; വൃത്തികേടുകൾക്കും; വൈരുദ്ധ്യങ്ങൾക്കും; ആമിതപ്രാധാന്യം നല്കാനോ, അവയെ കണ്ണടച്ചിരിക്കാനോ "കാടയിൽനിന്ന്"ന്റെ ചെയിതാവു ശ്രമിച്ചില്ല. ഇതിൽ പ്രകടമായ സാമൂഹികവിമർശനമോ, ആശയപ്രചാരണമോ ഒന്നുമില്ല. ഉള്ളതു സർവ്വസ്നേഹവും സർവ്വസ്വത്യാഗവും ആയ ജീവിതസ്വരമാത്രമാണ്. ശ്രീക്ഷാക്കാരൻ പപ്പുവിനെ ആർഷഭാരതസ്വകലാചിത്രകാരമോ, ബൂർഷ്വാസകലാചിത്രകാരമോ, തൊഴിലാളിവർഗ്ഗദർശനചിത്രകാരനോ പോലുമോ, മാതൃകാപുരുഷനാക്കാൻ ശ്രീ. കേശവദേവ് ആഗ്രഹിച്ചില്ല. പപ്പു അതിമനുഷ്യന്മാരെ അറിയാനിഷ്ടമില്ലാത്ത അത്യന്താധുനിക മനുഷ്യസ്ത്രീയുടെ മകനോടാഭിമുഖ്യമുള്ളതാണ്. ജീവിതത്തിലെ ദുഃഖലക്ഷണങ്ങൾ അയാളറിഞ്ഞിട്ടുണ്ട്. ദൈനന്ദിനജീവിതത്തിന്റെ ദുസ്സഹവുമാണ് അയാൾക്കറിയാം. അതിനു ധീരതയോടെ പ്രതികരിക്കുന്ന കല്യാണി (ലക്ഷ്മിയുടെ അമ്മ)യുടെ മോഹനവലയിത്തൽപ്പോലുമയാൾ ചെന്നുണ്ടു. കല്യാണിയുടെ മനസ്സു ശുദ്ധമുള്ളതാണെന്നു പപ്പു പിന്നീടു മനസ്സിലാക്കുന്നുണ്ട്. പക്ഷേ, അതുകൊണ്ടു ആ സ്നേഹഗംഭീരനെ തകർക്കുന്നില്ല. ലക്ഷ്മിയോടുള്ള അകളങ്കസ്നേഹം അയാളെ സംതൃപ്തനാക്കുന്നു. അതൊന്നു മതി അയാളെ സർവ്വഥാ ചരിതാർത്ഥനാക്കാൻ. "സ്നേഹം അതേ, സ്നേഹമാണു നക്ഷത്രങ്ങളെ ചലിപ്പിക്കുന്നതു" — ദാന്തെയുടെ 'ദിവ്യസല്കാരമേന്തു'യിലെ ഈ വരി, സമകാലീന മലയാളസാഹിത്യത്തിലെ ഏററവും വലിയ കഥാപാത്രത്തിന്റെ ജീവിതകഥയുടെ ഏറ്റവും തൃപ്തികരമായ ഒററ വാചകവിലയിരുത്തലായിട്ടുള്ളതേ? അല്ലെങ്കിൽ, എല്ലാ വിലയിരുത്തലുകൾക്കുമപ്പുറത്തുള്ള ഒരുതുരുത്തല്ലേ "ആ ജീവിതം?"

—•—

ആരോഗ്യവും ശോഭയുമുള്ള വെളുത്ത പല്ലുകൾക്ക് ഹിനിക്സ് ആനമാർക്ക് പൗഡർ ഉപയോഗിക്കുക.



Mfd by:
PHOENIX PRODUCTS,
COCHIN-24.

സ്റ്റോക്കിസ്റ്റുകളുടെയും ഏജൻറന്മാരുടെയും ആവശ്യമുണ്ട്.

മലയാളനാട്

വാർഷികവിശേഷാൽപ്രതി 1973

മലയാളസാഹിത്യത്തിലെ എല്ലാ പ്രതിഭകളും ഒന്നിച്ചണിനിരക്കുന്നു

കഥകൾ, ലേഖനങ്ങൾ, കവിതകൾ,
ലഘുനോവൽ, കാർട്ടൂണുകൾ, നാടകം...

പേജ് 300 വില 5 ക.

പരസ്യങ്ങൾക്ക് ഏററവും ശക്തമായ മാദ്ധ്യമം

നോവൽ—അഞ്ചു്

സാറാതോമസ്

ണ്ടാഴ്ചകൾ കഴിഞ്ഞു്. ഒരു സന്ധ്യയാണു്. ഓഫീസ് ബോയ് നളിനിക്കു് ഒരു വിസിറ്റർ ഉണ്ടെന്നു് പറഞ്ഞു വിളിച്ചപ്പോൾ അതു രമേശായിരിക്കും എന്നു ഓർത്തതേയില്ല. പലപ്പോഴും രമേശ്നെക്കുറിച്ചുള്ള ചിന്തകൾ മനസ്സിൽ കടന്നുകൂടാറുണ്ടായിരുന്നു. എങ്കിലും കണ്ടപ്പോൾ ഒരു നിമിഷം നോക്കിനിന്നു പോയി. ആശുപത്രിയിൽവെച്ചു കണ്ട രമേശേയല്ല. ആരുടേയും ശ്രദ്ധയെ പിടിച്ചുനിർത്താൻ പോന്ന ആ സുന്ദരവദനത്തിൽ ഒരു നവോന്മേഷത്തിന്റെ പ്രസരിപ്പുണ്ടായിരുന്നു.

"ഞാൻ ഒരു നന്ദിയില്ലാത്തവനാണെന്നു് നളിനി കരുതിയിട്ടുണ്ടാവും! ആശുപത്രി വിട്ടു് രണ്ടാഴ്ച കഴിഞ്ഞിട്ടുപോലും ഒന്നുവന്നു് നന്ദിപറയാൻ കൂടി കൂട്ടാക്കിയില്ലല്ലോ—ഇല്ലെ."

"ഓ ഞാൻ അത്തരത്തിൽ ഒന്നും ഓർത്തില്ല."

പെട്ടെന്നു് അങ്ങിനെ പറഞ്ഞുപോയി,

"പ്രത്യേകത്തിലെങ്കിലും ഓർത്തോ നളിനിയെന്നെപ്പററി?"

തീരെ പ്രതീക്ഷിച്ചതല്ല ആ ചോദ്യം! നളിനിയുടെ മുഖം കുനിഞ്ഞുപോയി—നാവനങ്ങിയില്ല. പക്ഷേ. പെട്ടെന്നുതന്നെ സ്വതസ്സിദ്ധഭാവം കൈവരുത്തി. ഒരു ഡോക്ടറായ താൻ പതിനാറുവയസ്സുകാരിയെപ്പോലെ പെരുമാറിയാൽ—അതും കുട്ടിക്കാലം മുതൽ പരിചയമുള്ള രമേശിന്റെ മുൻപിൽ! "നളിന! വാസ്തവത്തിൽ ഈ കുട്ടിക്കാഴ്ചയ്ക്കുവേണ്ടി- കഴിഞ്ഞ രണ്ടാഴ്ചകളായി ഞാൻ തയ്യാറെടുക്കുകയായിരുന്നു—ഒന്നാമതായി എനിക്കു് എന്റെ മനസ്സിന്റെ നിലതന്നെ വ്യക്തമായി കാണേണ്ടയിരുന്നു—" രമേശ് ഇനി എന്താണു് പറഞ്ഞുതുടങ്ങാൻ പോകുന്നതെന്നു അമ്പരപ്പോടെ നളിനി മുഖമുയർത്തി നോക്കിയപ്പോൾ രമേശന്റെ മുഖം വിവർണ്ണമായി. പെട്ടെന്നു നിർത്തി—മനസ്സിനെ ഒന്നു നിയന്ത്രിക്കാനെന്നപോലെ. പിന്നെ ജാള്യത മറയ്ക്കാനായി വരുത്തിയ ഒരു പുഞ്ചിരിയോടെ പറഞ്ഞു.

"ആ, നളിനിയെ ഒരു സന്തോഷവാർത്ത അറിയിക്കാനാണു് ഇപ്പോൾതന്നെ വന്നതു്. എനിക്കു് പി, എച്ച്. ഡി തരാൻ നിശ്ചയിച്ചിരിക്കുന്നതായി ഇന്നു കമ്പി വന്നു. ഇത്തവണ എനിക്കു മാത്രമേയുള്ളു. അഞ്ചുപേർ തീസിസ് സബ്മിററു് ചെയ്തതാണു്. ഒരാൾ പ്രഫസറിന്റെ മെവ്യവും!"

"രമേശിനു് എന്റെ ഹാർട്ടി കൺഗ്രാററുലേഷൻസ്! എന്നിട്ടു എന്തൊക്കെയാണു കാട്ടിക്കൂട്ടിയതു്. പാവം അമ്മയെ വെറുതെ എത്ര ആധിപിടിപ്പിച്ചു!" നളിനിയ്ക്കു് പറയാതിരിക്കാൻ കഴിഞ്ഞില്ല, ഒരു കണക്കിനു് ആ അമ്മയുടെ പരിതാപകരമായ അവസ്ഥയല്ലെ നളിനിയെ രമേശിന്റെ മുറിയിലേയ്ക്കു് കൂടുതൽ വലിച്ചടുപ്പിച്ചതു്!

"അമ്മയെ മാത്രമല്ല—നളിനിയേയും വല്ലാതെ ബുദ്ധിമുട്ടിച്ചു. ഞാൻ തെററുകാരൻതന്നെ എന്നു് പശ്ചാത്താപത്തോടെ സമ്മതിക്കുകയാണു്."

"ഞാൻ കുററപ്പെടുത്തി പറഞ്ഞതല്ല. എനിക്കതിനു കാര്യമില്ലല്ലോ—"

താൻ മുൻപേ പറഞ്ഞതു് കുറച്ചു് അതിരുകടന്നില്ലേ എന്നു് നളിനിയ്ക്കു് തോന്നി.

"നളിനിക്കു കാര്യമില്ല എന്നു പറയരുതു്—എന്നാലും നളിനി സ്വാതന്ത്ര്യത്തോടെ പെരുമാറുന്നതാണു് ഞാനിഷ്ടപ്പെടുന്നതു്. ഒരുപക്ഷേ, കുട്ടിക്കാലത്തെപ്പോലെ ഹൃദയ തുറന്നു നളിനിയോടു പെരുമാറാനുള്ള അവസരം പിന്നെയുണ്ടായിരുന്നു എങ്കിൽ—എങ്കിൽ ഞാൻ ഒരു വ്യത്യസ്തമനുഷ്യനായിരുന്നേനേ! ഇത്തരം നിരാശാദുഃഖം ഒരിക്കലും പിടികൂടുമായിരുന്നില്ല എന്നു് ഇപ്പോൾ തോന്നിപ്പോകുന്നു—നോക്കൂ, ഞാൻ മനസ്സിൽ ഉള്ളതു പറഞ്ഞുപോയതാണു്— പരിഭവിക്കരുതേ! ആ, അതൊക്കെ പോകട്ടെ! ഞാൻ വന്നതു് നളിനയെ ഒരു ചെറിയ പാർട്ടിക്കു

ക്ഷണിക്കാനാണു്—"താജി"ൽവെച്ചു്! എന്റെ സക്സസ്സ് ഒന്നു സെലിബ്രററു ചെയ്യണേ!"

"തീർച്ചായും—പക്ഷേ, എന്നെ ഒഴിവാക്കുകയാണു നല്ലതു് രമേശ്. രമേശിന്റെ ഫ്രൻസിന്റെ ഒക്കെ മുൻപിൽ ഒരു രൂപ കെട്ടിയായി—അല്ലെങ്കിലും ഇന്നു രാജി എനിക്കു് എയ്ററു-ററു. എയ്ററു തെററ്ഡ്യൂട്ടിയാണു്."

രമേശൻ നിശബ്ദമായി ചിരിച്ചു.

"നളിനി! എനിക്കു് ഇവിടെ മറേറതു കൂട്ടുകാരാണു്—അല്ലെങ്കിലും നളിനിക്കു പരിചയമുള്ള ആ രമേശ്തന്നെയാണു് ഞാനിപ്പോഴും. ഒന്നിൽകൂടുതൽ കൂട്ടുകാരുടെ കമ്പനി നിരസിക്കാനുള്ള കഴിവു് കുറവാണു! നമ്മൾ രണ്ടുപേരുമാത്രം! നോക്കൂ മണി നാലുകഴിഞ്ഞു. എട്ടിനുമുൻപു് തിരിച്ചെത്തേണ്ടതല്ലെ— വേഗം ഡ്രസ്സുമാറിവരൂ!"

"അയ്യോ വേണ്ട രമേശ! രമേശിന്റെ കൂടെ തനിച്ചു്—!"

രമേശിന്റെ മുഖം മങ്ങി.

"നളിനിക്കു് എന്നെ വിശ്വാസമില്ല!"

"എന്താണങ്ങിനെ ചോദിക്കുന്നതു്— ഇന്നും ഇന്നലെയുമുള്ള പരിചയമല്ലല്ലോ—"

"പിന്നെ, പിന്നെ നളിനി എന്നെ നിരാശപ്പെടുത്തരുതു്. ഞാൻ എത്ര പ്രതീക്ഷയോടെയാണു് ഈ ദിവസം കാത്തിരുന്നതെന്നു് നളിനി മനസ്സിലാക്കിയിരുന്നെ

കിൽ—എന്റെ വിജയപ്രത്ത അത്രയെപ്പോലും അറിയിക്കുന്നതിനുമുൻപ് ഞാൻ ഇവിടെ എത്തി—"

രമേശന്റെ ആത്മാർത്ഥതയുടെ മുൻപിൽ ഒരു തീരുമാനമെടുക്കാനാവാതെ വിമ്മിഷ്ടപ്പെടുന്ന നളിനിയുടെ മുഖഭാവം കണ്ടിട്ടാവണം രമേശിന്റെ ഭാവം മാറി. പശ്ചാത്താപത്തോടെ പറഞ്ഞു:

"വേണ്ട നളിനി! ഞാൻ നിർബന്ധിക്കുന്നില്ല—എന്റെ സ്വാർത്ഥതയുടെ കൂട്ടത്തിൽകൊണ്ടു നളിനിയുടെ വിഷമങ്ങളെപ്പററി ഒട്ടുതന്നെ ഓർക്കാൻകഴിഞ്ഞില്ല."

രമേശ് പോകാനായി എണീററുകഴിഞ്ഞു.

"നിൽക്കൂ—രമേശ്—ഞാൻ വരാം."

താനാണോ ആ പറഞ്ഞതു്? പറഞ്ഞുകഴിഞ്ഞു് നളിനി നാക്കു കടിച്ചുപോയി.

"നളിനി!" രമേശന്റെ മുഖം തെളിഞ്ഞു വികസിച്ചു. പിന്നെ ഒരു നിമിഷം കൂടെ ആ മുഖത്തു നോക്കിനിൽക്കാനാവാതെ മുറിയിലേയ്ക്കു് ഓടിയപ്പോൾ നളിനി അതിശയിച്ചു. എന്തുകൊണ്ടാണു് തന്റെ നാവു് അങ്ങിനെ ബുദ്ധിശൂന്യമായ വീണുവിചാരമില്ലാത്ത ഒരു തീരുമാനം പ്രഖ്യാപിച്ചതു്! എന്തോ മനസ്സിനുത്തരമുട്ടി നിന്നതേയുള്ളു.

സാരി മാറുന്ന തിടുക്കത്തിൽ സീത വന്നതറിഞ്ഞില്ല.

"നളിനി എങ്ങോട്ടാ?"

"സിററിയിലേക്കു്!"

തിളങ്ങുന്ന ചർമ്മസംരക്ഷണത്തിനും, ലളിതമായ എല്ലാ ചർമ്മരോഗങ്ങൾ തടയുവാനും ഏററവും ഉത്തമമായതു്!

ബംഗാൾ കെമിക്കൽസിന്റെ

സൾഫർ സോപ്പ്

കോസ്മെററിക് ഡിവിഷൻ

ബംഗാൾ കെമിക്കൽ
കൽക്കട്ട, ബോംബെ,
കാൺപൂർ, ഡൽഹി, മദ്രാസ്

"തന്നിച്ചോ?"

"അല്ല!"

"രമേശിന്റെകൂടെയാണോ ആരെ വിസിറേറർസ്റൂമിൽ കണ്ടു."

പെട്ടെന്നു നളിനി തിരിഞ്ഞു സീതയുടെ മുഖത്തേക്കു നോക്കി.

സീത കസ്തൂരിച്ചിരിയോടെ പറഞ്ഞു:

"ഉം, ആയിക്കോളൂ—മററു ബോയിസിനോടുള്ള നിന്റെ ഈ നിസംഗഭാവത്തിന്റെ കാരണം ഇപ്പോൾ മനസ്സിലായി."

സാധാരണ സീതയുടെ കളിയാക്കലുകളിൽ ദേഷ്യം വരാറില്ല. പക്ഷേ, അപ്പോൾ ശുണ്ഠി വരികതന്നെചെയ്തു.

"നീ എന്താണു പറഞ്ഞുവരുന്നതു്—എനിക്കു രമേശിനോടു് എന്തോ....." പെട്ടെന്നു നിർത്തി.

പിന്നെ ഗൗരവത്തിൽ തുടർന്നു.

"ഉം, ആണെന്നുതന്നെ വെച്ചോളൂ."

പെട്ടെന്നു സീത അടുത്തെത്തി തോളുകൾ രണ്ടുംകൂടി പിടിച്ചു് അവളുടെ നേക്കു തിരിച്ചിട്ടു ചോദിച്ചു

"നളിനി എന്നോടുപിണങ്ങിയാണോ?"

അവളുടെ സൗഹൃദംനിറഞ്ഞ മുഖത്തു നോക്കിയപ്പോൾ ദേഷ്യം ഒക്കെ എങ്ങോട്ടോ ചോർന്നൊലിച്ചു.

"എന്തു പറയാനാണു സീതേ? രമേശിനു് ഡോക്ടറേററ് കിട്ടിയിരിക്കുന്നു. എന്നെ ഒന്നു സല്ലരിക്കണമെന്നു വലിയ നിർബന്ധം— ഞാൻ അതിനു വഴങ്ങി. എന്നു മാത്രം. ചെല്ലാമെന്നു പറഞ്ഞപ്പോൾ തുടങ്ങി വേണ്ടിയിരുന്നില്ല എന്നു തോന്നുകയാണു്."

"എന്തിനു്? ചക്കാത്തിൽ കിട്ടുന്ന ഒരു ഡിന്നർ ആരെങ്കിലും വെറുതെ വിട്ടുമോ—അല്ലെങ്കിലും ഇന്നു പെള്ളിയാഴ്ചയല്ലേ—മെസ്സിൽ ഉണക്കച്ചപ്പാത്തിയുടെ ദിവസമാണു്."

ടാക്സി പേട്ടയിൽ എത്തിയപ്പോൾ രമേശ് പറഞ്ഞു.

"നളിനി! ഈ അഞ്ചുമണി സമയത്തു ഹോട്ടലിൽ ചെന്നുകയറണ്ട—ആഫീസ് വിട്ടുതുന്ന ആളുകളുടെ തിരക്കായിരിക്കും. നമുക്കു കുറച്ചുസമയം ബീച്ചിൽ സ്പെൻഡ് ചെയ്തിട്ടു പോകാം. കുറച്ചു വിശപ്പൊക്കെ വന്നോട്ടെ—" അവൾ ഒന്നും മിണ്ടിയില്ല. ബീച്ചിൽ ചെന്നിരിക്കാനുള്ള സമയമായില്ലെങ്കിലും ആഫീസ്വിട്ട പുറത്തിറങ്ങുന്ന ആളുകളുടെ തിരക്കിൽപെട്ടു് അതിനേക്കാൾ നല്ലതു് രമേശിന്റെ പുതിയ സജഷനാണെന്നു തോന്നി.

സൂര്യൻ പടിഞ്ഞാറുഭാഗത്തേയ്ക്കു ചാഞ്ഞുതുടങ്ങിയതേയുള്ളു. വെയിലിനു് അപ്പോഴും ചൂടുണ്ടായിരുന്നു. കടൽ കാണാനെത്തിയ ഒരു തമിഴ്നാട്ടു റൂറൽ സ്ററ് ബസ്സിലെ ആൾക്കാർ കഴിച്ചാൽ കടൽപ്പുറം വിജനംതന്നെ! കരയ്ക്കുകയററിവെച്ചിരുന്ന ഒരു വള്ളത്തിന്റെ തണൽപററി അവർ ഇരുന്നു.

രമേശ് പതിവിലേറെ വാചാലനായിരുന്നു.

"നളിനി, ഇനിയിപ്പോൾ ഒരു ഡിസൻറുജോബിന്റെ കാര്യത്തിൽ പ്രശ്നങ്ങൾ ഒന്നും ഇല്ല. നമ്മുടെ മഹാത്മാഗാന്ധികോളേജിൽതന്നെ ഒരു ജോലി തരാൻ അവർ ഒരുക്കമാണു്—അതു് അങ്ങോട്ടു രൂപ കൊടുത്തു് എല്ലാവരും ജോലി വാങ്ങുന്ന ഈ കാലത്തു്! വാസ്തവത്തിൽ പി. എച്ച്. ഡി. എടുക്കാൻ സാധിച്ചിരുന്നെങ്കിൽ എന്റെ അവസ്ഥ! മൂന്നുകൊല്ലത്തെ തീവ്രമായ പരിശ്രമത്തിനു ഫലമില്ലാതെ പോയതിൽ—ഒരു ക്രൈൽക്കുടി അത്രതന്നെ ഒരു സംഭവം എനിക്കു സാധ്യമല്ലതന്നെ! തീസിസ് സബ്മിററ് ചെയ്തപ്പോഴും ഞാൻ കുറച്ചു ഹോപ്പ്ഫുൾ ആയിരുന്നു—എല്ലാം കഴിഞ്ഞു് ഇത്രവണ പ്രഫസറിന്റെ നെഗ്ലിജിനു മാത്രമേ കൊടുക്കുന്നുള്ളു എന്നുള്ള റൂമർകൂടി കേട്ടപ്പോൾ! നളിനിക്കു് എന്റെ നൈരാശ്യം ഊഹിക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നു—നാട്ടിൽ എത്തിയപ്പോൾ വിഷമങ്ങൾ പറയാൻകൂടി ഒരാളില്ലാതെ പോയി. അമ്മയോടു് എങ്ങനെയാണു പറയുക. ഞാൻ എന്റെ പ്രവൃത്തിയെ ന്യായീകരിക്കുകയല്ല. അവരുടെ വെച്ചു പഠിച്ചു തലയ്ക്കു ചൂടുപിടിച്ചു് ഉറക്കംവരാതെ കിടക്കുമ്പോൾ ചലപ്പോൾ സ്ലീപ്പിംഗ്പിൽസ് എടുക്കാറുണ്ടായിരുന്നു. എന്തോ അന്നു തനിച്ചിരുന്നു ചിന്തിച്ചു ചിന്തിച്ചു താങ്ങാനാവാത്ത ഒരു ഡിപ്രസീവ് സ്ററേററിൽ എത്തിച്ചേർന്നു. ഒരുപക്ഷേ, നളിനിയെ ഇപ്പോലെ ഒന്നു കാണാൻ സാധിച്ചിരുന്നു എങ്കിൽ—മനസ്സുതുന്ന സംസാരിക്കാൻ അവസരം ലഭിച്ചിരുന്നുവെങ്കിൽ—എങ്കിൽ ഞാൻ ഇ

ത്രയേറെ പതറിപ്പോകുമായിരുന്നില്ല—എന്ന് എനിക്ക് ഇന്നു നിശ്ചയമുണ്ട്."

നളിനി എന്നെ ഞാനായി മനസ്സിലാക്കുമെന്ന് ആശിക്കുകയാണ്.

നളിനിക്ക് ആകെ ശ്വാസംമുട്ടുന്നതു പോലെ തോന്നി?—രമേശ് എന്തൊക്കെയാണു പറഞ്ഞുവരുന്നതു്—രമേശിന്റെ നിരാശബോധം തന്നോടു ഹൃദയംതുറന്നു സംസാരിച്ചാൽ എങ്ങിനെ തീരുമെന്നാണ്? മററാരാൾക്കു സമാധാനം പകർന്നുകൊടുക്കാനുള്ള മാനസികവിജ്ഞാനമോ വാചാലതയോ ഒന്നും തനിക്കില്ല. രമേശ് തന്നിൽനിന്നു ഇത്തരത്തിലൊക്കെ പ്രതീക്ഷിക്കുന്നതു്? മാനം രക്ഷിക്കാനെ കഴിഞ്ഞുള്ളു.

"നളിനി എന്നെ മനസ്സിലാക്കാൻ ശ്രമിക്കയെങ്കിലും ചെയ്യുമോ?"

അതൊരു അപേക്ഷപോലെയായിരുന്നു:

അന്തരീക്ഷത്തിൽ തിരകളുടെ സംഗീതത്തോടൊപ്പം ആ വാക്കുകളും മുഴങ്ങിനില്ക്കുന്നതായി തോന്നി.

രമേശിന്റെ മുഖത്തേയ്ക്കു കണ്ണുകൾ ഉയർത്താൻ ധൈര്യം തോന്നിയില്ല

"നളിനി—അത്രയ്ക്ക് അസാധ്യമായതെന്നാണോ ഞാൻ ആവശ്യപ്പെടുന്നതു്!"

പ്രണിതമായ സ്വരം!

"ശ്രമിക്കാം!"

തന്റെ ശബ്ദമാണ് ആ കേൾക്കുന്നതെന്നു നളിനിക്കു മനസ്സിലായി എന്നുമാത്രം!

"എനിക്കാശ്വാസമായി."

തന്നോടുതന്നെയുള്ള ഒരു മന്ത്രണംപോലെയാണു പറഞ്ഞതു്.

എന്നിട്ടു നളിനി മുഖമുയർത്തി നോക്കിയില്ല.

പെട്ടെന്നു രമേശ് നിശ്ശബ്ദനായി കുട്ടുതലായി ഒന്നും പറയാനില്ലാത്തതുപോലെ! നളിനിയും ഒരു സംഭാഷണത്തിനു തുടക്കമിടാൻ ശ്രമിച്ചില്ല രമേശിന്റെ വാക്കുകൾ മനസ്സിൽ വിതച്ച അസ്വസ്ഥതയെ നീക്കാൻ ശ്രമിച്ചുകൊണ്ടു സൂര്യാസ്തമയം എന്ന മഹത്സംഭവം നോക്കിയിരുന്നു.

പകലിനോടു വിടവാങ്ങാൻ തയ്യാറായിക്കഴിഞ്ഞ സൂര്യൻ! എല്ലാ വർണ്ണങ്ങളേയും നിഷ്പ്രഭമാക്കിക്കൊണ്ടുള്ള സന്ധ്യയുടെ രാഗതുടിപ്പ്!

"നളിനി!"

ആ ശബ്ദത്തിനു പ്രത്യേകമായ തീക്ഷ്ണതയുണ്ടായിരുന്നു. ഇതിനുമുൻപ് ഒരിക്കലും അത്തരത്തിൽ വിളിച്ചിരുന്നില്ല. പിടിച്ചെടുക്കപ്പെട്ടതുപോലെ നളിനിയുടെ കണ്ണുകൾ ആ മുഖത്തേയ്ക്കു ഉയർന്നു

ഹൃദയത്തിന്റെ അടിത്തട്ടിലേയ്ക്കു ആഴ്ന്നിറങ്ങുന്ന നോട്ടം! തിരിച്ചറിവ് ഇല്ലാതിരുന്ന ഹൈസ്കൂൾ പ്രായത്തിലെന്നപോലെ ആ നോട്ടം ഇന്നുതന്നെ അസ്വസ്ഥയാക്കുകയാണോ? നളിനിയുടെ മനസ്സാകെ പിടഞ്ഞു.

"നളിനി എന്റെ ജീവിതത്തിലെ ഒരു നിർണ്ണായകനിമിഷത്തിൽ ഞാൻ എത്തിച്ചേർന്നിരിക്കയാണ്. എനിക്ക് എന്റെ നിലനില്പ്പല്ലാതെ മററൊന്നും ഇപ്പോൾ കണക്കിലെടുക്കാൻ കഴിയുകയില്ല. നളിനി ഞാൻ തുറന്നുതന്നെ പറയട്ടെ—ഞാൻ നളിനിയെ സ്നേഹിക്കുന്നു—അതിൽക്കവിഞ്ഞു് ആരാധിക്കുന്നു—നളിനിക്ക് ഇതൊരു പുതിയ അറിവായിരിക്കും. പക്ഷേ, എന്നെസംബന്ധിച്ചിടത്തോളം വളരെ ചെറുപ്പംമുതൽ ഹൃദയത്തിൽ ഒരു അവ്യക്തഭാവമായി രൂപംകൊണ്ടു്, എന്നോടൊപ്പംതന്നെ വളർച്ച പ്രാപിച്ചു പൂർണ്ണത കൈവന്ന ഒരു അനുഭൂതിയാണ്—പക്ഷേ, നളിനിയോടു് എന്തെങ്കിലും തുറന്നു പറയണമെന്നു കരുതിയതല്ല—എനിക്കതിന് അർഹതയുണ്ടെന്നു വിശ്വാസവുമുണ്ടായിരുന്നില്ല ഇന്ന് ഒരുപക്ഷേ, ഇത്തരം ഒരു കണ്ടുമുട്ടൽ ഉണ്ടാകാതിരുന്നുവെങ്കിൽ എന്റെ അവസ്ഥ എന്താകുമായിരുന്നു എന്ന് എനിക്കുതന്നെ അറിഞ്ഞുകൂടാ. പക്ഷേ ഇന്നു ഞാൻ ഒരു സത്യം മനസ്സിലാക്കുന്നു. എന്റെനിലനില്പിനു നളിനി കൂടിയേ തീരൂ—എനിക്കുള്ള നല്ല അംശത്തിന്റെ വളർച്ചയ്ക്ക് ഈ സ്നേഹവും സൗഹൃദവും വേണം—നളിനി ഞാൻ കുട്ടുതൽ വ്യക്തമായി പറയണോ—"രമേശ് അത്രയുംവരെ പറഞ്ഞപ്പോഴാണു നളിനിക്കു നാവിനു ബലം കിട്ടിയതു്—അവൾ ചെവിട്ടത്തെരിച്ചു. "എന്തൊക്കെയാണു രമേശ് പറയുന്നതു്—ബീച്ചിലേയ്ക്കു പോകാമെന്നു പറഞ്ഞപ്പോൾ ഇവിടെ കുറേനേരം കാററുകൊണ്ടിരുന്നു സംസാരിക്കാമെന്നു മാത്രമേ കരുതിയുള്ളു.—മനസ്സിൽക്കൂടി കാണാത്ത കാര്യങ്ങൾ ഇങ്ങനെ കടന്നു രീതിയിൽ..." "നളിനി? കടന്ന രീതിയിൽ ഞാൻ പറഞ്ഞുവെന്നാണോ? നോക്കൂ—പ്രായപൂർത്തിയായ ഒരു പുരുഷൻ താൻ സ്നേഹിക്കുന്ന പ്രായപൂർത്തിയെത്തിയ ഒരു സ്ത്രീയോടു് ഇതിൽ ചുരുങ്ങിയ വാക്കുകളിൽ എങ്ങിനെയാണു സ്നേഹം പ്രകടിപ്പിക്കുക—നളിനിയുടെ ക്ഷോഭം എനിക്കു മനസ്സിലാക്കാം. നളിനി ഒട്ടും പ്രതീക്ഷിച്ചതുമല്ലായിരിക്കും—എനിക്കു പെട്ടെന്ന് ഒരു മറുപടി വേണ്ട—ഞാൻ പറഞ്ഞതൊക്കെ നളിനിയുടെ മനസ്സിന്റെ ഒരു കോണിൽ തങ്ങിനില്ക്കാൻ മാത്രം അനുവദിച്ചാൽ മതി—"

"രമേശ് നേരം ഇരുട്ടിത്തുടങ്ങിയിരിക്കുന്നു—നമുക്കിനി പോകാം..."

അയാൾ പറഞ്ഞതൊന്നും തന്റെ മനസ്സിൽ പെടാത്തതുപോലെ നളിനി ഒന്നും ഒന്നും പറയാതെ പോകാനായി എണീററുകഴിഞ്ഞു...

രമേശും ഒപ്പം എണീററു.

"നളിനി! ഞാൻ പറഞ്ഞതു നളിനിയെ വളരെയധികം വിഷമിപ്പിച്ചതായി തോന്നുന്നു. എങ്കിലും അതു മറന്നുകളയൂ എന്നു പറയാൻ ഞാൻ അശക്തനാണ്—എന്നോടു ക്ഷമിക്കൂ നളിനി—നോക്കൂ—എന്നോടു് ഇങ്ങിനെ മുഖം കറുപ്പിച്ചു പോകരുതു്. എന്റെ അപരാധം ക്ഷമിക്കൂ..."

ദുഃഖംകൊണ്ടു കനത്തിരുന്ന ആ സ്വരം! നളിനിക്ക് അയാളുടെ മുഖത്തേയ്ക്കു നോക്കാതിരിക്കാൻ കഴിഞ്ഞില്ല—ഉള്ളിലുള്ളതു മൂടിക്കെട്ടിയ ആ മുഖഭാവം മനസ്സിൽ പുതിയ ചലനങ്ങൾ സൃഷ്ടിക്കുന്നതായി തോന്നി.

"നളിനി! ഈ മുഖം അങ്ങിനെ തെളിയട്ടെ?"

അവളുടെ കണ്ണുകളിലേയ്ക്കു ഉറുനോക്കിക്കൊണ്ടു സ്വപ്നത്തിലെന്നപോലെ രമേശ് പറഞ്ഞപ്പോൾ തന്റെ ചുണ്ടുകളിൽ പുഞ്ചിരി വിരിഞ്ഞതു് അവൾ അറിഞ്ഞതേയില്ല.

"വരൂ നളിനി—നമുക്കിനി പോകാം—ഇപ്പോൾ ഒരാനയെ തിന്നാനുള്ള വിശപ്പുണ്ടെനിക്ക്."

രമേശ് ആശ്വാസത്തോടെ പറഞ്ഞു.

—o—

ഞാൻ ഞാനല്ല

പൂവച്ചൽ ഖാദർ

നീ നിങ്ങളെന്നെ
കൊന്നോളിൻ
ഞാൻ മരിക്കില്ല നിശ്ചയം.
നിങ്ങളെന്നെ
മുറിച്ചോളൂ
എന്നാൽ
ചോര കാണില്ല നിർണ്ണയം.
നൂറുനൂറായി
വീണ്ടും വിരിയും ഞാൻ
മാംസപുഷ്പമായ്,
നൂറുതന്ത്രികൾ കെട്ടി
ഉണരും
അഗ്നിവീണയായ്.
നിങ്ങളെന്നെ
കൊന്നോളിൻ
ഞാൻ മരിക്കില്ല നിശ്ചയം.

ഞാൻ ഞാനല്ല,
നീയല്ല
"തത്വമസി"യല്ല
ധർമ്മത്തെ കെട്ടുത്തുവാൻ
അധർമ്മമുണർത്തുവാൻ
ഓരോരോയുഗത്തിലും
ജനിക്കും നീതിതൻ
നിഴലല്ല.
നിങ്ങളെന്നെ
കൊന്നോളിൻ
ഞാൻ മരിക്കില്ലനിശ്ചയം
നിങ്ങളെന്നെ
മുറിച്ചോളൂ
എന്നിൽ
ചോരകാണില്ലനിർണ്ണയം.

—0—

സാഹിത്യ വാര ഫലം

ഗ്രൂപ്പുജ്വാലകളാർന്ന

സൂര്യശിലപോൽ

എം. കൃഷ്ണൻനായർ

പല തരണികളുടേയും പ്രോദ്ദേഖനങ്ങൾ പ്രത്യേകം കെട്ടുകളായി സൂക്ഷിച്ചു വച്ചിരിക്കുന്ന ഒരു യുവാവിനെ എനിക്കറിയാം. ഒരോ കാമുകിയും വിവാഹിതയാവുമ്പോൾ അയാൾ ആ കാമുകി അയച്ച കാമലേഖനങ്ങളുടെ കെട്ടഴിച്ചു നശിപ്പിക്കുന്നു. അടുത്തകാലത്തു് അദ്ദേഹത്തെ ഞാൻ കണ്ടു. നേരമ്പോക്കായി ഞാൻ ചോദിച്ചു: "ഇനി എത്ര കെട്ടുകളുണ്ടു്?" സുഹൃത്തു ചിരിച്ചുകൊണ്ടു മറുപടി നല്കി:—"ഇനി ഒരു കെട്ടേയുള്ളു. അതു് ഈ മാസത്തിൽത്തന്നെ നശിപ്പിക്കും. അവളുടെ വിവാഹമാണു് അടുത്ത ആഴ്ച." ഞാൻ വീണ്ടും ചോദിച്ചു:—"വിവാഹം കഴിയുന്നതിനുമുൻപും കഴിഞ്ഞതിനു ശേഷവും യുവതിയോടുള്ള മാനസികനില എന്താണു്?" കൂട്ടുകാരൻ പറഞ്ഞു:—"വിവാഹത്തിനു മുൻപു് അവൾക്കുവേണ്ടി ഞാൻ മരിക്കും. വിവാഹത്തിനു ശേഷമാണെങ്കിൽ തികഞ്ഞ അപമാനിതതപം. അവൾ അതോടെ വേറൊരു സ്ത്രീയായി മാറുകയാണു്. ഒരു വ്യക്തിതന്നെ രണ്ടാളുകളായി മാറുന്ന അവസ്ഥയാണിവിടെയുള്ളതു്. രാത്രിയും പകലുംപോലെ, വസന്തകാലവും ശിശിരകാലവുംപോലെ, ഉദയവും അസ്തമയവും പോലെ അവർ വിഭിന്നത ആവഹിക്കുന്നു "മാതൃഭൂമി" ആഴ്ചപ്പതിപ്പിൽ (ലക്കം 9) ശ്രീ വി കെ രവീന്ദ്രനന്ദനൻ എഴുതിയ "മലപ്പാവകൾ" എന്ന ചെറുകഥ വായിച്ചപ്പോൾ ഈ യഥാർത്ഥ സംഭവമാണു് എന്റെ ഓർമ്മയിൽ എത്തിയതു്. പരസ്പരവിരുദ്ധങ്ങളായ രണ്ടു ശങ്ങൾ കഥാകാരൻ കൂട്ടിയിണക്കിയിരിക്കുന്നു. ഫലം? വായനക്കാരനു് ഒരു വല്ലായ്മ, അസ്വാരസ്യം. ഗോപിനാഥൻ എന്ന യുവാവു് ജോലിയന്വേഷിച്ചു പോകുന്നതു വർണ്ണിച്ചുകൊണ്ടാണു കഥാകാരൻ കഥ തുടങ്ങുന്നതു് ഒരു "ഇന്റർവ്യൂ." അതു കഴിഞ്ഞാൽ അയാൾക്കു ജോലി കിട്ടും. പക്ഷേ, അതേ ജോലിക്കുവേണ്ടി അവിടെയെത്തിയ മറ്റൊരു യുവാവു്— മൈദ്യനാഥൻ—അപേക്ഷിച്ചതനുസരിച്ചു ഗോപിനാഥൻ ഇന്റർവ്യൂ നടക്കുന്ന ഹാളിൽ പോകാതെ തിരിച്ചുപോരുന്നു. അടുത്ത ഭാഗം ഗോപിനാഥനെ വേറൊരാഫീസിൽനിന്നു പിരിച്ചുവിടുന്നതാണു്. ജീവനക്കാരുടെ സംഘടനകളിലൊന്നും അംഗമാകാത്ത അയാളെ യൂണിയന്റെ ആവശ്യപ്രകാരം മാനേജർ പുറത്തയക്കേണ്ടതായി വരുന്നു. ഇത്രയും സംഭവങ്ങൾ ആകർഷകമായി, ഹൃദയസ്പർശകമായി രവീന്ദ്രനന്ദനൻ പ്രതിപാദിക്കുന്നു. പിന്നീടു് അദ്ദേഹം പ്രതിരൂപാത്മകതയിലേക്കോ, ലാക്ഷണികതയിലേക്കോ കടന്നുചെല്ലുകയാണു്. ഇന്നത്തെ നിരൂപകന്മാർക്കു വളരെ പ്രിയപ്പെട്ട ചില വാക്കുകളാണല്ലോ "മിത്തു," "ആർക്കിടൈപ്പും." അവയിലേതെങ്കിലുമൊന്നിലേക്കാണോ കഥാകാരൻ ചെല്ലുന്നതെന്നു വ്യക്തമല്ല. രണ്ടിലും നെററിയിലും ആണിയടിച്ചുകയററിയിട്ടുള്ള ഒരു പാവ ഗോപിനാഥൻ എടുക്കുന്നു. "പവിക്കളഞ്ഞ പാവ"യാണുപോലുമതു്. ആ പാവയെ നേരേപിടിച്ചു നെററിയിൽ തറച്ച ആണിയുടെ "മുഖം" തന്റെ മനസ്സിലേയ്ക്കുമർത്തി ഗോപിനാഥൻ എന്നിട്ടു് അയാൾ അതിനെ വരിഞ്ഞുമുറുക്കിയത്രേ. തനിക്കൊരു മലപ്പാവയാവാൻ കഴിഞ്ഞെങ്കിൽ എന്ന ആഗ്രഹം ഗോപിനാഥൻ പ്രകടിപ്പിക്കുമ്പോൾ കഥ അവസാനിക്കുന്നു. കഥയുടെ പൂർവ്വഭാഗം ഋജുവാണു്, സരളമാണു്; ഉത്തരഭാഗം ദുർഗ്രഹമായ ഏതോ ആശയത്താൽ ആച്ഛാദിതമായിരിക്കുന്നു. തിരുവനന്തപുരത്തു ബലിയിടുന്ന അവസരത്തിൽ പാവയിൽ ആണി തറയ്ക്കുന്ന സമ്പ്രദായമില്ല. "മന്ത്രവാദ"ത്തിൽ അങ്ങനെയൊരു പ്രയോഗമുണ്ടോ എന്നതും അറിഞ്ഞുകൂടാ. എന്തായാലും ചെറുകഥയുടെ രണ്ടാമത്തെ ഭാഗം എനിക്കു മനസ്സിലാകുന്നില്ല. ആണിയടിച്ചു ദുരെയെറിയുന്ന മരപ്പാവയെപ്പോലെ അവലംബമില്ലാത്തവനും നിസ്സാരനുമാണു് ഗോപിനാഥൻ എന്നായിരിക്കാം കഥാകാരൻ സൂചിപ്പിക്കുന്നതു്. ജീവിതം മരണം എന്നിവയാണു് കലാകാരന്റെ "അടിസ്ഥാനപരങ്ങ"ളായ വസ്തുതകൾ. അവയിലേക്കു് അനുവാചകനെ നയിക്കാൻ മലപ്പാവയ്ക്കു കഴിയുന്നില്ല. ഗോപിനാഥനെ മറ്റൊരു മലപ്പാവയായി കരുതുക. എന്നാലും ആ രണ്ടു മലപ്പാവയും കലയെസ്സംബന്ധിച്ചിടത്തോളം ദാരുമയം തന്നെ. ആ ദാരുമയാവസ്ഥയില്ലാത്തതാണു് ശ്രീ. വി. കെ. എന്നിന്റെ "വർഗ്ഗസമരം" എന്ന ചെറുകഥയുടെ സവിശേഷത. ബ്യൂറോക്രസി വളർത്തുന്ന വല്ലപ്പചെറുപ്പഭേദങ്ങളിൽ ഒരു തിയേല്ലിക്കുകയാണു് വി. കെ. എൻ. കനത്ത അടിയല്ല; പരുഷഭാഷയിൽ പറഞ്ഞാൽ മൃദുവായ ലാത്തിച്ചാർജ്ജ്. കലയിലുടയോണു് ആ ആഘാതമുണ്ടാകുന്നതു്. അതിനാൽ അതു സുഖപ്രദം തന്നെ.

തിരുവനന്തപുരത്തെ ഒരു ലോഡ്ജ്. ചങ്ങമ്പുഴ കവിത വായിച്ചുകേൾപ്പിക്കുന്നു. ശ്രോതാക്കളായി ഞാനുൾപ്പെടെ നാലു പേരുണ്ടു്. കവിത വായിച്ചുതീർത്തിട്ടു് കവി ചോദിച്ചു:— "എങ്ങനെയിരിക്കുന്നു?" മററു മൂന്നു പേരും "ഭേഷ്" "മന്നാന്തരം" "സൂപ്പർബ്" എന്നൊക്കെ പറഞ്ഞു. ഞാൻ മാത്രം മിണ്ടിയില്ല. ചങ്ങമ്പുഴ ചോദിച്ചു:— "എന്താ നിനക്കു രസിച്ചില്ലേ?" അപ്പോൾ ഞാൻ ഇംഗ്ലീഷിൽ മറുപടി നല്കി:— "I do not want to mar the beauty of your poem by my platitude" (സർവ്വസാധാരണമായ വാക്കുകൾകൊണ്ടു് താങ്കളുടെ കവിതയുടെ ഭാരണീയകത്തിനു അപകർഷം വരുത്താൻ എനിക്കാഗ്രഹമില്ല) ഇതു പോലെ നമ്മെ നിശ്ശബ്ദരാക്കുന്ന ചെറുകഥകൾ ഇന്നു് ഉണ്ടാകാത്തതു് എന്തുകൊണ്ടു്? എന്തോ, ആർക്കറിയാം? എന്നാൽ കുറെ ഉത്കൃഷ്ടങ്ങളായ ചെറുകഥകളുടെ പേരു പറയട്ടെ. പറയാം. ബിയേൺസ്ജണ്ടന്റെ "Father" (Bjornson) ഗാർഷിന്റെ "Red Flower", ഖലീൽ ജിബ്രാന്റെ "Behind the garment", ഷ്നിററ്സ്ളറുടെ "Flowers" മാക്സിം ഗോർക്കിയുടെ "Twentysix men and a girl" ക്രേനിന്റെ "The open Boat" ഷാങ്പോൾ സാർത്രിന്റെ "The wall" ഷാലോം ആലേഖെമിന്റെ "The Passover guest', കാവാബത്തയുടെ "The House of the sleeping Beauties". ഈ കഥകൾ വായിച്ചാൽ കലാസൗഭഗം കണ്ടു നാം നിശ്ശബ്ദരായി ഇരുന്നുപോകും.

ജോസഫ് ഹെല്ലർ എഴുതിയ Catch—22 എന്ന നോവൽ വായിച്ചിട്ടുണ്ടോ? "A wild, moving, shocking, hilarious, raging, exhilarating giant roller—Coaster of a book" എന്നാണു് ഒരു പത്രം അതിനെക്കുറിച്ചു പറഞ്ഞതു്. [ഉന്മത്തമായ, ചലനാത്മകമായ, ഞെട്ടിപ്പിക്കുന്ന, ആഹ്ലാദദായകമായ, ഉല്ലാസപ്രദമായ, പാക്കിലെ ഭീമാകാരമായ തീവണ്ടിപോലെയുള്ള പുസ്തകം] അതിൽ വർണ്ണിക്കുന്ന സംഭവങ്ങൾ ഹാസ്യോൽപാദകമാണു് ഭയജനകമാണു്. പേടിസ്വപ്നത്തിന്റെ അന്തരീക്ഷം അതു് ചില സ്ഥലങ്ങളിൽ സൃഷ്ടിക്കുന്നു. ഗ്രഹർ ഗ്രസ്സിന്റെ നോവലുകളിലെ അന്തരീക്ഷവും അങ്ങനെ തന്നെ മനുഷ്യനും അവന്റെ ജീവനും തമ്മിൽ എന്തു ബന്ധമിരിക്കുന്നു? ഇവിടെ മനുഷ്യൻ "അന്യൻ" മാത്രം. ഈ വിചാരഗതിയുടെ തീക്ഷ്ണത ആവഹിക്കുന്ന ആവിഷ്കാരമാണു് ഹെല്ലറുടെയും ഗ്രസ്സിന്റെയും നോവലുകളിൽ ഉള്ളതു്. "മലയാളനാട്ടി"ൽ ശ്രീ: കെ. രാമചന്ദ്രൻ എഴുതിയ "ആമുഖം" എന്ന ചെറുകഥ ഈ ചിന്താഗതി

യോടു ചേർന്നനിലയ്ക്കുന്നു. സത്യമില്ലാത്ത, മൂല്യമില്ലാത്ത ലോകത്തു ജീവിക്കുന്ന ഒരു നൃത്തം അതിൽ അദ്ദേഹം ചിത്രീകരിക്കുന്നു.

"സ്റ്റോറാക്ക്"കഥാപാത്രങ്ങളെയും "സ്റ്റോറാക്ക്"കഥാസന്ദർഭങ്ങളെയും ഒരു ഉൾക്കാഴ്ചയുമില്ലാതെ അവതരിപ്പിക്കുന്നതു തികച്ചും ദുസ്സഹമാണ്. ദുർഗ്രഹങ്ങളായ കഥകളും കവിതകളും നമുക്കു സഹിക്കാം; കലയുടെ നാട്യമുള്ള കഥകളും കവിതകളും സഹിക്കാം. പക്ഷേ, സ്റ്റോറാക്ക്കഥാപാത്രങ്ങളെയും അതുപോലെയുള്ള കഥാസന്ദർഭങ്ങളെയും സഹിക്കാനാവില്ല. മനോരമ ആഴ്ചപ്പതിപ്പിലെ ചെറുകഥകൾ ആ രീതിയിലാണ് പ്രതിഷേധം ക്ഷണിച്ചുവരുത്തുന്നതു്. "കേരളം"വാരികയിൽ ശ്രീ: ജി. ബാലകൃഷ്ണപിള്ള എഴുതിയ "ദുഷ്ടൻ" എന്ന ചെറുകഥ നോക്കുക. വീട്ടിൽ മററാരുമില്ലാത്തപ്പോൾ അവൾ അടുത്ത വീട്ടുകാരനെ പ്രതീക്ഷിച്ചു് ഇരിക്കുന്നു. അയാൾ അവിടെ വന്നു തന്നെ ആലിംഗനം ചെയ്യുമെന്നാണ് അവളുടെ വിചാരം. അയാൾ വന്നു. പക്ഷേ, വീട്ടിൽ അവൾ മാത്രമേയുള്ളുവെന്നു മനസ്സിലാക്കിയപ്പോൾ അയാൾ യോഗ്യന്റെ മട്ടിൽ പൊയ്പ്പോയി. ഖേദാശ്യത്തോടെ അവൾ കൂട്ടുകാരിയുടെ വീട്ടിൽ ചെന്നു. അപ്പോൾ കണ്ടതോ? അയാൾ ആ കൂട്ടുകാരിയെ പരിരംഭണം ചെയ്യുന്നു. അവൾ ഇക്കാളിക്കൊണ്ടു ചീറിക്കുന്നു. ദുഷ്ടൻ! അയൽവീട്ടുകാരനെയാണ് അവൾ ദുഷ്ടനെന്നു വിളിക്കുന്നതു്. പക്ഷേ, ആ സംബോധന വായനക്കാരനെ ലക്ഷ്യമാക്കിയുള്ളതാണെന്നുത്രേ എന്റെ വിചാരം. ഇത്തരം കഥകൾ വായിക്കേണ്ടതായിവരുന്ന വ്യക്തി ദുഷ്ടതയുള്ളവനായിരിക്കും. സംശയമില്ല. ശിഷ്ടന്മാരെ ഈശ്വരൻ ഈ കഥാകർത്തൃതപത്തിൽനിന്നു് എങ്ങനെയെങ്കിലും മാററിനിറുത്തും. ദുഷ്ടരെ ശിക്ഷിക്കുക എന്നതാണല്ലോ അദ്ദേഹത്തിന്റെ രീതി, ഞാനുൾപ്പെട്ട അനുവാചകർ പൂർവജന്മത്തിൽ അനുഷ്ഠിച്ച ദുഷ്ടങ്ങളായ പ്രവൃത്തിനിമിത്തം ജി. ബാലകൃഷ്ണപിള്ളയുടെ സ്റ്റോറാക്ക്കഥ വായിക്കുന്നു; അദ്ദേഹത്തിന്റെ അന്തർവ്വീക്ഷണപാടവമില്ലാത്ത കഥ വായിക്കുന്നു. എന്നിട്ടു ദുഃഖിക്കുന്നു. കാളിദാസൻ ദുഃഖം മറക്കാൻ സിലോണിലെ ഒരു വേശ്യയുടെ അടുത്തുപോയി. സോളമൻ ദുഃഖം മുഴുവൻ മുന്തിരിച്ചാറിൽ മുക്കിക്കളഞ്ഞു. ഞങ്ങൾക്കു വേശ്യകളുമില്ല, വൈനുമില്ല. ബാലകൃഷ്ണപിള്ള ഇനി കഥയെഴുതുമ്പോൾ ഞങ്ങളുടെ ഈ ദുഃഖത്തെക്കുറിച്ചു് ഓർമ്മിക്കണേ. കേരളം വാരികയിൽ ഇനി രണ്ടു കഥകൾകൂടിയുണ്ട്. ശ്രീ: അമ്പലപ്പുഴ പ്രഭാകരൻ നായരുടെ "മീനത്തിരുവാതിര"യും ശ്രീ: എം. വിജയന്റെ "അസ്തമയ"വും. ഒരു സമ്പത്തിൽ നേർച്ചയായി "ഉത്സവം നടത്തുന്ന"തിന്റെ വിരസമായ പ്രതിപാദനമാണ് "ചീനത്തിരുവാതിര"യിൽ. നൈരാശ്യത്താൽ കാമുകൻ കടല്പുറത്തു് ആത്മഹത്യചെയ്യുന്നതിന്റെ വർണ്ണനയാണ് "അസ്തമയ"ത്തിൽ. ആ "സ്റ്റോറാക്ക്"കഥ വായനക്കാരെ വൈരസ്യത്തിന്റെ നടുക്കടലിലേക്ക് എറിയുന്നു.

തിരുവിതാംകൂർ സർവകലാശാല സ്ഥാപിച്ചപ്പോൾ ചാൻസലറായി ആരെ നിയമിക്കണം എന്ന പ്രശ്നമുണ്ടായി. ദിവാൻജിയായിരുന്ന സർ. സി. പി. രാമസ്വാമിഅയ്യർ കലപന പുറപ്പെടുവിച്ചു, ഐൻസ്റ്റൈനിനോടു് അഭ്യർത്ഥിക്കാൻ. ഐൻസ്റ്റൈൻ ഉടനെ മറുപടി നല്കി. സർവ്വകലാശാലയുടെ ചാൻസലർസ്ഥാനം താനൊരു ബഹുമതിയായി കരുതുന്നുവെങ്കിലും അതു് സ്വീകരിക്കാൻ നിവൃത്തിയില്ലെന്നായിരുന്നു ഐൻസ്റ്റൈൻ പറഞ്ഞതു്. സി. പി. രാമസ്വാമിഅയർ സ്വേച്ഛാധിപതിയായിരുന്നുവെങ്കിലും മഹാനായിരുന്നു. വലിയ ആളായ അദ്ദേഹത്തിനു് വലിയ രീതിയിലേ ചിന്തിക്കാൻ കഴിയുമായിരുന്നുള്ളു. ഞാനൊരിക്കൽ ജോലിക്കു് അപേക്ഷയുമായി അദ്ദേഹത്തെക്കാണാൻ പോയി. ജോലിതന്നില്ലെന്നു് ആദ്യമേ പറയട്ടെ. എങ്കിലും എനിക്കു ഖേദാശ്യമുണ്ടായില്ല. കാരണം അദ്ദേഹത്തിന്റെ പേരുമാററം തന്നെ. എന്നെക്കണ്ടയുടനെ അദ്ദേഹം കസേര ചൂണ്ടിക്കാണിച്ചു് ഇരിക്കാൻ പറഞ്ഞു. ഞാൻ ഇരുന്നില്ല. വീണ്ടും അദ്ദേഹം ഇരിക്കാൻ ആംഗ്യം കാണിച്ചു. അപ്പോഴും ഞാൻ നിന്നതേയുള്ളു. സി. പി. ഉടനെ പറയുകയാണ്. "നിങ്ങൾ ഇരിക്കുന്നില്ലെങ്കിൽ ഞാൻ നിങ്ങളോടു സംസാരിക്കുകയില്ല." മഹാന്മാരുടെ രീതി മഹത്തമാണ്ന മട്ടിലാണ്. അന്തഃസാരശൂന്യന്മാർ തണ്ടുകാണിക്കും. രാജവീഥിയുടെ കാലടിപ്പാതയിൽ വല്ലവനും മാജിക്കാണിക്കുന്നതു് നോക്കിനില്ക്കും, നമ്മുടെ കൈയിലിരിക്കുന്ന പൊതിക്കെട്ടു് എന്താണുള്ളതെന്നു ചോദിക്കും വലിയ പരിചയമൊന്നുമില്ലെങ്കിലും കൈക്കു കയറിപ്പിടിക്കും, ആശ്ലേഷിക്കും. കാണുമ്പോൾ വെളുക്കെ ചിരിച്ചിട്ടു്, മറയുമ്പോൾ തെറിപറയും. നമ്മുടെ പല കഥയെഴുത്തുകാരും അന്തസ്സാരമില്ലാത്തവരാണ്. ഉന്നതരായി ചിന്തിക്കാൻ അവർക്കു കഴിയുകയില്ല. ചാൾസ് സ്ലാമ്പിന്റെ (ലം ക്ലേ ഇംഗ്ലീഷുകാരനുമുള്ളു. നാം ലാമ്പ്, ബോബ് എന്നാക്കിയാണ് പറയുക.) Dream Children പോലൊരു കലസൃഷ്ടി എന്നാണു് മലയാളഭാഷയിലുണ്ടാവുക എന്നു ദുഃഖിച്ചുചോദിച്ചതു എം. പി. പോളായിരുന്നു. പിറാന്തെല്ലോയുടെ 'Horse in the Moon" എന്ന ചെറുകഥ നമ്മുടെ സാഹിത്യത്തിൽ എന്തെങ്കിലും ഉണ്ടാകുമോയെന്നു് നിസ്സാരനായ ഞാൻ ചോദിച്ചുകൊള്ളട്ടെ.

ശ്രീ. വൈക്കം ചന്ദ്രശേഖരൻനായരുടെ ചന്ദ്രാധിപത്യത്തിൽ സമാരംഭിച്ചിട്ടുള്ള "ചിത്രകേരളത്തിക" എന്ന വാരികയിൽ ശ്രീ. ആനന്ദക്കുട്ടൻ എഴുതിയ "എടാക്കുടം" നർമ്മപ്രധാനമായ ചെറുകഥയാണ്. ഒരു വീടു് അന്വേഷിക്കുന്നതിന്റെ "എടാക്കുടങ്ങൾ" മുഴുവൻ അതിൽ കാണാം. അതിനു ഹൃദ്യത നല്കുന്നതു് രസകരങ്ങളായ പ്രസ്താവങ്ങളത്രേ. നാം പ്രതീക്ഷിക്കാത്തതു് സംഭവിക്കുമ്പോൾ രസം ജനിക്കുന്നു. ഉദാഹരണം ഇംഗ്ലീഷിൽ നിന്നാകട്ടെ. History repeats itself. Historians repeat each other—ചരിത്രം ആവർത്തിക്കുന്നു. ചരിത്രകാരന്മാർ പരസ്പരം ആവർത്തിക്കുന്നു. ശ്രോതാവിന്റെ പ്രതീക്ഷയ്ക്കു വിപരീതമായ ഒരു പ്രസ്താവമാണ് രണ്ടാമത്തെ വാക്യത്തിലുള്ളതു്. ഇതു ണ് രസോത്പാദകമായിരിക്കുന്നതു്. ആനന്ദക്കുട്ടൻ ഈ രീതിയിലും ഫലിതം ജനിപ്പിക്കുന്നു. ഉദാഹരണം:—

"രണ്ടുനിലക്കെട്ടിടം എന്നു പറയാൻ മാത്രമൊന്നുമില്ല. മററനിലക്കെട്ടിടം ഇരുന്ന ഇരുപ്പിൽ ഒന്നെത്തിനോക്കിയതാണെന്നേ തോന്നൂ."[ബസ്സിനകത്തു്] ഒരു അയ്യരുടെ മുടിക്കെട്ടു് കുരങ്ങുടെ കവിളത്തും ഉരുമ്മുന്നുണ്ടു് മുടിയാണ്. കെട്ടിവച്ച മുടിയാണ്. എന്തുചെയ്യാം. അയ്യരുടേതായിപ്പോയി. തോമാച്ചത്തിനു പകരം ചൊറിച്ചിൽ,"

"വെരുപ്പായ്ക്ക് കെട്ടിയവൾ കൂടാതെ ഒരു കെട്ടാത്തവളും ഉണ്ടായിരുന്നു."

ഇംഗ്ലീഷുഭാഷയിൽ വലിയ പിടിയൊന്നുമില്ലെങ്കിലും അതിലെ "കട്ടുകവുക്ക്" എന്ന നിർബ്ബന്ധമുള്ള ഒരു കഥാപാത്രം മദ്രാസിലുണ്ട്; പബ്ളിസിററിയുടെ ഉടമസ്ഥനായ ടി. സി. നായർ. അദ്ദേഹത്തിന്റെ ഇംഗ്ലീഷ്:—കാര്യം കറക്ടാക്കി. പക്ഷേ വലിയ കണ്ടീഷനുകൾ. എന്നാലും നിങ്ങളോടു തിരക്ചെയ്യാതെ ഞാൻ യെസ്സ്കൊടുത്തു."

ഫലിതത്തിനു് സാർവത്രികത്വമെന്ന ഗുണം വേണമെന്നു് ആനന്ദക്കുട്ടൻ തെളിയിക്കുന്നു. നമ്മുടെ വിദഗ്ദ്ധരായ ഹാസ്യചിത്രകാരന്മാർ ഇതോർക്കുക്കുന്നതു കൊള്ളാം. ചലച്ചിത്രങ്ങൾ ബഹുജനത്തിനു് ഇഷ്ടമാണ്. എന്നാൽ അവയുടെ പ്രൊഡക്ഷനിലെ കള്ളം, വഞ്ചന വേലയിറക്കു് ഇവയിലൊന്നിലും ബഹുജനത്തിനു് താത്പര്യമില്ല. സംവിധായകർ യോഗ്യരായാലും ശരി അയോഗ്യരായാലും ശരി. പൊതുജനത്തിനു അക്കാര്യ

വയർ വേദന!

അൾസർ—ഗ്യാസ്ട്രബിൾ—

അർശസ്സ്?

രോഗവിവരം വ്യക്തമായെഴുതുക.

ആയുർവ്വേദാചാര്യ

കെ. കുഞ്ഞുരാമൻവൈദ്യർ

(ഗോൾഡ് മെഡലിസ്റ്റ്)

പൗരസ്ത്യഫാർമസി

പെരിനാട്ടു്, കൊല്ലം.

ത്തിൽ ഒരു തൽപരതപ്രവൃമില്ല. ചിത്രങ്ങളുടെ യോഗ്യതയിലാണ് അവർക്കു കൗതുകം. അക്കാര്യം മറന്നിട്ട് ഹാസ്യചിത്രകാരന്മാർ പ്രൊഡക്ഷൻറെയും ഡയറക്ഷൻറെയും പേരിലുള്ള കൊള്ളരുതായ്മകളെ ചിത്രീകരിക്കുന്നു. ആരും അതിൽ രസിക്കുന്നില്ലെന്ന് ചിത്രകാരന്മാരെ അറിയിക്കട്ടെ.

* * *

"ചിത്രാപൗർണ്ണമി! നീർത്തുളുമ്പുമൊരു-
മേഘംപോലെ, യൗർവ്വാനലോ-
ത്തപ്പം ഹൃത്തടത്തെങ്കിലും മധുരമായ്-
പ്പാട്ടം പയോരാശിപോൽ
ഗ്ഗപ്പുജ്ജ്വാലകളാന്ന സൂര്യശിലപോൽ,-
സ്നേഹസൗന്ദര്യമാർ-
ന്നുള്ളും ധീരഗഭീരശാന്തമൊരു-
രൂപംകണ്ടതോർക്കുന്നുവോ?"

കുമാരനാശാൻ ജനിച്ചതു് ചിത്രാപൗർണ്ണമിനാളിലാണ്. അദ്ദേഹത്തിൻെറ ജനനംകൊണ്ടു ധന്യമായ ആ നാളിനെ അഭിസംബോധനചെയ്തു് ശ്രീ. ഒ. എൻ. വി. കുറുപ്പ് ഹൃദ്യമായി പാടുന്നു. (കവിത ചിത്രകാർത്തിക വാരികയിൽ) കവിയുടെ ശബ്ദത്തിനു ഊഷ്മളതയുണ്ട്. അദ്ദേഹത്തിൻെറ ഹൃദയം വികാരംകൊണ്ടു നിറഞ്ഞുനില്ക്കുന്നു ആ വികാരം സ്ഫോടനാത്മകമാകുന്നില്ല വാക്കുകളാൽ നിയന്ത്രിക്കപ്പെട്ട് അതു് ആവിഷ്കൃതമാകുന്നു.

* * *

പണ്ടൊരു "ജീക്ഷ്യൻ" വിരലിൻെറ അറ്റംകൊണ്ടു് തൊട്ട് ഇലക്ട്രിക്ബൾബുകൾ കത്തിക്കുന്നതു് ഞാൻ കണ്ടു. കലാകാരൻ അയാളെപ്പോലെ മജീഷ്യനാണ്. അയാൾ തൂലികകൊണ്ടു വാക്കുകളെ തൊടുമ്പോൾ അവ വൈദ്യുതദീപങ്ങളെപ്പോലെ പ്രകാശിക്കുന്നു. ആ ശക്തിയില്ലാത്തവൻ. ആ മാന്ത്രികപ്രഭാവമില്ലാത്തവൻ തൂലിക തൊടുന്നതു്. മറ്റൊരു വിധത്തിൽ പറയട്ടെ. "ഗ്ഗപ്പുജ്ജ്വാലകളാന്ന സൂര്യശിലകളും" ആണ് വാക്കുകൾ. തൊടേണ്ടവൻ തൊട്ടാലേ ആ ജ്വാലകൾ പ്രസരിക്കുകയുള്ളു.

—0—

കിഴക്കിൻെറ ചക്രവാളത്തിലെ ഒററപ്പെട്ടുനിന്നിരുന്ന ഒരു വൃക്ഷത്തിൻെറ പൂഴക്കുത്തിയ തൊലിയിൽ ആഞ്ഞുകൊത്തുകയായിരുന്നു മരംകൊത്തി.

മഴയിൽ കഴഞ്ഞിരുന്ന മണ്ണ്. പുതുമഴയുടെ മണവുംകൊണ്ടു് ഇഴകിയെത്തിയ ശീതകാററ്.

അയാൾ എന്തോ ആലോചിക്കയായിരുന്നു.

അവൾ പുറത്തുവന്നു,

"ചാ"ളീസ് ലീസൻ."

അയാൾ തലയുയർത്തി.

"നല്ല വീട്."

അയാൾ നീട്ടി മൂളി.

പട്ടണത്തിലെ പഴയ വീടും, താഴ്വര

കഥ

കൂടുമാറാത്ത പക്ഷി

രാജാമണി

യിലെ ചെറിയവീടും അവൾ താരതമ്യപ്പെടുത്തി. പതുക്കെ നടന്നു്, അവൾ അയാളുടെ അരികിലെത്തി.

നരച്ചുതുടങ്ങിയ അയാളുടെ എണ്ണപുരളാത്ത മുടികൾക്കിടയിലൂടെ വിരലോടിച്ചവൾ പറഞ്ഞു:

"കന്നു ചിരിക്കൂ"

അയാൾ ചിരിക്കാൻ ശ്രമിച്ചു.

അവൾ അയാളുടെ തോളിൽ കൈയ്യിട്ടു.

"വിയർപ്പോ? കളിതുള്ള ഈ സമയത്തു്."

അവൾ അയാളുടെ ബനിയൻ ഊരി എറിഞ്ഞു.

"സിഗററ്."

അവൾ ടീപ്പോയിൽനിന്നും സിഗററ് എടുത്തു നീട്ടി.

"തങ്കം."

"ഉം."

"എന്തെങ്കിലും കഴിക്കാനൊരുക്കട്ടെ."

"സാൻഡ്വിച്ചും ബോൺവിററയും മതിയോ?"

"ഇനഫ്,"

സാൻഡ്വിച്ചും ബോൺവിററയും ടീപ്പോയിൽ വച്ചു.

അയാൾ യുവതിയായ ഭാര്യയെ സൂക്ഷിച്ചുനോക്കി.

ലക്ഷ്യംവച്ച് എന്തൊക്കെയോ അയാൾ പറഞ്ഞു. അവളിടപെട്ടു. സംഭാഷണം തിരിച്ചുവിട്ടു.

"ബോൺവിററ തണുത്തുപോയല്ലോ."

"സാരമില്ല."

"ചൂടാക്കട്ടെ."

"നിർബ്ബന്ധമില്ല."

"കന്നു ചിരിക്കൂ."

അയാൾ ചിരിക്കാൻ ഒരു ശ്രമം നടത്തി,

ചൂടാക്കിയ ബോൺവിററ അവൾ നീട്ടി. അയാൾ അതേററുവാങ്ങി

"തങ്കം."

"ഉം,"

"ഞാൻ പറഞ്ഞാൽ നീ പിണങ്ങുമോ?"

"നോ. നെവർ,"

"ഞാൻ വൃദ്ധനായിട്ടില്ല."

"എന്നു ഞാൻ പറഞ്ഞില്ലല്ലോ."

"ഞാനെന്തിനാണ് തിടുക്കത്തിൽ ഈ വീട്ടിൽ എത്തിയതു്?"

"ഏകാഗ്രത കിട്ടാൻ,"

"അല്ല."

"പിന്നെ?"

"ശല്യങ്ങളിൽനിന്നും മോചനം കിട്ടാൻ."

ആകർഷകമായ തോഷിബ സമ്മാനം നേടുക!

പ്രവേശനഫീസില്ല. നിങ്ങളെന്തുചെയ്യണം?



ഒന്നാം സമ്മാനം: ഒരു സ്കൂട്ടർ വെസ്പാ അല്ലെങ്കിൽ അൽവിൻ റഫ്രിജറേറ്റർ. രണ്ടാംസമ്മാനം: ഒരു ടേപ്പ്റെക്കാർഡർ അല്ലെങ്കിൽ ഒട്ടോമാറ്റിക് ക്യാമറ അല്ലെങ്കിൽ റേഡിയോഗ്രാം. മൂന്നാംസമ്മാനം: (100) ജപ്പാൻനിർമ്മിതമായ തോഷിബാ മൂന്നുബാൻഡ്ആൾവേശ്ഡ്ട്രാൻസിസ്റ്റേഴ്സ് (275 രൂപ) നാലാംസമ്മാനം: (10) ജപ്പാൻനിർമ്മിതമായ തോഷിബാ ജൂനിയർ മൂന്നു ബാൻഡ് ആൾ ട്രാൻസിസ്റ്റർ (250 രൂ.)

ശൂന്യമായി കിടക്കുന്ന ചതുരങ്ങളിൽ 9 മുതൽ 24 വരെയുള്ള സംഖ്യകളുപയോഗിച്ച് മുകളിലോട്ടും ഇടതുവലതായും, കോണോടുകോണും കൂട്ടിയാൽ 66 കിട്ടത്തക്കവിധം എഴുതുക. ഒരു സംഖ്യ ഒന്നിൽകൂടുതൽ പ്രാവശ്യം ഉപയോഗിക്കാൻപാടില്ല

അയയ്ക്കേണ്ട അവസാനദിവസം: 2-7-'73. ഫലപ്രഖ്യാപനം: 7-7-'73. (ഒരു മാതൃക ചുവടെ ചേർക്കുന്നു. കൂട്ടിയാൽ 46 കിട്ടത്തക്കവിധം.)

15	5	18	8
6	10	17	13
16	12	7	11
9	19	4	14

മത്സരത്തിനുള്ള നിയമങ്ങൾ:—

(1) വെള്ളക്കടലാസ് ഉപയോഗിക്കുക. (2) തിരുത്തലുകൾ ചെയ്ത പൂരണം സ്വീകാര്യമല്ല. (3) പരിശോധകന്മാരുടെ തീരുമാനം അവസാനത്തേതും നിയമപരിധികളിൽ നിൽക്കുന്നതുമായിരിക്കും. ഈ മത്സരത്തിന്റെ സംപ്രധാനവ്യവസ്ഥയാണിത്. (4) ഔദ്യോഗികമായി മുദ്രവച്ച പൂരണത്തോടു തട്ടിച്ചുനോക്കിയായിരിക്കും തീരുമാനം കൈക്കൊള്ളുക. സമ്മാനം പണമായി നൽകുന്നതല്ല. (5) ഒന്നാംസമ്മാനം (1) ഔദ്യോഗികപൂരണത്തോട് ഒത്തുനില്ക്കുന്നതിനു നൽകപ്പെടും. (6) രണ്ടാംസമ്മാനം (5) മുകളിലത്തെ മൂന്ന് ഇടതുവലതുവരികളുടെ സാമ്യം നോക്കി നൽകപ്പെടും. (7) മൂന്നാംസമ്മാനം (100) ഔദ്യോഗികമായ പൂരണവുമായി ഏതെങ്കിലും നിരയിലോ, സംഖ്യയിലോ ഉള്ള സാമ്യംനോക്കി നൽകപ്പെടും. (8) നാലാം സമ്മാനം പരിശോധകന്മാർക്കു തൃപ്തികരമായിത്തോന്നുന്ന (9) പൂരണങ്ങൾക്കു നൽകപ്പെടും. (10) വിജയികൾ പോസ്റ്റേജ് പാക്കിംഗ് ചെലവ്, ലൈസൻസ് ഫീസ് എന്നിവ തങ്ങൾക്കു കിട്ടുന്ന സാധനത്തിനനുസരമായി കൊടുക്കണം. മൂന്നും നാലും സാധനങ്ങൾ വാങ്ങുന്നവർ അവരുടെ മുകളിൽ പറഞ്ഞ ചിലവുകൾക്കുപുറമെ ട്രാൻസിസ്റ്ററിന്റെ പാതി വിലകൂടി കൊടുക്കണം. (10) ഞങ്ങളുടെ നിയമങ്ങൾക്കും നടപടിക്രമങ്ങൾക്കും അവർ വിധേയരാണ്. (11) ഫലമറിയാൻ 45 പൈസയുടെ പോസ്റ്റൽസ്റ്റാമ്പുകൂടി അയയ്ക്കുക. (12) നിങ്ങളുടെ മേൽവിലാസം ഇംഗ്ലീഷിലോ ഹിന്ദിയിലോ മാത്രമേ എഴുതാവൂ. (13) ഒരു കുടുംബം ഒരു പൂരണമേ അയയ്ക്കാൻ പാടുള്ളൂ. (14) ഭാവിയിലെ ഉപയോഗത്തിന് ഈ നിയമങ്ങളുടെ ഒരു പ്രതി സൂക്ഷിച്ചുകൊള്ളുക. മത്സരത്തിനുള്ള പൂരണങ്ങൾ സ്വീകരിക്കുന്ന അവസാനതീയതി നിശ്ചയിക്കുന്നതിനുള്ള അവകാശം കമ്പനിക്കുമാത്രമാണ്.

Controller Contest:—

FOREIGN AGENCIES (66) P. O. BOX NO. 1456, DELHI-6.

"മനസ്സിലായില്ല,"

"ഇതു് നോർത്ത് ഇൻഡ്യയല്ല. കേരളത്തിലെ ഒരു ഗ്രാമമാണ്."

അവൾ കരയുകയായിരുന്നു.

"തങ്കം കരയുകയാണോ. വെരി ബാഡ്."

"ഇല്ല. ഞാനിനി ആരേയും ക്ഷണിക്കുന്നില്ല. ആരേയും"—അവൾ പറഞ്ഞു: "എല്ലാം സംശയമാണ്,"

"സംശയമല്ല. തെററു്. തെററുകൾ ആവർത്തിക്കരുതു്."

താഴ്വരയിലൂടെ ഒഴുകിവന്ന നിലാവു്. തടാകജലത്തിലെ പ്രതിബിംബങ്ങൾ. അകലെ എരിഞ്ഞുകൊണ്ടിരുന്ന വിളക്കുകൾ.

തടാകത്തിൽ തട്ടിവന്ന തണുത്ത കാററടിച്ചപ്പോൾ അയാളുടെ മാറിടത്തിൽ വിയർപ്പിന്റെ കണികകൾ.

"കരയാൻമാത്രം ഇവിടെ ഒന്നും സംഭവിച്ചില്ലല്ലോ."

"ഫിലിപ്പ് എന്റെ കോളേജ്മേററാണ്. പുതിയ വീട്ടിലേയ്ക്കു ഞാൻ ക്ഷണിച്ചിട്ടാണദ്ദേഹം വന്നതു്—"

"ഈ വീട്ടിൽ വന്നശേഷം നിന്നെത്തിരക്കി വേറെ ആരും വന്നിട്ടില്ലേ?"

അവൾ സമാധാനമൊന്നും പറഞ്ഞില്ല.

"പറയൂ."

"വന്നിട്ടുണ്ട്. ഞാൻ സംസാരിച്ചിട്ടുണ്ട്."

"സംസാരം തെററാണു ഞാൻ പറഞ്ഞില്ല."

"പിന്നെ എന്താണു തെററു്."

"പകപ്പവന്ന ഒരു സ്ത്രീയല്ലേ നീ."

"നിങ്ങളോ?"

"ഞാൻ വൃദ്ധനായില്ല. പോരാത്തതിനു ..."

അയാൾ മുഴുവനാക്കിയില്ല. അവൾ അയാളെ തുറിച്ചുനോക്കി.

"മുഴുവനാക്കൂ."

"പോരാത്തതിനു ഞാൻ നിന്നെ ഒരുമയാക്കിയില്ലല്ലോ"

"എന്തങ്കിലും പറഞ്ഞു് ഇന്നു പിണങ്ങാനാണു ഭാവം. എനിക്കതു നേരത്തേ അറിയാം."

"ഇല്ല."

അവർ കൈ കോർത്തു് മുററത്തിറങ്ങി.

"നമുക്കിവിടെ ഇരിക്കാം."

മുട്ടയിടാനെത്തിയ ഒരു പക്ഷിയുടെ കഥ അയാൾ പറഞ്ഞു.

അവൾ ചിരിച്ചു.

"ഇതു കെട്ടുകഥയാണോ,"

"നോ,"

"എല്ലാ പെൺപക്ഷികളും മുട്ട ഇടുകയില്ലേ?"

"ഇല്ല. അവയിലുമുണ്ടിവർഗ്ഗം."

"നഗരത്തിൽ അങ്ങു കാണിച്ചുതന്നിട്ടുള്ള ഫ്ലാറ്റുകൾ എങ്ങിനെ തലമുറ നിലനിലനിന്നുന്നു?"

ഫ്ലാറ്റുകളെപ്പററി അയാൾക്കറിവില്ല. കണ്ടിട്ടുണ്ട്. സംസാരിച്ചിട്ടുണ്ട്. ഫോമോപ്രോഫാഡയ്റ്റ്സ്.

കോൾവാഡാറെയിൽവേസ്റേറഷനെ തിരിവശമുള്ള എണ്ണമററ ഓലമേഞ്ഞ കുടിലുകളിൽ അയാളുടെ ചിന്തകളെത്തി. വാററുചാമായം കുടിച്ച് അബോധവാനായി കിടന്നുറങ്ങിയിട്ടുള്ള മാതൃകളെപ്പററി. പെണ്ണിന്റെ എല്ലാ അവയവങ്ങളുമുള്ള സാവിത്രിയെപ്പററി,

മനുഷ്യരാശിയുടെ പൂർവകഥകൾ നിശ്ചയമില്ല. മരിച്ചുപോയ ഒട്ടേറെപേരുടെ ആത്മകഥകളുറയാം. അവ മനുഷ്യരിൽ വരുത്തിയ പരിവർത്തനങ്ങൾ നിശ്ചയമുണ്ട്.

നിലാവിൽ അവൾ ചിരിക്കുന്നപോലെ. ചുണ്ടുകൾ മലർത്തി...

തടാകത്തിൽ തട്ടിവന്ന തണുത്ത കാററു് ആഞ്ഞടിച്ചപ്പോൾ അവളുടെ മാനസമുള്ള സാരി ഊന്നിറങ്ങി അയാളുടെ കണ്ണുകൾ അവളുടെ മാറിൽ തറച്ചുനിന്നു.

"നമുക്കു് അകത്തുപോകാം. നല്ല തണുപ്പു്"

അയാൾ അകത്തു കടന്നു. ബലംകുറഞ്ഞ മരക്കതവുകൾ കൊട്ടിയടച്ചു. കസേരയിൽ കിടന്നു.

"നമുക്കു തുടങ്ങിയിടത്തു വീണ്ടും പോകാം."

"എവിടെ? അമ്മയാക്കാൻകഴിയാത്ത കഥയിലേക്കോ?"

"അല്ല."

"തെററു് ആവർത്തിക്കരുതെന്നുള്ള കഥയിലേക്കാണോ?"

തങ്കത്തിന്റെ കണ്ണുകൾ തിളങ്ങി. മുഖം ചുവന്നുതുടുത്തു.

(ശേഷം 43-ൽ)

വിശ്വനവരാജന്റെ അത്ഭുതകഥ

പൌരാണികകാലംമുതല്ക്കേ വിഗ്രഹാരാധനയ്ക്കും ദേവീപൂജയ്ക്കും വളരെയേറെ കീർത്തിയാർജ്ജിച്ച പുണ്യഭൂമിയാണല്ലോ ജഗദ്ഗുരുഭാരതം. തികഞ്ഞ അർപ്പണബുദ്ധിയോടെ യാഗവും പൂജയും നടത്തുന്ന എത്രപേരെ വേണമെങ്കിലും ഈ കമ്പ്യൂട്ടർയുഗത്തിൽപോലും നമുക്കു കാണാൻ കഴിയും. ചന്ദനവും ചെമ്പരത്തിയും, കാവും കന്യാകുമാരിയും, ഗംഗയും ഭാരതപ്പുഴയും, അമ്പലവും പള്ളിയും, കാട്ടും മേട്ടും...അങ്ങിനെ എല്ലാമെല്ലാം ഉള്ള ഭാരതത്തിന്റെ ഓരോ മുക്കിലും മൂലയിലും. കല്ലിനേയും അഗ്നിയേയും അവർ പൂജിക്കുന്നു. ശിവനും വിഷ്ണുവും, കാളിയും ചാമുണ്ടിയും അവരുടെ ആരാധനാപാത്രങ്ങളാണ്. ഭക്ത്യാദരങ്ങളോടെയാണ് ഭാരതീയർ "ലിംഗോപാസന" നടത്തിപ്പോന്നിരുന്നതു്.

തമാശയ്ക്കുവേണ്ടി താലിയും നവവും നീട്ടുന്നവരും ഒട്ടും വിരളമല്ല ഭാരതത്തിൽ. അല്ലെങ്കിലും ഇന്നിതൊരു ഹിപ്പികളുടേയും സന്യാസികളുടേയും നാടുകൂടി ആയിത്തീർന്നിരിക്കയാണല്ലോ. എന്നാൽ അങ്ങേയറ്റത്തെ ആരാധനാമനോഭാവത്തോടെയും അർപ്പണബുദ്ധിയോടെയും കൈനഖങ്ങൾ വളർത്തി, അവയെ അത്യന്തം ഭംഗിയായി സംരക്ഷിച്ച് അവയുടെ സൌന്ദര്യത്തിലും മേന്മയിലും തന്റെ സകലവിധ സുഖങ്ങളുടേയും ചരമസീമ കണ്ടെത്തുന്ന ശ്രീ. മുരാരിമോഹൻ ആദിത്യ "നഗരാജ"ന്റെ കഥ നമ്മെ ഒന്നടങ്കം അത്ഭുതപരതന്ത്രരാക്കുകതന്നെ ചെയ്യും.

ഈയിടെ ഒരു നഖംനീട്ടൽമത്സരം നടക്കുകയുണ്ടായി. അനേകം നാടുകളിലെ നഖരാജന്മാർ പങ്കെടുത്ത അതിവിശേഷകരമായൊരു മത്സരം. പ്രസ്തുത മത്സരത്തിൽ ശ്രീ. മുരാരിമോഹൻ ആദിത്യ് എന്ന ഭാരതീയനാണ് ലോകചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയതു് എന്ന വാർത്ത നമ്മെ സംബന്ധിച്ചേടത്തോളം അത്യാഹ്ലാദത്തിനു വകനല്കുന്നു, ചിത്രത്തിൽ കാണുന്ന മുപ്പത്തുകാരനായ ഈ "ഭാരതനഖരാജൻ" അങ്ങിനെയിന്നു "വിശ്വനഖരാജ"നായിത്തീർന്നിരിക്കയാണ്.

"ഗിനിസ് ബുക്ക് ഓഫ് വേൾഡ് റിക്കാർഡ്സി"ന്റെ പത്രാധിപരായ മിസ്റ്റർ നോറിസ് ഡി മെക്ക്ഫർട്ടർ. മുരാരിമോഹന്നയച്ച ഒരാശംസാസന്ദേശത്തിൽ എഴുതുകയുണ്ടായി: "നഖരാജന്മാർ പങ്കെടുത്ത വിചിത്രമത്സരത്തിൽ മിസ്റ്റർ മുരാരിമോഹൻ ആദിത്യന് ലോകചാമ്പ്യൻഷിപ്പ് ലഭിച്ചിരിക്കുന്നു. താങ്കൾക്കെന്റെ സ്നേഹംനിറഞ്ഞ ആയിരം മംഗളാശംസകൾ."

ഈ അസുലഭബഹുമതി ലഭിച്ചതുമുതല്ക്ക് നഖങ്ങളുടെ തികഞ്ഞ ഒരാരാധകനായിത്തീർന്നിരിക്കയാണ് മുരാരിമോഹൻ. "നഖങ്ങൾ" മാത്രമാണ് ഇപ്പോഴദ്ദേഹത്തിന്നുള്ള ഏക ചിന്ത.



അതീവ ഹൃദയഹാരിയായ ത്രിവേണീസംഗമം!

വിശ്വനഖരാജനായ മുരാരി മോഹൻആദിത്യ്

അല്പം ചരിത്രം

പത്തുണ്ടുവർഷത്തെ പഴക്കമുണ്ട് മുരാരിമോഹന്റെ നഖോപാസനയ്ക്ക്. ഒരു ദിവസം പൊടുന്നനെയാണത്രെ നഖങ്ങൾ നീട്ടുന്നതിനെക്കുറിച്ചുള്ള നിറപ്പകിട്ടാർന്ന അനേകം ചിന്തകൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഉരത്തിയാരംഭിച്ചതു്. ആദ്യം ഇടത്തെ കൈയ്യുടെ നഖങ്ങൾ നീട്ടിത്തുടങ്ങി. പെട്ടെന്നല്ല അദ്ദേഹത്തിന്നു് പ്രസ്തുതകാര്യത്തിൽ എന്തെന്നില്ലാത്ത ഒരു താല്പര്യം വളർന്നുവന്നു. ഒരുതരം "അദമ്യമായ ശ്രമം" എന്നു പറയുന്നതാവും കൂടുതൽ ശരി. ശ്രമം മുറുകുകതന്നെ. മൂന്നുവർഷം കഴിഞ്ഞപ്പോൾ ജോലിയേപ്പോലും അതു സാരമായി ബാധിക്കുകയുണ്ടായി. മുരാരി 'ജോലി'യിൽ നിന്നും മോചിതനായി. (അല്ല, മറിച്ചു ജോലി മുരാരിയിൽനിന്നും മോചിതയാവുകയാണോ ഉണ്ടായതു് എന്നു് ഇപ്പോഴും സംശയമാണ്,)

നഖങ്ങൾ നീട്ടി പോളിഷ്ചെയ്തു് അവ ഭദ്രമായി സംരക്ഷിക്കുന്ന കാര്യത്തിൽ തന്നെ സദാ മുഴുകിയിരിക്കയാണ് ഇന്നു് മുരാരി മോഹൻ ആദിത്യ്. ഇടത്തെ കൈകൊണ്ടു് കാര്യമായി ഒന്നുംതന്നെ ചെയ്യാറില്ല അദ്ദേഹം. അതുകാരണം വലതുകൈയ് അപേക്ഷിച്ചു് അല്പം ദുർബലമാണ് അതു്.

മല്ലിക

മുരാരിമോഹൻ തന്റെ മനോഹരമായ നഖങ്ങൾക്ക് "സ്നേഹനാമ" പേരും നല്കിയിരിക്കുന്നു—"മല്ലിക." ഏകദേശം 47 ഇഞ്ചു വരും അഞ്ചു നഖങ്ങൾകൂടി ആകെയുള്ള നീളം. മാസത്തിൽ ചുരുങ്ങിയതു് നാലു തവണയെങ്കിലും അദ്ദേഹം നഖങ്ങൾ പോളിഷ് ചെയ്യും. അങ്ങിനെ ചെയ്യുന്നതുകൊണ്ടു് "മല്ലിക"യ്ക്ക് ഭംഗി കൂടുന്നു. ഒപ്പംതന്നെ ഉറപ്പും.

അത്ഭുതവും കൌതുകവുമേകുന്ന

മററാണ്":

"വിശ്വനവരാജ"നെക്കുറിച്ചോർക്കുമ്പോൾ അത്ഭുതവും തെല്ലൊരു കൌതുകവും ആരിലും താനേ രൊട്ടിവിരിയുന്ന മററൊരു സംഗതികൂടിയുണ്ട്. തന്റെ വലത്തെ കൈയുടെ നവങ്ങളും നീട്ടിക്കൊണ്ടിരിക്കയാണ് അദ്ദേഹം. പക്ഷേ, ഇടത്തെ കൈയുടേതുപോലെ അത്ര ഏറെ ശ്രദ്ധിക്കാതിയോടെ അല്ലെന്നു മാത്രം. വലതുകൈയുടെ നവങ്ങൾ സശ്രദ്ധം മുറിച്ചെടുത്ത് മുരളീമോഹൻ പല തരത്തിലുള്ള "രൂപങ്ങൾക്കും" ജന്മം നല്കുന്നു. എന്നാൽ പലതും അദ്ദേഹം ഇങ്ങനെ ഉണ്ടാക്കിയിട്ടുപോൾ, ചിത്രത്തിന്റെ മുകൾഭാഗം ഒന്നു ശ്രദ്ധിയ്ക്കൂ. മുരളീമോഹന്റെ പാരാവാരം കണക്കെ വിശാലമായ കലാഹൃദയവും അനുപമമായ കരവിരുതും "നവങ്ങളും" കൂടി ഒന്നിച്ചപ്പോൾ (അതീവഹൃദയഹാരിയായ ത്രിവേണീസംഗമം!) ഉടലെടുത്ത ഒരു പല്ലിയും പ്രാണ(ഇര)യുമാണവ!!

കറുപ്പ്, കഞ്ചാവ്, ചരസ്സ്, എൽ. എസ്. ഡി. മുതലായ മയക്കമരുന്നുകളുടെ മായാലോകത്തിൽ മുഴുകിക്കഴിയുന്ന ആധുനികാത്യാധുനികത്യന്താധുന ക—അനന്താധുനികന്മാർ ഒരിടത്ത്! തലമുറകൾ തമ്മിലുള്ള വിടവിനേ(?) ഒററ ച്ചോന്ന് ഒട്ടേറെ നെടുവീർപ്പുകളുമായിക്കഴിയുന്ന ഒരുകൂട്ടം തലമുത്തവർ മററൊരിടത്ത്! മാസംപ്രതി മാറിവരുന്ന "യുഗങ്ങൾ!" എന്തൊരു വിചിത്രമായ ലോകം! ഇവിടെ മുരളീമോഹൻ ആദിത്യ നവരാജന്റേതുപോലുള്ള ജീവിതം ഒരുതരത്തിൽ ഒററപ്പെട്ടതാണെങ്കിലും, നാടനും നാട്ടാക്കും അതു കുറച്ചൊന്നുമല്ല ആശ്ചര്യത്തിനു വകവല്ലുന്നത് ഒപ്പം തന്നെ കൊട്ടാരാനന്ദത്തിനും.

വിശ്വനവരാജന്റെ പുതുമ വഴിയുന്ന ജീവിതത്തിൽ തികഞ്ഞ സന്തോഷത്തിന്റേയും നിറഞ്ഞ സംതൃപ്തിയുടേയും പനിനീർ മലരുകൾ വിടരട്ടെ, നൂറുനൂറു പനിനീർമലരുകൾ!

—വേണു മരുതായി

—0—



പത്താൻപള്ള്

1104 ധനുവിലായ തുന്നതോന്നതു, കോട്ടയ്ക്കലെ സാഹിത്യപരിഷത്ത്. വൈദ്യരത്നം പി. എസ്. വാര്യർ ഔദാര്യം നിറഞ്ഞ ഒരു സമ്പന്നൻ മാത്രമായ തല്ല; തെളിഞ്ഞൊരു സഹൃദയനും "സദാരാമാ"പാരമ്പര്യപന്ന്നു ഒരു കൃഷ്ണയും കൂടിയായിരുന്നു. വാര്യരുടെ കൃതിയാണ്. സംഗീത ശാകുന്തളനാടകം. വളരെ ചെറുപ്പത്തിൽ ഞാൻ ഒരിക്കൽ ആഴ്ചേ നാടകനടനപരുന്നാവൂർച്ചെന്നു കോട്ടയ്ക്കൽ നാടകസംഘത്തിന്റെ അഭിനയം കണ്ടിട്ടുണ്ട്. "സദാരാമ തന്നെ കഥ. അന്ന് അതിസുന്ദരിയായ ഗായികയായി രംഗത്തിൽ പ്രശോഭിച്ചത് ഒരു

കൃഷ്ണൻകുട്ടിയോ മറേറാ ആണ്. സദസ്യരിൽ പലർക്കും സ്ത്രീവേഷമണിഞ്ഞ പുരുഷനാണതെന്നു മനസ്സിലായില്ല. ചിലർ ആ "സദാരാമ"യെ ബലാൽ കൊണ്ടുപോവാൻ പ്ലാനിട്ടവരത്രെ. പത്മനാഭന്റെ ശംഖധ്വനിയുള്ള ചുവന്ന തൊപ്പികൾ ധാരാളം ഉണ്ടായിരുന്നതിനാൽ, ആ നടനും നാട്യസംഘവും ഒരുവിധത്തിൽ രക്ഷപ്പെട്ടു. "പുഷ്പാംഗദ"ന്റെ രതി സന്ദർശകരിൽ സംക്രമിച്ചാലെന്തുചെയ്യും. ഒരു വീണയുടെ തന്ത്രികൾ കമ്പിക്കുമ്പോൾ സമാനസ്ഥാനത്തായി അടുത്തിരിക്കുന്ന മറെറാരു വീണയിൽ അനുരണനമുണ്ടാവാം. വീണ രണ്ടും രണ്ടായ്ത്തന്നെ ഇരിക്കണം. രസാസ്വാദനത്തിന്റെ ഈ സ്വഭാവം ഭാവുകന്മാർ വിസ്തരിക്കട്ടെ.

ആയുർവ്വേദം വികസിപ്പിക്കുന്നതിനും ഔഷധങ്ങളുടെ പ്രചാരം വർദ്ധിക്കുന്നതിനും അവയുടെ സാഫല്യം വിശദമാക്കുന്നതിനും വാര്യർ ചെയ്ത ശ്ലാഘ്യപ്രയത്നത്താലാണ്, മഹാലക്ഷ്മി അദ്ദേഹത്തെ അസൂയാവഹമായ വിധത്തിൽ കടാക്ഷിച്ചത്. സരസ്വതിയുടെ അനുഗ്രഹം അതിനു മുൻപുതന്നെ നേടിക്കഴിഞ്ഞിരുന്നെന്നു തോന്നുന്നു. പി. എസ്. വാര്യരുടെ ഉദാരമായ സൗജന്യവും അദ്ദേഹത്തിന്റെ സഹോദരനായ പി. വി. കൃഷ്ണവാര്യരുടെ—കേരളത്തിലെ അന്നത്തെ ഏക പദ്യമാസികയായ കവനകൗമുദിയുടെ പത്രാധിപർ—ഉത്സാഹവുംകൊണ്ടാണു കോട്ടയ്ക്കലെ സമ്മേളനം മഹാവിജയമായത്. ഒരു സുഖചികിത്സയ്ക്കും സാഹിത്യാസ്വാദത്തിനും ഒരു കുബേരന്റെ അതിഥികളായി പാർക്കുന്ന പ്രതീതിയായിരുന്നു, അന്നു സാഹിത്യകാരന്മാർക്ക്. ഉണരുംമുൻപു കാപ്പി! ഹൃദ്യമായ സദ്യ! ഉജ്ജ്വലസാഹിത്യമേള ജാതി—മത—ഭേദബോധം ഊന്നിപ്പോയി കേവല മനുഷ്യത്വത്തിലെത്തിയിരിക്കുന്ന ഭാവന.

സാഹിത്യചരിത്രത്തിന്റെ മണ്ഡലത്തിൽ ക്ളേശങ്ങളെ വകവയ്ക്കാതെ നിപുണഗവേഷണം നടത്തിയിരുന്ന ആർ. നാരായണപ്പണിക്കർ ആ പ്രഭാഷണം തെയ്യാറാക്കി. അത

സാഹിത്യതീർത്ഥയാത്ര

എസ്. സുബ്രഹ്മണ്യൻപോററി ആ വണ്ടിയിൽത്തന്നെ അല്പം അകലെ ഒരു മുറിയിലായിരുന്നു. കാണണമെന്ന മോഹം അടക്കേണ്ടിവന്നു അതുകൊണ്ട്. സോറബ് ആൻഡ് റസ്ററാ എന്ന വിശിഷ്ട ആംഗലകാവ്യത്തിന്റെ വിവർത്തനം ശ്രീ! പോററിയുടെ കവിത്വം വെളിവാക്കുന്നുണ്ട്. പാഠപുസ്തകങ്ങളായിട്ടാണ്, "ഭൃഗേശനന്ദിനി"യും "സൗരഭനും രാക്ഷ്ട്രനും" പഴയ ഇലകൾപോലെ ഉതിർന്നുപോകാവുന്ന കൃതികളല്ല.

കൂട്ടത്തിൽ ഒരു നേരംപോക്ക്. ജോലിത്തിക്കുള്ള ഒരധ്യക്ഷനു പ്രസംഗം തെയ്യാറാക്കാനുള്ള പോയിന്റ്സ് ഒക്കെ വാങ്ങിയിരുന്നതു് "സാഹിത്യനായക"ന്റെ പ്രസാധകനായ പി. ജി. നാരായണപ്പണിക്കരാണത്രെ ആർ. നാരായണപ്പണിക്കർ ആ പ്രഭാഷണം തെയ്യാറാക്കി. അത

റിയാതെ അഗ്രാസനാധിപത്യം വഹിക്കാനുള്ള മഹാരഥൻ അച്ചടിച്ച ആ പ്രസംഗം വായിച്ചുകേൾക്കാൻ ശ്രീ പണിക്കരെത്തന്നെ സൗജന്യപൂർവ്വം ക്ഷണിച്ചു. എന്തോ കാരണം പറഞ്ഞൊഴിഞ്ഞുവത്രെ അദ്ദേഹം "സന്ദേശത്തിൽ ആസ്വദിക്കാം അപ്പോൾ, ഫ്രെഷ് ആകക്കൊണ്ട്, അധികം ഔന്ത്യം ചോന്നകയും ചെയ്യും" എന്ന കൗശലത്തിൽ താൽപര്യം പ്രദർശിപ്പിക്കയും ചെയ്തു. കാതിൽനിന്നു കാതിലൂടെ ഈ കഥ ആ അധ്യക്ഷന്റെ കാതിലെത്തി, എങ്ങനെയോ! പ്രതൃൽപന്നമതിയായ ആ സമർത്ഥൻ മുട്ടത്തപ്രസംഗം മുദ്രിതമാക്കിത്തന്നെ വച്ചു. ഒരു പൊടിപ്പൻ വാചാപ്രസംഗം കേൾക്കാൻ കഴിഞ്ഞു അതുകൊണ്ട്. ഫലിതത്തിന്റെ നിശിതമായ അടിയൊഴുക്കം, തട്ടും തടവും കൂടാത്ത ഗതിയുള്ള ഒരു പ്രഭാഷണനിർമ്മിതം!

പ്രഥമസന്ദേശനം ആരംഭിച്ചതു് എന്റെ "കൈരളീസ്തവ"ത്തോടുകൂടിയാണ്. പി. വി. കൃഷ്ണവാര്യരുടെ നിർബ്ബന്ധമായിത്തന്നെയാണു് എന്റെ വന്ദനമാവണമാദ്യമെന്നു്. എന്റെ മനോഭാവം എന്തായിരുന്നു, ആ അവസരത്തിൽ എന്നു ഞാൻ വിശദമാക്കിയിട്ടുണ്ട്:

നാവിൻ വാങ്മയ ധൂലികയ്ക്കു ഹൃദയം
ചിത്രീകരിച്ചിട്ടവാ–
നാവില്ലാ, വിവിധം വികാരമെഴുതാൻ
വർണ്ണങ്ങളും ദുർല്ലഭം.
ദേവീ, ത്വന്നമനത്തിനായ്–
വിബുധരാൽ
സംസേവ്യസംസത്തിൽ ഞാൻ
ഭാവിക്കുന്നതുകാമിതാനതരളം
തുള്ളുന്ന മന്താനസം!

—ഭാഷയുടേയും സാഹിത്യത്തിന്റേയും വിഹഗവീക്ഷണം നടത്തിക്കൊണ്ടു്, മന്നായിട്ടു മുറിഞ്ഞു കിടക്കുന്ന കേരളത്തിനു സംജീവനാമൃതം നൽകി ജീവനം കൊടുത്തുകൊണ്ടിരിക്കുന്ന, ജാതിമതഭേദത്തെ അതിവർത്തിച്ചുകൊണ്ടു് പറയനേയും ബ്രാഹ്മണനെയും ഒരേ സാമസ്വതന്ത്രക്ഷേത്രത്തിൽ ഒപ്പം ആരാധനയ്ക്കു നിർത്തിപ്പോന്ന, ഭാഷയെ വന്ദിച്ചു് എന്റെ സ്തവം അവസാനിക്കുന്നു, ഒരാശംസയോടുകൂടി:

എന്നാശാശ്രുകിതന്റെ പൂജ്യിതകരി
ച്ചെത്താത്ത ദിക്കോളവും
നിൽനാമപ്പുതുപൂമണം പുളകദം
വ്യാപിക്കുമാറാവുക!
എന്നാളും മറ കൗതുകം ഭഗവതി,
തവൽപാദസംലഗ്നമായ്
വന്നാവൂ, സഫലം മദീയ ജനനം
നിൻ സേവ സാധിക്കുകിൽ!"

എന്റെ ജീവിതത്തിന്റെ മുഖ്യധാര കേരളീസേവതന്നെയാണിന്നോളം. "താഷ്കന്റിൽ" (മദ്ധ്യേഷ്യയിൽ) ആഫ്രോ–ഏഷ്യൻ റൈറേറഴ്സ് കോൺഫ്രൻസിൽ, ഫ്രഞ്ചിലും ഇംഗ്ലീഷിലും റഷ്യനിലുമുള്ള വിവർത്തനങ്ങളോടൊപ്പം എന്റെ മലയാളപ്രഭാഷണം സ്വീകരിക്കപ്പെട്ടപ്പോൾ, പിന്നെ പ്രശംസിക്കപ്പെട്ടപ്പോൾ, എന്റെ ഈ ആശംസയേയും അഭിലാഷത്തേയും ഞാൻ ഓർത്തു. കോട്ടയ്ക്കൽവച്ചു് എന്റെ മാന്യസുഹൃത്തായ സി. ഐ. ഗോപാലപിള്ള ഈ പദ്യത്തിന്റെ പൂർവാർദ്ധത്തിലെ സങ്കല്പത്തെ ശ്ലാഘിക്കയുണ്ടായി, അന്നേ.

ഈ കൃതിയിൽ ചില പദ്യങ്ങളിൽ സംസ്കൃതപദപ്രചുര്യം കാണുന്നുണ്ട്. "സ്ഥായൽ കൗതുകം" "ദേവി, ത്വന്നമനം", "തവൽപാദസംലഗ്നം" എന്നൊക്കെ പ്രയോഗിക്കാതിരിക്കാൻ കഴിഞ്ഞിട്ടില്ല. "ദേവി" എന്നു ഭാഷാശൈലിയിൽ നീട്ടുകയാണെങ്കിൽ, "ദേവി, നിന്നടി കുമ്പിടാൻ" എന്നു ലളിതമലയാളമാക്കാം. പക്ഷേ, ഇതരപാദങ്ങളുടെ രാജസ്ഥാനതിണങ്ങുകയില്ലെന്നാണെനിക്കു കഴപ്പം. നിരർത്ഥകപദങ്ങൾ കൂടാതെ സജാതീയദ്വിതീയാക്ഷരപ്രാസത്തോടെ ശ്ലോകങ്ങൾ എഴുതണമെന്ന പരിശീലനവാശിയാണ്, ഇവിടെയും എന്നു തോന്നിപ്പോകുന്നു.

പരിഷത്തിനു പുറപ്പെട്ടപ്പോൾത്തന്നെ തുഞ്ചൻപറമ്പിലേയ്ക്കു് ഒരു തീർത്ഥയാത്ര നടത്തണമെന്നു, നിശ്ചയിച്ചിരുന്നു ഞാൻ. മലയാളഭാഷ മലയാളഭാഷയായതു് എഴുത്തച്ഛന്റെ നാരായത്തുമ്പു തൊട്ടപ്പോൾ ആണ്. ചെറുശ്ശേരിയേയും കുഞ്ചൻനമ്പ്യാരെയും ആദരപൂർവം അനുസ്മരിക്കാതെയല്ല, ഇങ്ങനെ പറയുന്നതു്. ഭാഗവതോപജീവിയായ "കൃഷ്ണഗാഥ" ഭാഷയിലെ പ്രഥമസ്വതന്ത്രമഹാകാവ്യമാണ്. അനന്യാദൃശമാണ്, ഗാഥാകാരന്റെ വർണ്ണനാസാമർത്ഥ്യവും കല്പനാശക്തിയും. പക്ഷേ, അതിനു് ഉത്തരകേരളത്തിലെപ്പോലെ തെക്കൻ പ്രദേശങ്ങളിൽ പ്രഭാവം ചെലുത്താൻ കഴിഞ്ഞിരുന്നില്ല. ആരംഭത്തിൽ, സർവ്വാദൃതമായ ഒരു സാഹിത്യഭാഷ അവതരിപ്പിക്കാനും അതു ശക്തമായോ എന്നു സംശയമാണ്. കുഞ്ചൻനമ്പ്യാരുടെ രാമായണം, ഭാരതം, നളചരിതമാല, ഭഗവദ്ഗീത മുതലായവ ഭാഷയുടെ അമൂല്യസമ്പത്തുകൾ തന്നെ. അവയ്ക്കു തെക്കൻ ദിക്കിലേ പ്രചാരമുണ്ടായിരുന്നുള്ളു. ഭാഷാശൈലിയും സാർവത്രികാംഗീകാരം ഉള്ള ഒന്നായിരുന്നില്ല. എഴുത്തച്ഛന്റെ അധ്യാത്മരാമായണവും ഭാരതവുമാണ് കേരളത്തിനു പ്രഭാവമുള്ള ഒരു സാഹിത്യഭാഷ സംഭാവനചെയ്തതെന്നുതോന്നുന്നു. വെറുതെയല്ല, ആ മഹാകവിയെ "ഗന്ധർവ്വാവതാരം" എന്നു വിളിക്കുന്നതു്. അക്ഷരത്തിലും മാത്രയിലും ചില വ്യവസ്ഥകളോടുകൂടിയ എത്ര വിചിത്രഗീതരീതികളാണ്, എഴുത്തച്ഛൻ കഥാനഗാനത്തിനു് ആവിഷ്കരിച്ചിട്ടുള്ളതു്. കേരളഭാഷയിൽ ലീനമായ സംഗീതപ്രാഭവത്തിന്റെ സാദ്ധ്യത കിളിപ്പാട്ടുകളാണു പ്രത്യക്ഷമാക്കിയതെന്നു തോന്നുന്നു. പദസമ്പന്നതകൊണ്ടു്, വൃത്തവിചിത്രതകൊണ്ടു്, ആശയഗൗരവംകൊണ്ടു്, ഭാഷാസാഹിത്യത്തിനു രൂപത്തിലും ഭാവത്തിലും ഗണ്യമായ വികാസമാണ് എഴുത്തച്ഛൻ ഉളവാക്കിയതു്. ചീരാമകവിയും കുഞ്ചൻനമ്പ്യാരും ഗാഥാകാരനും, ആ മഹസ്സിൽ ജനതാഹൃദയദൃഷ്ടിയിൽ ഒന്നു മങ്ങിയപോലായി. ആ ആചാര്യകവിയുടെ ജന്മഭൂമി സന്ദർശിക്കുന്നതു പുണ്യമല്ലേ? അതിനിടവരുന്നതു ഭാഗ്യമല്ലേ? ഞാൻ മനസ്സുകൊണ്ടു പാടി:

"പാട്ടുകേൾക്കിളി,പാടൂ!
ഞങ്ങളെ കാട്ടും മേട്ടും
നാട്ടുമാത്മാവും നിന്റെ
പുഷ്കലകണ്ഠത്താലേ
ഇനിയും പുളകിത–
മാകുമോ? ചൈതന്യത്തി–
ന്നനുദ്ധമാം വീചി–
യെങ്ങെങ്ങുമലയ്ക്കുമോ?
കായലിൽ, നദികളിൽ,
കുലീന, സ്നിഗ്ദ്ധസ്വച്ഛ–
മായ കേരളീയന്റെ
ചിന്തതൻപ്രവാഹത്തിൽ
നിഴലിച്ചു,തിരെല്ലാം
ദീപ്തിയമരുമമാ–
മഴകം സ്വയം നൽകി–
യിനിയും ലസിക്കുമോ?
വാനിൽനിന്നിരുചിറ–
കാന്ന കിന്നരിപോലെ
തേനിലും മധുരമാം
ഗുരു പഞ്ചമം പാടി
നീ കനിഞ്ഞിറങ്ങുക
സത്യസൗന്ദര്യത്തിന്റെ
യേകകൃതിയായ് ലോക–
ജീവനുമുഖം നിൽക്കെ."

ആ സാംസ്കാരികതീർത്ഥാടനകേന്ദ്രത്തിലേയ്ക്കു പോകാൻ വാഹനസൗകര്യമൊന്നും ലഭിച്ചില്ല. ഞങ്ങൾ കാൽനടയായിത്തന്നെ പുറപ്പെട്ടു. ആർ. നാരായണപ്പണിക്കർ ആയിരുന്നു, ഞങ്ങളുടെ നേതാവു്. "സദ്ഗുരു"പത്രാധിപർ ഗോവിന്ദമേനോൻ—ആ നരച്ച പുരികങ്ങളും കറച്ചു പാണ്ടുള്ള ചുണ്ടും പ്രായമായിട്ടും ചെറുപ്പം പോകാത്ത ചൊറുചൊറുക്കം കൺമുന്നിൽ വരുന്നു— ഉപനേതാവു്. അദ്ദേഹം എഴുത്തച്ഛനെ മഹാനായ കവിയും തത്ത്വജ്ഞാനിയും ആയിട്ടു മാത്രമല്ലാ, അതിലും കവിത്വം ഒരു ദിവ്യന്റെ നിലയിലാണു ഗണിച്ചിരുന്നതു്. വി. ഉണ്ണികൃഷ്ണൻനായർ, ചിറയ്ക്കൽ ബാലകൃഷ്ണൻനായർ, മവണ്ണിക്കുളം മുതലായവരും ആ തീർത്ഥാടകസംഘത്തിലുൾപ്പെട്ടിരുന്നു എന്നു് അവ്യക്തമായ സ്മരണ മന്ത്രിക്കുന്നു.

അക്കാലത്തു് ഏതാനും തെങ്ങും മറ്റു ചില മരങ്ങളും ഒരു കൊച്ചുപുരയും കിണറും പാടത്തോടുത്ത പറമ്പിറമ്പിൽ ഇടിഞ്ഞു നിരങ്ങിയ ഒരു കുളവുമാണ് അവിടെ ഉണ്ടായിരുന്നതു്. അതിന്റെ വക്കത്തു് അത്ര പഴക്കം തോന്നിക്കാത്ത ഒരു കാഞ്ഞിരവും. അതെന്നു നാവുണ്ടെങ്കിൽ പറയുമായിരുന്നു, എന്റെ പോയ തലമുറകളിൽ ഒരു കാരണവർ ആ മഹാകവിക്കു ധ്യാനിക്കുവാൻ നിഴൽവൽക്കലം വിരിച്ചു കൊടുത്തിരുന്ന ഇവിടെ എന്നു്. മലയാളത്തെ ധാർമ്മികമാധുര്യംകൊണ്ടു പ്രഭാവിതമാക്കിയ എഴുത്തച്ഛന് ആ സ്ഥലത്തോടുള്ള ബന്ധം മാഞ്ഞിട്ടാവാം, ആ കാഞ്ഞിരത്തിന്റെ ഇലയ്ക്കു മധുരമാണെന്നു ചിലർ പറയുന്നതു്. "സദ്ഗുരു" പത്രാധിപർ ഒരില രുചിച്ചു കടിച്ചു മധുരി

വായിക്കുക! രസിക്കുക!! ശുദ്ധചിത്രശാസ്ത്രഗ്രന്ഥങ്ങൾ!!!

1. ജാലവിദ്യ: ചീട്ടുകൾ, നാണയങ്ങൾ, ഇവാല etc. കൊണ്ടുള്ള ജാലവിദ്യകൾ, ചെപ്പടിവിദ്യകൾ, തന്ത്രങ്ങൾ, മാജിക് ചിത്രഗ്രന്ഥം. വില 6 00
2. പ്രേമലേഖനങ്ങൾ: ശോകപര്യവസായിയായ ഒരു പ്രേമകഥ ധാരാളം പ്രേമലേഖനങ്ങൾ സഹിതം. വില 3 00
3. സംഖ്യാശാസ്ത്രം: പേര്, ഇനിഷ്യൽ, ജന്മദിനം മുതലായവയിൽ അടങ്ങിയിട്ടുള്ള രഹസ്യങ്ങളും രാശിഫലവും ചിത്രഗ്രന്ഥം. വില 2 00
4. സാമുദ്രിക ശാസ്ത്രം: മറുകുകൾ, ചുഴികൾ, ലക്ഷണങ്ങൾ, അവയുടെ ഗുണദോഷഫലങ്ങൾ ചിത്രഗ്രന്ഥം. വില 2 00
5. ഷിറോയുടെ ഹസ്തരേഖാശാസ്ത്രം: മഹാന്മാരുടെ കൈരേഖാചിത്രങ്ങൾ അടങ്ങിയിട്ടുള്ള രേഖാശാസ്ത്രം. വില 2 00
6. മുഖലക്ഷണശാസ്ത്രം: ആകൃതി, രൂപം, വലുപ്പം, ലക്ഷണം ഇവ നോക്കി കഴിവുകളും ഫലങ്ങളും. ചിത്രഗ്രന്ഥം. വില 2 00
7. മെസ്മറിസം: മനുഷ്യനെ ഉറക്കുക, മരവിപ്പിക്കുക, വശംവദരാക്കുക പ്രാഥമികപാഠങ്ങൾ. വില 2 00
8. മാജിക്കും മാസ്മരവിദ്യയും: കൺകെട്ടുവേലകൾ, രഹസ്യക്കണക്കുകൾ, ചീട്ടുകൊണ്ടുള്ള മറിവുതിരിവുകൾ. വില 2 00
9. ഹിപ്നോട്ടിസം: പരമചൈതന്യവാദശുദ്ധശാസ്ത്രം. വില 2 00
10. മരിച്ചവരുമായി സംസാരിക്കുക: ശുദ്ധതത്വശാസ്ത്രം. വില 1 00
11. അത്ഭുതവാർത്തകൾ: രസകരമായ വാർത്തകളുടെ സമാഹാരം. വില 2 00
12. രഹസ്യരോഗങ്ങളും നിവാരണമാർഗ്ഗങ്ങളും: ചികിത്സാഗ്രന്ഥം. വില 1 00

എല്ലാററിനും V. P. ചെലവു പുറമേ. കാററ്ലോഗ് സൗജന്യം.

F. P. A. I. Thariannagar, P. O. (Via) Tiruvalla R. M. S. Kerala

സ്ത്രീകൾക്കുള്ളത്!

ഉൽകണ്ഠ, മനോവ്യഥ, ദുർമേദസ്സ് പ്രകൃതി വിരുദ്ധമാകുന്ന ആർത്തവങ്ങൾ
ദേവി ഗുൾസ് ഉപയോഗിച്ചുനോക്കുക
താമസിച്ചതും അല്ലാത്തതും



M/s. KANNIAH DRUG HOUSE
Kanniah Buildings, Chinnakada, Quilon-1

ച്ചു അദ്ദേഹത്തിന്. ഒരു കുന്നു ഞാനും ചവച്ചുനോക്കി. നല്ലകയ്പ്. ഞാൻ എന്റെ അനുഭവം പറഞ്ഞതു അദ്ദേഹത്തിനു രസിച്ചില്ല. "വിശ്വാസം" ഇല്ലാഞ്ഞിട്ടാണ് എന്നു് എനിക്കൊരു കിഴക്കം കിട്ടി. "കയ്പ്" വിശ്വസിച്ചു "മധുര"മാക്കുന്ന കലയിൽ അപഗ്രഥിതനായിരുന്നു ഞാൻ.

അന്നു "ഉഞ്ചൻപറമ്പ്" പുതുക്കോട്ടയിൽ ദിവാനായ ഒരു മനുഷ്യന്റെ ഉടമയിലായിരുന്നു. ആ കൊച്ചുപുര മഹാകവി പിറന്ന വീടിന്റെ അവശേഷമായിട്ടാണ് കരുതിപ്പോന്നിരുന്നതു്. ആ തെക്കോലകളുടെ മർമ്മരം കളിപ്പാട്ടുകളെ ഓർമ്മിക്കയായിരുന്നിരിക്കാം ഒരു പരമശാന്തി ആ അന്തരീക്ഷത്തിൽ നിറഞ്ഞിരുന്നതുപോലെ തോന്നി. അന്നു ഞങ്ങൾക്കു കിളിപ്പാട്ടുപോലെ നറുംകളിരും ഉന്മേഷവും ഉണ്ടാക്കുന്ന ഇളംനീർതന്നു. ഭാരതം പോലെ വിഭവസമൃദ്ധമായ ആഹാരമൊരുക്കിയ, അയൽപക്കത്തെ കുടുംബത്തോടു നന്ദിപറഞ്ഞു പിരിഞ്ഞപ്പോൾ "എന്നാണിവിടെ സമുചിതമായ ഒരു സ്മാരകം, സംസ്കാര പ്രകാശിപ്പിക്കുന്ന ഒരു സ്ഥാപനം രൂപം കൊള്ളുക" എന്ന ചോദ്യമായിരുന്നു, എല്ലാവരുടേയും ഹൃദയത്തിൽ.

നാല്പതുവർഷങ്ങൾക്കു മുൻപു് ഉഞ്ചൻപറമ്പിൽ സ്വതന്ത്രകേരളസങ്കാതിന്റെ സംസ്കാരപ്രതിപത്തിക്കു പ്രഥമനിദർശനമായി ഒരു മന്ദിരം ഉണ്ടു്. അതു വളർന്നു. ചരിത്രകയാണ്. കമ്മിററിയിൽ ഒരംഗമായിരുന്നെങ്കിലും അനാരോഗ്യത്താൽ ദീർഘയാത്രാക്ലേശം ഭയന്നു് ഞാൻ വിഷാദത്തോടെ ആ സ്ഥാനം ഒഴിയുകയാണു ചെയ്തതു്. ഒരിക്കൽ, അതിന്റെ അഭിവന്ദ്യാദ്ധ്യക്ഷനായ ശ്രീ: കെ. പി. കേശവമേനോൻ് എഴുതി: അവിടത്തെ ശിലാഭിത്തികളിൽ വാല്മീകി, വ്യാസൻ, ഭുജകൻ, നാരദൻ മുതലായവരുടെ രൂപം കൊത്തിക്കണം എന്നു്. പുരാണികമായ ഒരന്തരീക്ഷം ആവിഷ്ക്കരിക്കണമെന്നു്. രാമായണം പാടിയ കിളിയുടെ പാടിപ്പറന്നുവരുന്ന ഛായ വിട്ടുപോകരുതെന്നു്. നമ്രയം പടച്ച മഹാകവിയുടെ അനുഗ്രഹിതാകാരം കൊത്തിക്കണമെന്നു്. സാഹിത്യകാരന്മാർക്കു വൈചിത്രമായ ഒന്നാകണമോ ആഗ്രഹിച്ചു വിശ്രമിക്കാനും സാർഗ്ഗാത്മകശക്തിയെ ഉത്തേജിപ്പിക്കാനും ഉതകുന്ന വിധത്തിൽ ക്രമേണ ആ കേന്ദ്രം വികസിപ്പിക്കണമെന്നു്. ഈ അഭിലാഷങ്ങൾ പ്രായോഗികതയുള്ളവയായിരിക്കാം ഇന്നത്തെ പരിതഃസ്ഥിതിയിൽ.

തൃക്കണ്ടിയൂർ ശിവക്ഷേത്രവും അതിനു മുൻപുള്ള ആ വലിയ നിലതടാകവും ആ ഗ്രാമത്തിന്റെ പഴയ സൗഭാഗ്യം പ്രഖ്യാപിക്കുന്നു. മൃകരാക്ഷയിൽ. മേല്പത്തൂരിന്റെ ഗുരുനാഥനായ അച്ചുതപ്പിഷാരടിയുടെ പഴയ വസതിയുണ്ടവിടെ. "ആ മഹാപണ്ഡിതൻ ഇവിടെ ജീവിച്ചിരുന്നു," എന്നു എല്ലാം മറക്കുന്ന കാലത്തോടു പറയാൻ ഒരു സ്മൃതിപരമ്പരകളിലും ആ പറമ്പിൽ സ്ഥാപിച്ചിരുന്നെങ്കിൽ!

മുട്ടയിടാത്ത പക്ഷി

(35-ൽ നിന്നു തുടർച്ച)

"ഇന്നിവിടെ വന്ന മനുഷ്യനെപ്പററിയാണോ വീണ്ടും പറയുന്നതു്?"

"ഇതിനുമുൻപു് ഇവിടെ വന്നിട്ടുള്ളവരേയും നാളെ ഇവിടെ വരാൻപോകുന്നവരേയുംപററി"

ചെപ്പെന്നു് എന്തോ ആലോചിച്ചിട്ടു് അവൾ ചോദിച്ചു:

"മുട്ടയിടാത്ത പക്ഷിയുടെ കഥ."

കുട്ടവിൽ പക്ഷിക്കൂട്ടിൽ മുട്ട കണ്ടപ്പോൾ ആൺപക്ഷി ചോദിച്ചു:

ഇതെങ്ങിനെ?

പെൺപക്ഷി പറഞ്ഞു:

ഇതങ്ങിനെതന്നെ!

ഉയരംകൂടിയ വടവൃക്ഷത്തിന്റെ ഏററവും മുകളിലത്തെ ചില്ലകൾക്കിടയിൽനിന്നും ആൺകിളി പറന്നുയർന്നു. ഇരുട്ടിലേക്കു്. അനന്തതയിലേക്കു്. അവൻ തിരിച്ചുവന്നതേയില്ല.

അയാൾ പറഞ്ഞു:

"ആൺകിളി വൃദ്ധനായിരുന്നില്ല."

തകരം തലയുയർത്തി അയാളുടെ മുഖം കണ്ടു, ചുവന്നു്, ഇടുത്തു്, ദീതി നിഴലിക്കുന്ന, ചോരിയുള്ള, രോമമുള്ള മുഖം. അയാളുടെ മുഖം വൃദ്ധന്റെ മുഖം.

അവൾ കൂടുതലും പറഞ്ഞില്ല.

അയാൾ ചിരിച്ചു. ഉറക്കെ.

ഡെറാൾ വെള്ളത്തിൽ വിലയിട്ടു കളഞ്ഞപ്പോൾ നീരജിനെക്കുറിച്ചാണോർത്തത്. എന്നിട്ടും മണിച്ചേച്ചി പറഞ്ഞതെല്ലാം കേട്ടു. തിരിച്ചെറിയാൻ തക്കതിനിർത്തിയ വാക്കുകൾ സ്വയം കാൽക്കീഴിലിട്ട് അമർത്തിച്ചവിട്ടി എന്നും ഇതിനു കഴിഞ്ഞെങ്കിൽ...അമ്മ എപ്പോഴും പറയാറുള്ളതാണ്, വെറുതെയുള്ള സംസാരം ഒന്നും നേടിത്തരില്ലെന്ന്.

കോളിങ്ങ്ബെല്ലിന്റെ നീണ്ടശബ്ദം കേട്ട് ഞെട്ടിയപ്പോൾ മുന്നിലെ സ്വന്തമാക്കാവുന്ന ഏകാന്തതയെക്കുറിച്ചുള്ള സ്വസ്ഥത പെട്ടെന്ന് ജനിച്ചുവീണു. വാഷ്ബേസിനിൽ മുഖം കഴുകി തിരിഞ്ഞുനോക്കിയപ്പോൾ മണ്ണെടുത്തി അയിഷിക്കളെ സ്വീകരിക്കാനുള്ള ഭാവത്തിലാണ്. ഷേയർ പിന്നാലെ മുകളിൽ വിരലുകളുടെ വേഗത്തിലുള്ള ചലനം.

കിക്കോയിൽ കിടന്നിരുന്ന കണ്ണാടിയെടുത്ത് വെറുതെ നോക്കിയപ്പോൾ രാവിലെ തെട്ടു പൊട്ടിന്റെ അവശിഷ്ടം വെള്ളത്തിൽ അലിയാതെ കിടന്നിരുന്നു. കണ്ണാടി കിടക്കയിൽത്തന്നെ വലിച്ചെറിഞ്ഞ് വാതിൽ ശക്തിയായി അടച്ചു

പ്ലെയിറുകളുടെ കൂട്ടിയുരസുന്ന ശബ്ദത്തിനു മുകളിൽ മാണ്യടത്തിയുടെ അസ്വസ്ഥതയുണ്ടാക്കുന്ന ചിരി ഉയർന്നുനില്ക്കുന്നു

ശേഖരിച്ചുവെച്ച ചിന്തകളെ ലാളിക്കാൻ ചിറകു വിടർത്തുന്നപ്പോൾ എന്നിലെയ്ക്കാരും കടന്നുവരരുതെന്ന് പ്രാർത്ഥിച്ചു. ചുരുങ്ങിയ മണിക്കൂറുകൾ മാത്രം സ്വന്തമാക്കാവുന്നവ. അതുകഴിഞ്ഞാൽ വലിച്ചെറിഞ്ഞ തീരൂ.

"ഇന്നുനല്ലെങ്കിലും ആരേയും സ്നേഹിക്കാൻ അറിയില്ലല്ലോ." മാണ്യടത്തിയുടെ വാക്കുകൾ. നിമിഷങ്ങൾക്കു മുൻപ് മുള്ളുകൾ തറച്ചുവച്ച മേൽക്കുപ്പായം പെ

എന്റെ ആദ്യത്തെ കഥ

നിഴലുകളില്ലെ നീലിമ

മാലിനി

ട്ടെന്നു മേലിൽ വീണപ്പോൾ, വലിച്ചുരിസന്തം നിറം കാണിച്ചുകൊടുക്കാൻ കൈകൾ പൊക്കിയതായിരുന്നു, എന്നിട്ടും അവക്കുമുന്നിൽ അതിട്ടുനിന്നു. ഇന്നും നല്ലതു ചവിട്ടിപ്പൊട്ടിക്കണമെന്നറിയുന്ന വാക്കുകളിൽ വീണും വീണ്ടും തടഞ്ഞുവീഴുന്നു മുറിവില്ലാതെ തന്നെ മുറിവിന്റെ വേദന അറിയുന്നു. എല്ലാം അങ്ങിനെയാണ്. ഇനി വ്രണങ്ങളിൽ നോക്കി ചിരിക്കാൻ പഠിക്കണം. മിണ്ടാതിരിക്കുന്നതെല്ലാം പരാജയമല്ലെന്ന് ഇന്നുമുതൽ മനസ്സിലാക്കുന്നു സ്വയം ഉറക്കുകാണിക്കൽ അനാവശ്യമാകുമ്പോൾ ചുണ്ടുകളിൽ വെച്ച് മരിക്കുന്ന വാക്കുകൾ അനുഗ്രഹമെ

ആകുന്നുള്ളു കൂടുതൽ പറഞ്ഞുതന്ന ദിവസം.

തിരിഞ്ഞുകിടന്നപ്പോൾ സ്റ്റാൻഡിൽ രാവിലെ അഴിച്ചിട്ട സാരി അങ്ങിനെത്തന്നെ കിടക്കുന്നതുകണ്ടു. മടക്കിവെയ്ക്കാൻ കൃത്രിമമായി എഴുന്നേററപ്പോൾ തനിക്കവന്നു മററം അറിയാതെ മനസ്സിലാക്കി, വളർച്ചയില്ലായ്മയെക്കുറിച്ചും, ചുമതലയില്ലായ്മയെക്കുറിച്ചും കുറ്റപ്പെടുത്തുന്ന വാക്കുകളിൽനിന്നും സ്വയം ഒഴിഞ്ഞുമാറാനാണപ്പോഴും ശ്രമിക്കാറ്. കടന്നുവന്ന ദിവസങ്ങൾക്കു നേരെ എല്ലാവരും പൊടിപറത്തുന്നു. എന്നും കുറയാതെ നില്ക്കുന്ന അസ്വസ്ഥതയിൽ വാക്കുകളുടെ വാക്കുകൾ കൊള്ളുമ്പോൾ വേദനകൊണ്ടു പുളയാറുണ്ട്.

പകുതി അടച്ച ജനലിൽക്കൂടി നോക്കിയപ്പോൾ, ഉയർന്നുപൊങ്ങുന്ന തീനാളത്തിനു ചുററും നാളത്തെ ഹോളിയുടെ ബഹളം. വർഷങ്ങൾക്കുമുൻപ് ഫ്രോക്കിന്റെ നാട കടിച്ച് ഇതേ തീനാളത്തിനു ചുററും ഓടിക്കളിച്ച കാലം. ഇന്നും നിറം മങ്ങാത്ത ബിന്ദുവായ് കിടക്കുന്നു.

നാളെ അണിയേണ്ട പുറംതോടിന്റെ ഭാരം അസഹ്യമായി തോന്നുന്നു. മാസങ്ങളായി സ്വന്തമാക്കിയതാണീ പുറംതോട്. നീരജിൽ തിന്നുകന്നതു മുതൽ.

സന്ധ്യയുടെ മങ്ങിയ ചുവപ്പിൽ ഇടനാഴിയിൽവെച്ചു പുതിയ സ്വർണ്ണവളയിട്ട കൈകൾ പിടിച്ചപ്പോൾ പതുക്കെ തിരിഞ്ഞുനിന്നു ചോദിച്ചു. മുഴുമിക്കുമെന്നുറപ്പുണ്ടായിരുന്നില്ല. "നീരജ്, നാളെ സ്റ്റേഷനിലേയ്ക്കു വരില്ലേ".

പകുതി കടിച്ച ചോക്കലേററുകഷണം വായ ലിട്ടുതന്നപ്പോൾ ഒന്നും പറയാനറിയാതെ ചെവിക്കു കീഴിലെ അരിമ്പാറയിൽ അങ്ങിനതന്നെ നോക്കിനിന്നു.

"നീയ്യ് കടിച്ചതൊക്കെ തിന്നാൻ പഠിച്ചുലോ." പല്ലുകൾക്കു കീഴിൽ ചുണ്ടുകൾ കൂടുതൽ ശക്തിയായി അമർന്നു.

മറക്കണമെന്നാരോ പറഞ്ഞു, പലപ്പോഴും ശ്രമിച്ചുനോക്കിയിട്ടുള്ള ദിവസം. ഞാനിന്നും തോല്ക്കുന്നു. ചിറകുകൾ കടയുമ്പോൾ ഊർന്നുവീഴുന്ന ദിവസം.

നളിനി

ഉണക്കാനിട്ട കണ്ണിലെ ഇമകൾ വീണ്ടും വെള്ളത്തിൽ വീണു വിറയ്ക്കാൻ തുടങ്ങി. മണ്ണെടത്തിയുടെ നശിച്ച വാക്കുകൾ വീണ്ടും ചെപ്പ്ന്റെ സ്വരം അകലെ വലിച്ചുറിഞ്ഞിട്ടും കേൾക്കുന്നു. ഞാനാരെയും സ്നേഹിക്കുന്നില്ല. അല്ലാ, തെററി, സ്നേഹിക്കാൻ അറിയില്ല. ചുണ്ടുകൾ എന്നത്തേക്കാളും കൂടുതൽ അർത്ഥമായി ചിരിച്ചു. നീരജ്, നമുക്കിടയിൽ ഒപ്പമുള്ളയായി നില്ക്കുന്ന വാക്കുകൾ. ആരും അറിയണമെന്നില്ല. അടഞ്ഞ കണ്ണുകൾക്കു മീതെ വെള്ളം സമൃദ്ധിയോടെ ഉരസിവീണു.

പടിയിൽ അടഞ്ഞുകിടന്നിരുന്ന വാതിൽ പെട്ടന്നു തുറന്നപ്പോൾ വല്ലാത്ത വെറുപ്പു തോന്നി. മെറററുഗൗണിനു വണ്ടിതിരയുന്ന മണ്ണെടത്തി സ്വന്തമാക്കിയ നിമിഷങ്ങളുടെ ഏകാന്തത ചോർന്നുപോകുന്നു എന്ന തോന്നൽ അസ്വസ്ഥതയുണ്ടാക്കി.

"ഇന്നു എന്താ ഇവിടിങ്ങനെ കിടക്കണതു്."

"ഒന്നുല്ല" ഉമർഷം വാക്കുകളിൽനിന്നു വററാതിരിക്കാൻ ശ്രമിച്ചു.

ഉയർന്ന പല്ലുകൾക്കു മുകളിൽ ചുണ്ടുകളുടെ ചലനം വെറുപ്പ്ന്റെ സാന്ദ്രത കൂട്ടി.

സാരിയുടെ നനഞ്ഞ കോന്തല കയ്യിൽ പിടിച്ചു വാതിൽ ഊക്കോടെ തുറന്നു പുറത്തു കടന്നപ്പോഴും നീരജിനെക്കുറിച്ചാണോർത്തതു്.

പിന്നിൽ നാളയെക്കുറിച്ചുള്ള ഭാരവും.

—0—

"ആരാ ദേവസ്വംനിലത്തിനു വന്നിരിക്കുന്നു?"

"പുള്ളുകുന്നുകാരാ."

"അതിപ്പം സ്ഥാനികളു നിശ്ചയിക്കണ്ടയോ?"

"അതിനല്ലാ അവരെ തപ്പി ഞാൻ ഓടുന്നതു്. ഒന്നിനേം മഷിയിട്ടു നോക്കിയിട്ടു കാണുന്നില്ല. ആ പുല്ലാററു ദൈവങ്ങൾക്കും ഏതാണ്ടോ അവരാണ്ടമുണ്ടു്. എന്താണെന്നു് അറിയാമ്പേല. എല്ലാം താൻ പററിച്ച സൂത്രം. താൻ തിരിക്കു തീ കൊളുത്തി. തേ ചടപടാന്നു അവടേം ഇവിടേം കെടന്നു പൊട്ടുന്നു. ഞാൻ ചിരിച്ചതു് അതാ"

"ഞാൻ എന്തോ ചെയ്തു."

"ഞാനല്ലോ ഈ കെട്ടുകാര്യസ്ഥൻ ഏപ്പാടുണ്ടാക്കിയതു്. താനല്ലോ ഇട്ടിരാമൻ പിള്ളയെ ഇളക്കിവിട്ടതു്."

"പിന്നെ, താൻ പച്ചവെള്ളം ചവച്ചു കടിക്കുന്ന പൂച്ചക്കുട്ടിയാണോ?"

നോവൽ മുപ്പത്തിമൂന്നു്

"എന്നാലും കെട്ടുകാര്യസ്ഥനാ പററിയ ചൂളു്. തേ കിടന്നു എല്ലാവരും നെട്ടോട്ടോം കുറിയോട്ടോം ഓടുന്നു."

★

മീൻകാരൻകത്താവു് ബലിഷ്ഠകായനായിരുന്നു. ആജാനുബാഹുവും. അയാൾ സമൃദ്ധമായ ഉച്ചിക്കുടുമകെട്ടി വലത്തു വശം ഇടിച്ചുകെട്ടിയിട്ടാൽ പെണ്ണുങ്ങളുടെ തലമുടികെട്ടോളം കാണും. മുട്ടിനുതാഴെ കഷ്ടിച്ചെത്തുന്ന തോർത്തുടുത്തു നടന്നു പോകുമ്പോൾ മുറുകെ അരയിൽ ചുററിക്കിടക്കുന്ന വെള്ളി അരഞ്ഞാണവും അതിൽചുററി ഞാന്നുകിടക്കുന്ന കോണകവാലും തോർത്തിൽക്കൂടി കാണാം.

കത്താവു ചെറുപ്പമായിരുന്ന കാലം. രണ്ടുമൂന്നു തലമുറകളായി വാലന്മാർ ഒരു കതിനൊന്തൻപോലും കൊടുക്കാതായിട്ടു്.

തകഴി

കത്താവു കോന്നോത്തു ശേവുകമായി.

മേടത്തിൽ വള്ളങ്ങൾ വള്ളങ്ങളായി കൃഷിപ്പടി നെല്ലു കളത്തിൽനിന്നു കോന്നോത്തുകടവിലെത്തും. രാത്രിമുഴുവൻ വാരിയിട്ടെങ്കിലേ നെല്ലു തീരുകയുള്ളു. പിററന്നു രാവിലെ വള്ളം ഒഴിയണം.

കത്താവു ചുമട്ടുകാരനാണു്. രാത്രിയിൽ ചില നിറഞ്ഞ ചാക്കുകൾ അട്ടക്കളയിലേക്കു പോകും. കത്താവു സ്വമേധയാ ചെയ്യുന്നതല്ല.

കുഞ്ഞമ്മമാർ ഇങ്ങിനെയൊന്നു വിളിക്കും.

"കത്താവേ!"

വലിയമ്മാവനു വയ്ക്കുന്ന തീയലും വററിച്ചുപ്പേരിയും കർത്താവിനുണ്ടു്. കത്താവുണ്ണുന്നതു് എല്ലാവരുടേയും ഊണു

കഴിഞ്ഞേയുള്ളു. അതു് ഉരപ്പുരയിലുമായിരിക്കും.

കത്താവു് അട്ടക്കളപ്പുറത്തെ ആളാണു്.

★

സുന്ദരൻ കത്താവിനെ അങ്ങിനെ നോക്കിനില്ക്കുന്ന ഒരു കുഞ്ഞമ്മയുണ്ടായിരുന്നു.

കാളിക്കുഞ്ഞമ്മ മനഃപൂർവ്വം നോക്കിനില്ക്കുന്നതല്ല. ചുമ്മാ അങ്ങു നോക്കിനന്നുപോകും. ആ നില്പു അത്രം മഹനമായ പ്പോയി.

ആരുമതു അറിഞ്ഞില്ല.

കത്താവു് കാളിക്കുഞ്ഞമ്മയെ കാണുമ്പോൾ വപ്പു കടിക്കും; കണ്ണുതട്ടും. ഒരു ചിരിയോടെ അവൾ ഓടിമറയും.

കത്താവു കോന്നോത്തുണ്ടെങ്കിൽ തോർത്തു പുതയ്ക്കാതെ കുഞ്ഞമ്മ പുറത്തിറങ്ങുകയില്ല. ഓർക്കാപ്പുറത്തു കണ്ടുപോയാൽ കൈത്തണ്ടകൊണ്ടു മാറുമറയ്ക്കും. എന്നിട്ടു നാണിച്ചു് ഓടിമറയും.

കോന്നോത്തു് അന്നു് ആ പ്രായത്തിലുള്ള നാലു കുഞ്ഞമ്മമാരുണ്ടായിരുന്നു. അവരിൽ രണ്ടുപേർക്കു വലിയ മുലകളായിരുന്നു. മാറുകവിഞ്ഞു വളർന്നുപോയ മുലകൾ.

അവരിൽ ആർക്കുതന്നെയും കത്താവിന്റെ മുമ്പിൽ ചെന്നുനിന്നു് "ഒരു തേങ്ങ ഇട്ടുതാ കത്താവേ" എന്നു പറയാൻ നാണമില്ലായിരുന്നു.

ആ കുഞ്ഞമ്മമാർക്കു വലുതും ചെറുതുമായ മുലകളുണ്ടെന്നു കത്താവിനും തോന്നിയിട്ടില്ല. എത്രയെത്ര വലുതും ചെറുതുമായ മുലകളാണു് ആണുങ്ങൾ അന്നു കാണുന്നതു്.

അന്നു പെണ്ണുങ്ങൾക്കു മുലയില്ലായിരുന്നതുപോലെയായിരുന്നു.

എന്നാൽ കാളിക്കുഞ്ഞമ്മയ്ക്കു മുലയുണ്ടായിരുന്നു. കൊച്ചു ഞെട്ടു്. അതിനു ചുററും ഒരു നിറവ്യത്യാസം. നല്ല ചെപ്പുപോലിരുന്നു.

കാളിക്കുഞ്ഞമ്മ പറഞ്ഞാൽ ഒന്നല്ല, പത്തു തേങ്ങ കത്താവു് ഇട്ടുകൊടുക്കും.

★

സന്ധ്യമയക്കത്തിനു്, സപ്തത്തിങ്കലും ഗന്ധർവ്വന്റെ അമ്പലത്തിലും സക്ഷിപ്പാലചുവട്ടിലുമെല്ലാം തിരിവെച്ചിട്ടു കാളിക്കുഞ്ഞമ്മ മടങ്ങുകയായിരുന്നു. എവിടന്നോ പരമൻകത്താവു പ്രത്യക്ഷപ്പെട്ടു.

കാളിക്കുഞ്ഞമ്മ പേടിച്ചില്ല.

പരമൻകത്താവ് അനാമസമായി കുഞ്ഞമ്മയെ പൊക്കിയെടുത്തു. കുഞ്ഞമ്മ വാടിയ ചേമ്പിൻതാളുപോലെ തളർന്നുപോയി.

അങ്ങിനെ ഒരു കഥ.

★

പ്രസവത്തോടുകൂടി കാളിക്കുഞ്ഞമ്മ മരിച്ചു. പിള്ള ഗുണോട്ടും, തള്ള പിന്നോട്ടുമായിരുന്നു എന്നാണു പറയുന്നതു്. കുഞ്ഞിനെ ഒരുനോക്കു കുഞ്ഞമ്മ കണ്ടു. അവർ "കത്താവ്" എന്ന ശബ്ദിച്ചു എന്നാണ് പുരുഷന്മാരുള്ളിലുണ്ടായിരുന്ന പെണ്ണുങ്ങൾ പുച്ചം പുച്ചം പറയുന്നതു്.

കുഞ്ഞമ്മയുടെ സംബന്ധക്കാരൻ ഒരു വയറൻ പോററിയായിരുന്നു. കാളിക്കുഞ്ഞമ്മയുടെ മരണശേഷം പോററി പോകാൻ തയ്യാറായി.

അപ്പോൾ അന്നത്തെ വല്യമ്മാവി പറഞ്ഞു:

"പോകാൻ വരട്ടെ തിരുമേനി!"

തിരുമേനി അനുസരിച്ചു.

കാളിക്കുഞ്ഞമ്മയ്ക്കാൾ ഒരു വയസ്സിനു മൂപ്പു കൂടുതലുള്ള ഒരു കുഞ്ഞമ്മയുണ്ടായിരുന്നവിടെ. ഇട്ടിക്കുഞ്ഞമ്മ. കറുത്തു തടിച്ച ഒരു കുഞ്ഞമ്മ. അവരാണു മാറുകവിഞ്ഞ മുലയുണ്ടായിരുന്നവരിൽ ഒരാൾ.

കോന്നാത്തു വല്യച്ചനോടു വല്യമ്മാവി പറഞ്ഞു:

"വയറൻപോററി പോകാൻ പോണു. ഞാൻ പറഞ്ഞു അയാളു പോകേണ്ടെന്നു്."

വല്യച്ചൻ ചോദിച്ചു:

"അതെന്തിനാ?"

അമ്മാവി പറഞ്ഞു:

"പെണ്ണുനില്ലുന്നിടത്തു പിഴവരും. ഇട്ടിക്കുഞ്ഞിനു ആ പോററിയെക്കൊണ്ടു രണ്ടു തുണി കൊടുപ്പിക്കാം."

അങ്ങിനെ വയറൻപോററി അവിടെ താമസമായി.

കാളിക്കുഞ്ഞമ്മയുടെ കുഞ്ഞിനു ലക്ഷ്മി എന്നു പേരിടണമെന്നു കത്താവിനു നിർബ്ബന്ധമായിരുന്നു. ആ പേരുതന്നെയിട്ടു.

ലക്ഷ്മിക്കുഞ്ഞു സുന്ദരിയായിരുന്നു അത്രയും നല്ല ഒരു കുഞ്ഞു് ആ തറവാട്ടിലുണ്ടായിട്ടില്ല

ലക്ഷ്മിക്കുഞ്ഞിനെക്കാൾ പ്രായം കുറഞ്ഞ കൊച്ചുങ്ങൾ പരമനു, കത്താവെന്നു വിളിച്ചു.

ലക്ഷ്മിക്കുഞ്ഞു ഒന്നും വിളിച്ചില്ല.

പരമൻ വരുന്നതു ലക്ഷ്മിക്കുഞ്ഞു നോക്കിനില്ലും. പരമനെ കാണുമ്പൾ കുഞ്ഞിന്റെ മുഖം വിടരും. കൈകൊട്ടിക്കൊടിക്കുന്ന കുഞ്ഞിനെ പൊക്കിയെടുത്തു പരമൻ ഉമ്മവയ്ക്കും.

ആ വീരിഞ്ഞ മാറിൽ ചേർന്നു തോളിൽ തലചായ്ച്ചു നിർവൃതിക്കൊള്ളും.

വയറൻ പോററി അതു കണ്ടുപറയും.

"ലക്ഷ്മിക്കു പരമനെ ബഹുപഥ്യമാണ്."

ഓണത്തിനും പരമന്റെ വക ഓണക്കോടിയുണ്ടു്. ഒരു കസവുമുണ്ടു്. ആലപ്പുഴ ചെന്നാണു അതു വാങ്ങുന്നതു്.

തിരുവോണം ഉണ്ണുകഴിഞ്ഞു കുഞ്ഞു ഉടുക്കുന്നതു ആ കസവുമുണ്ടാണു്.

എന്നിട്ടും കുഞ്ഞു പരമനെ ഒന്നും വിളിച്ചില്ല. വയറൻ പോററിയെ അച്ഛാ എന്നും വിളിച്ചിട്ടില്ല.

ഇപ്പോൾ കുഞ്ഞാണു സർപ്പത്തിൽ തിരിവയ്ക്കുന്നതു്. തിരിവച്ചുവരുന്ന കുഞ്ഞിനെ പരമൻ കോരിയെടുത്തു. മുഖത്തു ഉമ്മവച്ചുകൊണ്ടു പരമൻ വിളിച്ചു.

"മകളേ! പൊന്നുമോളേ!"

"അച്ഛ്, എന്റെ അച്ഛാ!"

★

കുഞ്ഞിനു ഒരു കാതുമാല വേണം. അമ്മാവിയുടെ മകളുടെ മകൾക്കു കാതുമാലയുണ്ടു്. കാതുമാലയുണ്ടാക്കാനായി പരമൻ കോന്നോത്തുതറവാട്ടിലെ ശേഖുകം വിട്ടു.

★

അമ്പലത്തിൽ ശംഖുവിളിച്ചു. പരമൻ കത്താവും മുതൽപിടിക്കാരനും സംസാരം നിർത്തിയില്ല.

മുതൽപിടിക്കാരൻ പറഞ്ഞു.

"എങ്കിലും താൻ കല്ലറയ്ക്കൽ ശംഖയെ ഒർക്കൽ ഒരു പാഠം പഠിപ്പിച്ചു. ഇപ്പഴാ ശരിക്കു അവരു കഴിയിൽ വീണതു്."

"അതു മോശക്കാരനല്ല. തന്റെ ഇഷ്ടക്കാരത്തിക്കുവേണ്ടി താനും ഒരു പണി ചെയ്തു. ഇരവിപ്പിള്ള അദ്ദ്യത്തെക്കൊണ്ടു കുട്ടമ്പേൽകാക്കു തിരിച്ചുകൊടുത്ത വസ്തുക്കൾ പണയാധാരമെഴുതിച്ചു."

മുതൽപിടിക്കാരൻ ഈയിടെ അറിഞ്ഞ ഒരു കാര്യമുണ്ടു്.

"എടോ, അതു ശരല പുണ്ടവലിലാ. എന്താണെന്നു വച്ചാലു് കണ്ടെഴുത്തു കാലത്തേ അതു മംഗലശ്ശേരിയിലായ കുട്ടമ്പേൽ കുടുംബത്തിനു് തിരിച്ചു പട്ടയം കിട്ടിയെന്നു കേൾക്കുന്നു. മാതുപിള്ള അതു പററിച്ചിരിക്കും. അങ്ങനാണേൽ ഇരവിപ്പിള്ള കാരണോക്കു പണയാധാരമെഴുതാൻ അധികാരമില്ല.

കത്താവു പറഞ്ഞു.

"അങ്ങനാണേൽ ചക്കിനു വച്ചതു കൊക്കിനുകൊണ്ടു എന്നല്ലേയുള്ളു. നെല്ലും പണോം പോയതു പട്ടക്കു്. പിന്നെ മാതുപിള്ളേം പട്ടരും തമ്മിലല്ലിക്കട്ടെ!"

"പട്ടർക്കിങ്ങനെ ഒരടിക്കാള്ളത്തു പററുമോ എന്നാ ഞാനോക്കുന്നെ. അതിനിടയില്ല."

"മംഗലശ്ശേരിലെ പ്രതിവസ്തു കിട്ടുമെന്നു് ഓർത്തു. അയാടെ ആത്തി."

മുതൽ പിടിക്കാരനു മനസ്സിനു ഒരു വിഷമമുണ്ടു്. ശരിക്കും അറിഞ്ഞുകൊള്ളേണ്ടിയിരുന്നതു് മാതുപിള്ളയ്ക്കാണു്. ആഗ്രഹിച്ചതിൻപടി ആ അടി അവിടെ ഏശാതെ വരുമോ? പട്ടരാണോ താഴെ വീഴുന്നതു്?

★

മംഗലശ്ശേരിയിൽ പണിക്കുള്ള ഉഴവുകാരനായ കുഞ്ഞൻ മംഗലശ്ശേരിൽ തേവിയെ സ്നേഹിച്ചു. തേവി കുഞ്ഞനെയും.

പക്ഷേ, മംഗലശ്ശേരിയിലെ ഒരു പെണ്ണിനെ ഉപ്പുപറമ്പിൽ കുഞ്ഞനു സംബന്ധം ചെയ്തുകൊടുക്കാൻ പാടില്ല; കൊടുക്കുകയില്ല

ഉപ്പുപറമ്പിൽനായന്മാരുടെ ജാതി നിർവ്വചിക്കപ്പെട്ടിട്ടില്ല.

ഒരു ആണുള്ളയും പെണ്ണുള്ളയും കൂടി കുറിച്ചിയിൽനിന്നു വന്നു എന്തിനു പോന്നെന്നോ എങ്ങിനെ പോന്നെന്നോ നിശ്ചയമില്ല. കുടുംബമേതാണു് ആവോ! ഭഗവാന്റെ ഭൂമിയിൽ ഒരു ഭാഗം വളച്ചെടുത്തു് അവിടെ കുടികെട്ടി താമസിച്ചു, ഭഗവാന്റെ അടിമയായി പുഴുതിക്കൊണ്ടു. അവിടുത്തെ ആണുങ്ങൾ എക്കാലവും ഉഴക്കാരായിരുന്നു.

കുഞ്ഞൻ അഞ്ചുപറക്കണ്ടം കൃഷിചെയ്തു. അതു മംഗലശ്ശേരിവകയായിരുന്നു. മംഗലശ്ശേരിതൊഴുത്തിലെ പന്ത്രണ്ടു പോത്തന്മാരുടെ ചാണകം മുഴുവൻ ആ കണ്ടത്തിൽ വീണു.

അങ്ങനെ നൂററമ്പതുപറ നെല്ലാണു് കുഞ്ഞൻപിള്ളയുടെ മൂലധനം.

ഇന്നു കുഞ്ഞൻപിള്ളയ്ക്കു സ്വന്തമായി എഴുന്നൂറുപറ നിലമുണ്ടു്. ഉപ്പുതറയിൽ ആളും കുറവാണു്. ഒരു പെണ്ണുള്ള പെണ്ണുങ്ങൾക്കു നല്ല മക്കളും.

★

അന്നു കുഞ്ഞൻപിള്ളയ്ക്കു കഷ്ടിച്ചു നൂറുപറ കണ്ടമേ കൃഷിയുള്ളു. സ്വന്തമായി നിലമില്ല. പക്ഷേ, കുഞ്ഞൻ നന്നായി വരുമെന്നു തീർച്ചയായി. ഇരവിപ്പിള്ളയുടെ സഹായമുണ്ടു്.

ഒരുദിവസം വാരിക്കശ്ശേരി അമ്മാവി പറഞ്ഞു:

"കുഞ്ഞാ, ഞങ്ങടെ നാണിപ്പെണ്ണിനു് ഒരു തുണി വാങ്ങിക്കൊടു്."

ഇരവിപ്പിള്ളയും പറഞ്ഞു:

"അതേടാ നല്ല പെണ്ണാ."

അതിൽനിന്നൊഴിയാനായി കുഞ്ഞൻ പറഞ്ഞു:

"ഞങ്ങടെ ജാതി ദോഷമാ."

"എന്തുകൊണ്ടു പറഞ്ഞു? നിങ്ങൾ കുറിച്ചിയിൽ മുണ്ടുതേട്ടിൽപിള്ളമാരാ നല്ല ജാതിക്കാരാ."

മംഗലശ്ശേരിയിൽനിന്നു നിശ്ചയിച്ചാൽ വാരിക്കശ്ശേരിക്കാർ അതോടു് അനുകൂലിച്ചേ പററൂ.

★

"ഞാനെന്തു ചെയ്യണം തേവി?"

തേവിക്കാര്യം അവളുടെ ജീവിതത്തിൽ കുഞ്ഞൻപിള്ളയുടെകൂടെ അയാളുടെ ഭാര്യയായി അമ്പലപ്പുഴ ഉത്സവത്തിനു പോകൽ ഒക്കുകയില്ലെന്നു്.

തേവി പറഞ്ഞു;

"എന്നോട്ട് എന്നും ഇഷ്ടമായിരുന്നാൽമതി."

സ്നേഹിക്കണമെന്നു പറയാൻ തേവിക്കറിഞ്ഞുകൂടാ. ആ വീട്ടിലെ പെണ്ണുങ്ങൾക്കു സ്നേഹം എന്ന വാക്കു നിശ്ചയമില്ല.

പുരുഷന്മാർക്ക് ഇഷ്ടപ്പെട്ടു എന്നു വരാം.

അടുത്ത ചിങ്ങത്തിൽ തിരുവോണത്തിൻനാൾ കുഞ്ഞൻപിള്ള വാരിക്കശ്ശേരിൽ നാണിക്കു നിലവിളക്കിനുമുമ്പിൽ അറവാതില്ക്കൽവച്ചു പുടവകൊടുത്തു.

വാരിക്കശ്ശേരി തായ്പുരയുടെ പടിഞ്ഞാറുതെക്കേഅററം ചായിപ്പിൽ തേങ്ങിക്കരച്ചിലാണ്. കണ്ണീരൊഴുക്കുകയാണ്.

അതായിരുന്നു നാണിയുടെ കിടക്കമുറി.

തന്നെ ചുകിടക്കാൻ അവകാശം വയ്യാതായി. എത്രനാളാണു തനിച്ചുകിടക്കുന്നതു"?

പക്ഷേ ഏതെങ്കിലും രാത്രിയിൽ കുഞ്ഞൻപിള്ള വന്നു വിളിച്ചെങ്കിലോ?

പകലെല്ലാം കുഞ്ഞൻപിള്ള അവിടെ എത്തും.

തേവിയാണു മംഗലശ്ശേരിൽതറവാട്ടിൽ സ്നേഹമെന്തെന്നു് ആദ്യമായി അറിയുന്നതു്.

* * *

കുഞ്ഞൻപ്പിള്ള ചോദിച്ചു:

"കോന്നൊത്തു് ഉള്ളുറപൊളിച്ചിട്ടു് എന്തുകിട്ടി കത്താവേ?"

"എന്റെ മോടെ വീതം പത്തു പവൻ. അവൾ അതു് എന്റെ പേമ്പറന്നോടെ ഏൽപ്പിച്ചിരിക്കുവാ."

പരമൻകത്താവിനു് ഒരാശയേയുള്ളു.

"എനിക്കും എന്റെ പെമ്പറന്നോക്കും ഭോശയേയുള്ളു. എന്റെ കുഞ്ഞിനെക്കൂടെ കൊണ്ടുവന്നു പാർപ്പിക്കണം. അതു നടക്കുമോ കുഞ്ഞൻപിള്ളേ?"

★

വാരിക്കശ്ശേരിൽ നാണി ഒരുനാൾ പകൽ കുഞ്ഞൻപിള്ളയോടു ചോദിച്ചു:

"എന്തിനാ എന്നെ പുടവതന്നതു"?"

നാണിയുടെ നീലക്കണ്ണുകൾ വികസിച്ചിരുന്നു; അവ കുഞ്ഞൻപിള്ളയുടെ മുഖത്തുതന്നെ നട്ടിരുന്നു. കുഞ്ഞൻപിള്ളയുടെ രണ്ടു തോളുകളിലും നാണി കൈകൾ ഇട്ടിരുന്നു. നാണി കുഞ്ഞൻപിള്ളയോടു് ഒട്ടിച്ചേർന്നു നില്ക്കുകയായിരുന്നു.

(തുടരും)

—0—

ഗ്രന്ഥനിരൂപണം

ഞാനന്റെ മനസ്സൊരു ഭിക്ഷാപാത്രമാക്കി; യാചിച്ചുനേടിയ അറിവിന്റെ അപ്പക്കഷണങ്ങൾകൊണ്ടു് ഞാനതു കുത്തിനിറച്ചു. എന്റെ ഭിക്ഷാപാത്രത്തിനു ഭാരമേറിയപ്പോൾ ഒരു പണ്ഡിതനാണെന്നു ഞാനഹങ്കരിച്ചു. മേഘങ്ങൾക്കിടയിലൂടെ നടക്കാൻ ഞാൻ യത്നിച്ചു; എന്നാൽ ഈ ഭൂമിയിൽപോലും കാലുറപ്പിച്ചുനിൽക്കാൻ എനിക്കു കഴിഞ്ഞില്ല. ഒരു ദിവസം അറിവിന്റെ ഭിക്ഷാപാത്രം ഞാനെന്റെ ഗുരുവിനു സമർപ്പിച്ചു. "വൃത്തികേട്ട്, വൃത്തികേട്" എന്നു പറഞ്ഞു് അദ്ദേഹം അതു തട്ടിക്കളഞ്ഞു. മണലുകൊണ്ടു് തേച്ചു്, ശുദ്ധജലത്തിൽ കഴുകി ആ ഭിക്ഷാപാത്രം അദ്ദേഹം സംശുദ്ധമാക്കി." ശ്രീ: ഏ. പി, ഉദയഭാനുവിന്റെ "അർത്ഥവും അനർത്ഥവും" എന്ന ഗ്രന്ഥ

ദൈവം കൊടുത്ത

ത്തിലെ ലഘുപന്യാസങ്ങളിലൂടെ കടന്നുപോയപ്പോൾ പ്രസിദ്ധ പഞ്ചാബികവിയായ വീർസിംഗിന്റെ വാക്കുകൾ അനുചിതങ്ങളായി തോന്നി. തലമുറകളായി മനുഷ്യമനസ്സുകളിൽ എന്തെന്തു വൃത്തികേടുകളാണു് അടിഞ്ഞുകൂടി കിടക്കുന്നതു്! അവയെല്ലാം തട്ടിക്കളഞ്ഞു വെടിപ്പാക്കാൻ മനുഷ്യനെ സൃഷ്ടിച്ച ഈശ്വരനു പോലും കഴിയുമോ എന്നു സംശയമാണു്.

ശ്രീ: ഉദയഭാനുവിന്റെ അശ്ലീലചിന്തകളാണു് അനുവാചകന്റെ പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റുന്ന ഉപന്യാസങ്ങൾ. മനുഷ്യമനസ്സിനെ ദൂഷിപ്പിക്കുന്നതും തരംതാഴ്ത്തുന്നതുമായതെല്ലാം "അശ്ലീല"മാണെന്നു പറയപ്പെടുന്നു. മനുഷ്യസംസ്കാരം വളരുന്നതുകൊണ്ടിരിക്കയാണെന്നു് നാമെല്ലാം അഭിമാനിക്കാറുണ്ടെങ്കിലും ലൈംഗികകാര്യങ്ങളിൽ അവിശ്വസനീയമായ അജ്ഞതയാണു് നമ്മുടെ കുട്ടികൾക്കുള്ളതു്. ലൈംഗികകാര്യങ്ങൾ പരസ്യമായി സംസാരിക്കുന്നതുപോലും വിലക്കപ്പെട്ടിരിക്കുന്ന നമ്മുടെ സമുദായത്തിൽ കുട്ടികൾ അസത്യങ്ങളും അർദ്ധസത്യങ്ങളും പ്രമാണങ്ങളാക്കുകയും അപഥത്തിലേക്കു നയിക്കപ്പെടുകയും ചെയ്യുന്നു. ഫലമോ? "പൂളുക്കിഴങ്ങു്" എന്ന പദം കേൾക്കുമ്പോൾ തിരുവനന്തപുരത്തുകാരൻ വജ്രായുധവും "തുക്കക്" എന്നു കേൾക്കുമ്പോൾ കോഴിക്കോട്ടുകാരി ഇറപ്പയും എടുക്കുന്നു. ലിംഗബന്ധപരമായ കാര്യങ്ങൾ തുറന്ന മനസ്സോടെ കൈകാര്യംചെയ്യുകയും അശ്ലീലകാര്യങ്ങളിൽ നമ്മുടെ മനോഭാവം മാറുകയും ചെയ്യാതെ ഇക്കാര്യത്തിൽ വലിയ പുരോഗതി ഉണ്ടാകുമെന്നു പ്രതീക്ഷിച്ചുകൂടാ. നിത്യജീവിതത്തിൽ "പരിശുദ്ധമായ" വിവാഹം കഴിഞ്ഞാൽ വാത്സ്യായനവിധിപ്രകാരമുള്ള രതിക്രീഡകളിലും രതിവികൃതികളിലും ഏർപ്പെട്ടു് വംശവർദ്ധനവിനുവേണ്ടി ഉല്പ്പാദനകർമ്മം അനുഷ്ഠിക്കുന്നവനാണു മനുഷ്യൻ. എന്നാൽ അവയെപ്പററി വല്ലതും എഴുതുകയോ പറയുകയോ ചെയ്യാൻ അശ്ലീലമായി.

ലിൽ ബ്യൂട്ടിസ്യം അമയിൽ ഒരു ഉണ്ടു ഉണ്ടിയുമുണ്ടെങ്കിൽ എല്ലാമായി. ആഫ്രിക്കയിലെ "ബഗന്ദ"വർഗ്ഗക്കാരുടെയിടയിൽ പുരുഷന്മാർ എല്ലായ്പ്പോഴും കഴുത്തുമുതൽ കാൽമുട്ടുവരെ വസ്ത്രംധരിച്ചവരായിരിക്കണം. എന്നാൽ സ്ത്രീകൾക്കു നഗ്നകളായി എവിടെയും കടന്നുചെല്ലാം. ഒരുകൂട്ടം മലയാനിവാസികൾക്കു് പുരുഷലിംഗം പ്രദർശിപ്പിക്കുന്നതു് കഠിനമായ കുററമാണു്; എന്നാൽ വൃക്ഷണപ്രദർശനം സർവസാധാരണമത്രേ!

ഇതിൽനിന്നെല്ലാം തെളിയുന്നതു മനുഷ്യന്റെ മനോഭാവത്തിലുണ്ടാകുന്ന മാററം അശ്ലീലത്തെ ശ്ലീലവും ശ്ലീലത്തെ അശ്ലീലവും ആക്കി മാററുന്നവെന്നുള്ളതാണു്. ഒരുകാലത്തു് ഇംഗ്ലീഷുകാർക്കു "കാലു" (leg) എന്ന പദം അശ്ലീലമായിരുന്നു. മനുഷ്യന്റെ കാലെന്നോ മേശയുടെ കാലെന്നോ വ്യത്യാസമില്ല. തീൻമേശയിൽവച്ചു സ്ത്രീകൾക്കു "കോഴി

മുലകൾ കണ്ടെത്തിയ ന്യായാധിപന്മാർ

അരിസ്റ്റോറാഫെനിസിന്റെ കാലത്തു് ലിംഗാവയവങ്ങളുടെ പേരു് പരസ്യമായി പറയുന്നതിൽ യാതൊരു "അശ്ലീല" വുമുണ്ടായിരുന്നില്ല. അദ്ദേഹം എഴുതിയ ഒരു നാടകത്തിൽ എട്ടിഞ്ചു നീളമുള്ള ഒരു പുരുഷലിംഗം കണ്ടു മനസ്സാധാനം നേടാൻ വെമ്പുന്ന ഒരു വിധവയെ നമുക്കു കാണാം. രസകരമായ മററൊരു കഥ ഓർമ്മയിൽ വരുന്നു. വ്യഭിചാരക്കുററം ആരോപിക്കപ്പെട്ട "മെഫെസ്" എന്ന യുവതി ന്യായാധിപന്മാരുടെ മുമ്പിലേക്കു് ആനയിക്കപ്പെടുന്നു. അവൾക്കു് ഒന്നും പറയാനുണ്ടായിരുന്നില്ല. തന്റെ ഉത്തരീയം പൊക്കി മദോന്മത്തങ്ങളായ കുചകുംഭങ്ങൾ ന്യായാധിപന്മാർക്കു കാണിച്ചുകൊടുത്തു. ഇത്തരം സൗന്ദര്യം "ദൈവികം" മാത്രമായതുകൊണ്ടു് ആ യുവതിയെ സൗന്ദര്യബോധമുള്ള ആ ന്യായാധിപന്മാർ വെറുതെ വിട്ടു. നഗ്നശരീരം പുറമേ കാണിക്കുന്നതിനേക്കാൾ ചുംബനം കുററകരമായി കണക്കാക്കുന്നവരാണു് ജപ്പാൻകാർ. എസ്കിമോസ്ത്രീകൾക്കു് കാ

ക്കാലു" വളമ്പുന്നതുപോലും നിഷിദ്ധമായിരുന്നു "വേശ്യ" എന്ന പദമുള്ളതിനാൽ എലിസബത്തു ബ്രൗണിംഗിന്റെ ഒരു കവിത പ്രസിദ്ധീകരിക്കാതിരുന്ന നാട്ടിൽ "ലേഡിചാറർലിയുടെ കാമുകൻ" കൊടിക്കുത്തി വാഴുന്ന കാഴ്ച ഒരു വിരോധാഭാസമല്ലേ?

നമ്മുടെ നാട്ടിൽത്തന്നെ പഴയകാലത്തു സ്ത്രീകൾ മാറുമറച്ചിരുന്നില്ല. വടക്കൻമലബാറിലെ ചില പ്രദേശങ്ങളിൽ കുളങ്ങളിലും മററും കുളിക്കാൻ വരുന്ന സ്ത്രീകൾ ഇപ്പോഴും മാറുമറയ്ക്കാറില്ല. തുളിപ്പറമ്പു ക്ഷേത്രങ്ങളുത്തിൽ മാറുമറയ്ക്കാതെ നിന്നു കുളിക്കുന്ന പെൺകിടാങ്ങളെ ഏഴെട്ടു വർഷം മുമ്പു ഞാൻ കണ്ടിട്ടുണ്ടു്. ശ്രീ: ഉദയഭാനു പറയുന്നതുപോലെ, നഗ്നതാബോധം ഒരുമാതിരി "പരുവപ്പെടുത്ത"ലാണു് — മനസ്സിന്റെ പരുവപ്പെടുത്തൽ. നഗ്നതാബോധവും അശ്ലീലതാബോധവും വള

എം ജി, കെ. നായർ

ടെ പാട്ടുപെട്ടാണ മുതിർന്നവർ കുട്ടികളുടെ മേൽ വച്ചുകെട്ടുന്നതു്. പരിഷ്കാരമില്ലാത്ത സ്ത്രീകൾ മാറുമറയ്ക്കുന്നതെ, നഗ്നതാബോധം ഇല്ലാതെ, ജീവിച്ചിരുന്നെങ്കിൽ, പരിഷ്കാരികളായ ആധുനികയുവതികൾ ബോധപൂർവ്വം കാണിക്കാവുന്നതിൽ കൂടുതൽ ഭാഗങ്ങൾ കാണിച്ചു നടക്കുന്നു. മാറുമറയ്ക്കാത്ത നിഷ്കളങ്കരായ പഴയ സ്ത്രീകളോ അതോ പരിഷ്കാരത്തിന്റെ പേരിൽ അർദ്ധനഗ്നകളായി നടക്കുന്ന ഇന്നത്തെ സ്ത്രീകളോ, ആരാണ സംസ്കാരമുള്ളവർ?

ലോകത്തെവിടെയുള്ള കുട്ടികൾ അസഭ്യപദങ്ങൾ ഭിത്തികളിലും മറ്റും എഴുതിവയ്ക്കാനും അശ്ലീലചിത്രങ്ങൾ വരയ്ക്കാനും താല്പര്യം കാണിക്കുന്നവരാണ്. ആൺകുട്ടികളുടെ ഇടയിലാണ് ഈ പ്രതിഭാസം നിലനില്ക്കുന്നതു്. ഭിത്തിസാഹിത്യരചനയ്ക്ക പെൺകുട്ടികൾ മുതിർന്നിട്ടുള്ളതായി കേട്ടുകേൾവിപോലുമില്ല ആൺകുട്ടികളിലും പെൺകുട്ടികളിലുമുള്ള സെക്സ് ഹോർമോണുകളുടെ പ്രവർത്തനവിശേഷമാണോ ഇതെന്നു പറയാനാവില്ല. ശാരീരികവും മാനസികവുമായ പല കാരണങ്ങളും ശാസ്ത്രകാരന്മാർക്ക പറയാൻ കണ്ടേക്കും. പക്ഷേ, ഈ ഭിത്തിസാഹിത്യത്തിന്റെ "ഉയർന്ന" പതിപ്പുകളെ കലാസ്വഷ്ടികളെന്നു കരുതി നാം പൂജിക്കയും ആരാധിക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ പലേ ക്ഷേത്രങ്ങളിലും സംഭോഗശൃംഗാരം പച്ചയായി പ്രദർശിപ്പിച്ചിട്ടുണ്ടെന്നു സത്യത്തിനു നേരെ പലരും കണ്ണടയ്ക്കുകയാണു ചെയ്യുന്നതു്. കോണാർക്കത്തിലെ ശില്പങ്ങളും ഖജുറാവോയിലെ ചിത്രങ്ങളും അശ്ലീലത്തിന്റെ താണ്ഡവനടനങ്ങളാണെന്ന ഗ്രന്ഥകാരന്റെ അഭിപ്രായത്തോടു നമുക്ക യോജിക്കാതിരിക്കാൻ നിവൃത്തിയില്ല. ശിരീഷാസനസ്ഥനായ പുരുഷന്റെ ഉപരിസക്തിയെ പ്രതിഷ്ഠിക്കവേ, ഒരുവൾ രസസ്ഫുരിതികൊണ്ടു "ആത്മാരാമ"യായി നില്ക്കുന്ന ഖജുറാവോ ചത്വരവും ആറുപേരുമായി രമിക്കുന്ന സ്ത്രീയുടെ ആനന്ദോല്ലാസം വലിപ്പമുള്ള യുശ്ശിനാപ്പള്ളി കരിങ്കൽക്ഷേത്രത്തിലെ ശില്പവും മറ്റെന്താണ കാണിക്കുന്നതു്? പഞ്ചേന്ദ്രിയങ്ങളെ നിഗ്രഹിച്ച് എല്ലാ വിഷയങ്ങളിലുംനിന്നു മനസ്സിനെ പ്രതിനിവർത്തിപ്പിച്ചു സ്വാസ്ഥ്യം പ്രാപിക്കാൻ വേണ്ടിയോ ഇന്ദ്രിയങ്ങളെല്ലാം മലർക്കെ തുറന്നിട്ട് ഈശ്വരസാക്ഷാൽക്കാരത്തിനായി ശ്രമിക്കാൻ വേണ്ടിയോ ആണ പുരാതന മനുഷ്യൻ കരിങ്കല്ലുകൾ കൊണ്ടു സംഭോഗശൃംഗാരകവിതകൾ രചിച്ചതെന്ന അഭിപ്രായം മതഭക്തന്മാർക്ക സ്വീകരിക്കാവുന്നതാണ്. എന്നാൽ ജീവിതത്തേയും സ്ത്രീപുരുഷ ബന്ധങ്ങളേയും അശ്ലീലത്തിൽനിന്നും വിമോചിപ്പിച്ച്, കുറേക്കൂടി വിശാലമായ ഒരു കാഴ്ചപ്പാടു ജനസാമാന്യത്തിനുണ്ടാക്കി കൊടുക്കാനുള്ള കലാകാരന്മാരുടേയും ഭരണാധിപന്മാരുടേയും അദമ്യമായ അഭിവാഞ്ഛ ക്ഷേത്രങ്ങളിലെ കലാസൃഷ്ടികൾ അഭിവ്യഞ്ജിപ്പിക്കുന്നില്ലെന്ന് ആർക്കു പറയാൻ കഴിയും? കൊട്ടങ്ങളിൂർ ഭരണിക്കും ചേത്തല പൂരത്തിനും ഉപയോഗിക്കുന്ന സംഗീതവും സാഹിത്യവും മനുഷ്യമനസ്സുകളിൽ അടിഞ്ഞുകൂടിക്കിടക്കുന്ന അഴുക്കുകൾ പുറത്തുകളഞ്ഞു ശുദ്ധീകരിക്കാനുള്ള ഉപാധികളായിട്ടല്ലേ കണക്കാക്കേണ്ടതു്? അല്ലെങ്കിൽ ഈശ്വരനും അശ്ലീലവും തമ്മിൽ എന്താണ വ്യത്യാസം? സർവവ്യാപിയായ ഈശ്വരനെപ്പോലെ തുണിലും തൂണിലും വാക്കിലും പ്രവൃത്തിയിലും മനസ്സിലും ശരീരത്തിലും നിറഞ്ഞുനില്ക്കുന്ന, കലയുടേയും സാഹിത്യത്തിന്റേയും ആത്മാവായ, അശ്ലീലത്തിൽ അലിഞ്ഞുചേരുകയല്ലേ കൂടുതൽ അഭികാമ്യം?

അശ്ലീലത്തെപ്പററി "അല്പം" എഴുതാൻ തുടങ്ങി അശ്ലീലത്തിന് ഒരനുബന്ധംവരെ എഴുതിച്ചേർക്കാൻ നിർബന്ധിതനായ ശ്രീ: ഉദയഭാനുവിന്റെ അശ്ലീലത്തെപ്പററിയുള്ള ഉപന്യാസങ്ങൾ ഉപരിപ്ലവമാണെങ്കിലും വായനക്കാർക്കിഷ്ടപ്പെടാതിരിക്കയില്ല. മാത്രമല്ല, അശ്ലീലത്തെപ്പററി കൂടുതൽ കാര്യമായി ചിന്തിക്കാൻ വായനക്കാരെ പ്രേരിപ്പിക്കുകയും ചെയ്യും.

കേരളം ഒരു ഭ്രാന്താലയമാണെന്ന് സ്വാമി വിവേകാനന്ദനെ ക്കാണ്ടു പറയിപ്പിച്ച ദുഷിച്ചജാതകളുടെ മേൽ പരിഹാസരോഷനയെങ്കിലും സധൈര്യം വീതൽ ചൂണ്ടുന്ന "മുണ്ടൻകൊച്ചിയൻ," "ചോപ്പുത്തി" എന്നീ ഉപന്യാസങ്ങൾ ചിന്താമധുരങ്ങളാണ്. ശരിയായ നർമ്മബോധവും

ജാതിഭ്രാന്തിക്കാരുടെ തൊലിയുരിച്ചു കാണിക്കാനുള്ള ധൈര്യവുമുള്ളവർക്കേ ഇത്തരം ഉപന്യാസങ്ങൾ എഴുതുവാൻ സാധിക്കുകയുള്ളൂ. ക്ഷേത്രപ്രവേശനം അനുവദിച്ചിട്ടില്ലാതിരുന്ന കാലത്തു് മുണ്ടൻ കൊച്ചിയുടെ കൂട്ടുകാരുടെ മുമ്പിൽ വച്ചു് വിഗ്രഹിച്ചു ഞെട്ടിപ്പോവാനുള്ള ഉപന്യാസത്തിൽ, ദൈവദൂഷണം അവലംബിച്ചു്, അമ്പലവഴിയിലൂടെ പോകുന്നതു തീർക്കാനിച്ചു, ഗുൻകുത്തുകളും ഏററം നായരുടെ പോലെ ധരിക്കുന്ന ഈ ഏഴവനെ ക്ഷേത്രത്തിലെ വാതിലിലായിരുന്നില്ല, നായർ മാനേജന്മാരായി പോയ അവരെ ഇടത്തുതുടിയിലുള്ള പ്രത്യേകതരക്കൊണ്ടും "ഈഴവവാണി"യിലുള്ള ദൈവദൂഷ്യത്തെക്കൊണ്ടും സവർണ്ണർ കണ്ടുപിടിച്ചു വഴക്കാവുന്നതുമുള്ള കഥ. മറെറാരു ക്ഷേത്രത്തിനടുത്തു ജാതി ചോദിച്ചപ്പോൾ "കോളജിൻ ക്ഷേത്രത്തിനാണേ" എന്നു പറഞ്ഞുപോയി! ശുദ്ധമായ ഭാഷയിൽ സംസ്കൃതിക്കുണ്ടെന്നു മോഹം കൊണ്ടു്, ആനന്ദവല്ലിക്കുണ്ടെന്നു കുട്ടു ഉത്സവപ്രമാണി, ഉച്ചഭാഷണിക്കു മുമ്പിൽചെന്നു് "മഹാജനങ്ങളേ! ഭയപ്പെടേണ്ട ആനയിനിയും ആഗതനായിട്ടില്ല." എന്നു പറയുമ്പോൾ ആർക്കു ചിരിച്ചുപോകാതിരിക്കുന്നു? "ഇന്നാളിലെ പത്രത്തിന്റെ ആഗ്രഹത്തിൽ അല്പം അഗ്നി കൊളുത്തണേ" എന്നു പറയുന്ന കുഞ്ഞിയാർ ഇണ്ടിക്കുട്ടനും വിരിന്നനല്ല. എത്രമാത്രം വിദ്യാസമ്പന്നരാണെങ്കിലും ജാതിസ്പർദ്ധയും അഹംഭാവവും ഇന്നുമുള്ളിയിൽ ഇപ്പോഴുമുണ്ടു്. ഇല്ലാതിരുന്നു. അപ്പോൾ ആരുന്നുറക്കുന്ന കാലത്തിനു മുമ്പുള്ള കഥ പറയേണ്ടതില്ലല്ലോ. "ഏതു് കുമാരൻ" എന്നു അവർണ്ണൻ സവർണ്ണരുടെ ഇടയിലേക്കു കടന്നു ചെന്നപ്പോൾ "ഇത്ര കുമാരൻ എന്തുക്കാക ഇങ്ങനെ ആയതു്?!" എന്നു ചോദിച്ചു ബ്രാഹ്മണവക്കീൽ തന്റെ ജീവിതമാർഗ്ഗത്തിൽ മത്സരവും ബുദ്ധിമുട്ടും ഉണ്ടാക്കുന്നവിധം കടന്നുവരുന്ന ഒരു യുവക്കുമുമ്പിൽ ഇടിയിലകപ്പെട്ടു കണ്ണിൽ കണ്ണുനീർ കണ്ണുകളുടെ ചൂർവ്വികർ സ്മൃതിമാരായ തന്നെക്കുറിച്ചു് അഭിമാനിക്കുന്ന ക്രിസ്ത്യാനികളും ഉന്നിതന്മാരാണ്, വെറും കൂലിയാളുകളല്ല, തങ്ങളെന്നു് അഭിമാനിക്കുന്ന ക്ഷത്രിയജാതിപ്രിശാചിന്റെ കയ്യിലെ വെറും കളിപ്പാവകളാണ്. താഴ്ന്നജാതിയിലുള്ളമിടുവിട്ടുക്കുന്നവർ ഉന്നതകുലജാതന്മാരുടെ ജാരസന്തതികളാണെന്നു് വിശ്വസിക്കാത്ത ശ്രേഷ്ഠന്മാർ ഉന്നതകുലങ്ങളിൽ പിറന്നവർ സ്ത്രീകൾ ജാരന്മാരുടെ മക്കളാണെന്നു സമ്മതിക്കേണ്ട ഗതികേടാണുള്ളതു്. "ചോപ്പുത്തി"യുടെ പേരിൽ ധാർമ്മികരോഷം കൊള്ളുന്ന ഈഴവനും "അമ്പലവഴി"യുടെ പേരിൽ പല്ലുകടിക്കുന്ന നായരും കരേം കള്ളനാണയത്തിന്റെ രണ്ടു വശങ്ങളാണ്. ഉയർന്നജാതിക്കാരുടെ ചവിട്ടുപടിച്ചുവിഴുകളിൽ ജാതിശൈലികൾ കുത്തിനിറച്ച് ഏതുജാതിക്കാരനും ഭോഗിക്കാനുള്ള ഉപകരണമായി അവർണ്ണരുടെ ഭൂമിക്കൊടുക്കുന്ന ശ്രീ: ഉദയഭാനു തിർച്ചയായും അഭിനന്ദനം അർഹിക്കുന്നു.

"വാക്കു അർത്ഥവും അനർത്ഥവും" "വാക്കുകൾ കോതേകിയരുണ്ട്" തുടങ്ങിയ ഉപന്യാസങ്ങളിൽ വാക്കുകളും വിവിധപ്രദേശങ്ങളിൽ അവയ്ക്കുള്ള അർത്ഥഭേദവും ഭാഷയ്ക്കുണ്ടെന്നു ശ്രദ്ധിപ്പിക്കുകയാണ് ശ്രീ: ഉദയഭാനു ചെയ്യുന്നതു്. ഒരു വാക്കിനു, അർത്ഥവ്യാപ്തിക്കു പ്രാദേശികമായ അർത്ഥഭേദങ്ങൾ ഉള്ളതിനാൽ ഒരു വാക്കുകേട്ടാൽ ഉടനെ ഇണ്ടിയിരിക്കയോ ഒരു തീരുമാനത്തിലേക്കു ചാടിവീഴുകയോ ചെയ്യാതെ അതിന്റെ പ്രയോക്താവുദ്ദേശിച്ച അർത്ഥം വ്യക്തമായി മനസ്സിലാക്കി അനർത്ഥങ്ങൾ വരുത്തിവയ്ക്കാതെ സൂക്ഷിക്കണമെന്ന ഗ്രന്ഥകാരന്റെ ഉപദേശം നമുക്കു സ്വീകരിക്കാവുന്നതാണ്.

ശ്രീ: ഉദയഭാനുവിന്റെ അഭിപ്രായവും വിശാലമായ ലോകപരിചയവും വിവാദകാര്യങ്ങൾ വിശദമായി പറയുന്നുള്ള "അർത്ഥവും അനർത്ഥവും" എന്ന ഗ്രന്ഥത്തിലെ എല്ലാ ഉപന്യാസങ്ങളിലും തെളിഞ്ഞുകാണാം. മലയാളഭാഷയിൽ വളർന്നുവികസിക്കേണ്ട ലക്ഷ്യപ്രധാനമായ ഒരു ഗ്രന്ഥമാണ് "അർത്ഥവും അനർത്ഥവും" ഒരു മുതൽക്കൂട്ടാണെന്നു കാര്യത്തിൽ വിമർശനമില്ല.

അർത്ഥവും അനർത്ഥവും

By ശ്രീ: ഉ. പി. ഉദയഭാനു.

വില [illegible]

പ്രസാധകന്മാർ: സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.

നിനാലോചിച്ചാൽ ഈ പെൺജന്മമെന്നതു് ഒരു പൊതുശാപം തന്നെയാണു്. പെണ്ണായിപ്പിറന്നാൽ മണ്ണല്ല അതു് അരിയും പഞ്ചസാരയും മണ്ണെണ്ണയുമായി മാറി റേഷൻകടകളിലെത്തിയാലും ശരി കണ്ണീരുതന്നെയാണു് അവശേഷിക്കുക.

ഈ ആണുങ്ങൾക്കെന്തറിയണം? ഇഷ്ടംപോലെ നടക്കാം. തോന്നിയതുപോലെ ജീവിക്കാം. ആരുണ്ടു് ചോദിക്കാനും പറയാനും? എന്നാൽ പെണ്ണിന്റെ കഥയങ്ങനെയാണോ? പെറ്റു മണ്ണിൽ വീഴുന്നതു മുതൽ ചത്തു മണ്ണിലടിയുന്നതുവരെ നിത്യദുരിതമാണവൾക്കു്. എത്രയെത്ര വിലങ്ങുകളും വിലക്കുകളും വിലക്കുകളും! ഒന്നങ്ങോട്ടു തിരിഞ്ഞാൽ കുററം. ഇങ്ങോട്ടു ചരിഞ്ഞാൽ കുററം. കുനിഞ്ഞാൽ കുററം. കുടഞ്ഞാൽ കുററം. നിന്നാൽ ഇരുന്നാൽ നടന്നാൽ കിടന്നാൽ ഓടിയാൽ ചാടിയാൽ പാടിയാൽ എന്തിനു്, അവളെന്തു ചെയ്താലും ചെയ്തില്ലെങ്കിലും എല്ലാം കുററം തന്നെ. എന്നാലീ കുററവും കുറവുമൊക്കെ കണ്ടുപിടിക്കുന്നതാരാണു്? അതല്ലേ തമാശ്—അവളുടെ വർഗ്ഗക്കാർ തന്നെ! ചുമ്മാതാണോ പണ്ടാരു വലുതു പറഞ്ഞതു്—"മക്കളേ, രണ്ടു തല ചേരും, എന്നാൽ നാലു മുല ചേരുകയില്ല." അതായതു രണ്ടു പുരുഷന്മാർ യോജിക്കും, രണ്ടു സ്ത്രീകൾ യോജിക്കുകയില്ല. മരുമകളുടെ കുററം അമ്മായിയമ്മ കണ്ടുപിടിക്കുന്നു. ആ അമ്മായിയുടെ കുററം അവരുടെ യശഃശരീരയായ അമ്മായിയമ്മത്തന്നെ കണ്ടുപിടിച്ചതാണു്. യശഃശരീരയുടെ കഥയും ഇതുതന്നെ. അമ്മ മക്കളുടെ കുററം കണ്ടുപിടിക്കുന്നു. ആ മക്കൾ അവരുടെ മക്കളുടേതും. ടീച്ചർ കുട്ടികളുടെ കുററം. ടീച്ചറുടെ കുററം ഹെഡ്മാസ്ററ്റസ്. ഹെഡ്മാസ്ററുടെ കുററം ലക്ചറർ. ലക്ചററുടേതു പ്രൊഫസർ. പ്രൊഫസറുടേതു് പ്രിൻസിപ്പൽ. അററന്ററുടെ കുററം നേഴ്സ്. നേഴ്സിന്റെ കുററം ഡോക്ടർ. ചുരുക്കിപ്പറഞ്ഞാൽ സ്ത്രീ ആരായാലും ശരി അവൾ ആദ്യവസാനം സ്ത്രീതന്നെയാണു്.

പണ്ടുപണ്ടൊരിക്കൽ ഇദ്ദുനിയാവിലെ സമസ്ത മഹിളാസംഘടനക്കാരുകൂടി ഒന്നിച്ചൊരിടത്തു യോഗംചേർന്നു് ഒരു മെമ്മോറാണ്ടം എഴുതിത്തയ്യാറാക്കി സൃഷ്ടികർത്താവായ സാക്ഷാൽ ബ്രഹ്മദേവനെ അതു ഒവെക്കുന്നുചെന്നു് മുകളിലേക്കു നോക്കി മുഖം കാണിച്ചുവരുത്തി! പാമ്പിൻ രോമത്തയിൽ പള്ളികൊള്ളും പത്മനാഭന്റെ പൊക്കിൾക്കൊടിത്താമരയിലിരുന്ന നാൽമുഖങ്ങളുള്ളവൻ കണ്ണടച്ചില്ലുകൾക്കിടയ്ക്കുകൂടി അന്തിച്ചുനോക്കിയ ബ്രഹ്മാവിന്റെ മുഖത്തിനു നേരേ മുഷ്ടിചുരുട്ടി അന്തരീക്ഷത്തിലിടിച്ചു് വൈകുണ്ഠം കിടുങ്ങുമാറു് അവർ മുദ്രാവാക്യം മുഴക്കി—

"വേവിച്ചീടാൻ പെണ്ണുങ്ങൾ
വെച്ചുവിളമ്പാൻ പെണ്ണുങ്ങൾ.
പാവെച്ചിടാൻ പെണ്ണുങ്ങൾ
പമ്പരമാടാൻ പെണ്ണുങ്ങൾ.
കരക്കുകണ്ടു സുഖിച്ചു രസിക്കാനുണ്ടൊരു വകയി ആണുങ്ങൾ.
നാണം കെട്ടോരാണുങ്ങൾ!
ഇതെന്തു നീതി ഹേതു നീതി
പറയൂ പറയൂ ബ്രഹ്മാവേ!
വ്യാക്കണ്ടാകാൻ പെണ്ണുങ്ങൾ

കവിതകൾ

വയറു ചുമക്കാൻ പെണ്ണുങ്ങൾ
ഛർദ്ദി തികട്ടലുരുണ്ടുകയററം
സർവ്വാംഗം [illegible] കടച്ചുക്കം,
ബ്രഹ്മനൊരുത്തരമതില്ലാഞ്ഞിട്ടോ
ഇഗ്ഗതി [illegible] ഞങ്ങൾക്കായ്?
പ്രസവപ്പോരി പെണ്ണുങ്ങൾ
പ്രജപെ കരാമി പെണ്ണുങ്ങൾ
പ്രപഞ്ചമിവിധമിയന്നു പോവാൻ
പ്രധാനകാരണമി ഞങ്ങൾ!
അങ്ങനെയുള്ളൊരു ഞങ്ങളുടെ ദുരിതം
പോക്കുകവേഗം ഫോർമുഖനേ!
ഇരുപ്പുന്നാകൽ കട്ടായം
നിനൊപ്പിന്നെ കണ്ടോളാം!"

തങ്ങളുടെ ഗർഭകാലാവധിയായ പത്തു മാസത്തിൽ അഞ്ചുമാസം തങ്ങൾക്കും ബാക്കിയുള്ള അഞ്ചുമാസം ആ ഗർഭത്തിനുത്തരവാദിയായ പുരുഷനും തുല്യമായി വീതിച്ചുകൊടുക്കണമെന്നായിരുന്നു അവരുടെ ഡിമാൻറു്. താഴെ ഇതൊന്നുമറിയാത്ത മട്ടിൽ കള്ളഉറക്കത്തിൽ ഏർപ്പെട്ടിരുന്ന എല്ലാമറിയുന്ന ശ്രീപത്മനാഭൻ ഇതിനകത്തിരുന്നുതാഴുള്ളായ മുകളിൽ മിഴിച്ചിരിക്കുന്ന ബ്രഹ്മാവിനെ നോക്കി കണ്ണിറുക്കി കാണിച്ചു. വരം കൊടുത്തേതരെ അളിയാ എന്നായിരുന്നു അതിന്റെ സാരം.

ബ്രഹ്മൻ സസന്തോഷം വരപ്രസാദം നടത്തി—

"അല്ലയോ മഹിളാമണികളേ! കിണികളേ! നാളിതുവരെ അബലകളായ നിങ്ങൾ അനുഭവിച്ചുവരികയായിരുന്ന ഗർഭസംബന്ധ യാതന ദുഃഖങ്ങളിലും കഷ്ടതകളിലും നമുക്കുണ്ടായിരുന്ന സഹതാപവും അമർഷവുമാണുള്ളതു്."

"അബലയെന്നതു് പിൻവലിക്കണം. ഇവിടെയാരും അബലകളല്ല!" കരയ്ക്കു നിന്ന ഒരു നവോഢ ഉറക്കെ വിളിച്ചുപറഞ്ഞു: "ഇതാ വലിച്ചിരിക്കുന്നു." ഉത്സവപ്പറമ്പിന്റെ നടുക്കു് മുളങ്കാലിൽ വെച്ചുകെട്ടിയ കോളാമ്പികളിലൂടെന്നോണം ബ്രഹ്മാവും വാ നാലിലും കൂടി വിളിച്ചുപറഞ്ഞു. അദ്ദേഹം തുടർന്നു—

"നിങ്ങളുടെ മെമ്മോറാണ്ടത്തിൽപ്പറഞ്ഞിരിക്കുന്നതായ ഡിമാൻറ് നാം മുക്തകണ്ഠം നാലുകൊണ്ടും സർവ്വാത്മനാ അംഗീകരിച്ചിരിക്കുന്നു."

കരയിൽ വളകിലുക്കത്തോടെയുള്ള കരഘോഷം.

"മേലാൽ ഗർഭകാലമായ പത്തുമാസത്തിൽ പകുതി സ്ത്രീകളും ബാക്കി പകുതി പുരുഷന്മാരും തുല്യമായി പങ്കിട്ടനുഭവിക്കുന്നതാകുന്നു. അപ്പോൾ പ്രസവപ്രക്രിയയോ?" ബ്രഹ്മൻ വരംകഴിഞ്ഞാരു കൊററിയിട്ടു.

അതുകേട്ടു് സ്ത്രീകളുടെയിടയ്ക്കു ബഹളമായി. കലപില കലപില. പ്രസവക്കാര്യം തങ്ങളേററുവെന്നും, അതു തങ്ങളുടെ അവകാശമാണെന്നും, നൂററാണുങ്ങളായി, തലമുറതലമുറകളായി ആ ചന്ദ്രതാരമേസന്തതിപ്രവേശമേ അനുഭവിച്ചുവരുന്നതായ ആ അവകാശം ഒരു സുപ്രഭാതത്തിൽ പുരുഷന്മാർക്കു് തീറെഴുതി നാടുവിടാൻ തങ്ങളൊരുക്കമില്ലെന്നും, പ്രസവസുഖം അനുഭവിച്ചവർക്കേ അറിയാവൂയെന്നും, അതൊന്നു വേറെത്തന്നെയാണെന്നും ചിലർ പ്രഖ്യാപിച്ചപ്പോൾ തങ്ങളാലിതു് ഇനിയൊരിക്കലും വയ്യെന്നു് മററുചിലർ പ്രസ്താവിച്ചു. ആകെ ആശയക്കുഴപ്പം. അഭിപ്രായസംഘട്ടനം. ഒരുകൂട്ടർ മുദ്രാവാക്യം വിളിച്ചു—

"പേറുകളാലേ മുന്നേറും
വീറുള്ളോരീ പെണ്ണുങ്ങൾ
ആരാണാരാണതു തടയാൻ
അക്കളി തീക്കളി ബ്രഹ്മാവേ!"

അപ്പോൾ മറേറക്കൂട്ടർ—

"ചോറില്ലെങ്കിൽ സഹിച്ചോളാം
ചേറിൽച്ചെളിയിൽ കഴിഞ്ഞോളാം
ചോററാനിക്കരെ ഭഗവതിയേ
പേററുനോവിനി വയ്യായേ!"

പരസ്പരം തിരുപ്പനിത കൈവയ്ക്കുമെന്ന ഘട്ടത്തിലായപ്പോൾ ഭഗവാനിടപെട്ടു:

"പ്രസവമാഗ്രഹിക്കുന്ന സ്ത്രീകൾക്കു് അതാവാം. അല്ലാത്തവരുടെ കാര്യത്തിൽ പുരുഷന്മാർ പുരുഷന്മാർ പ്രസവിക്കുമാറാകട്ടെ."

"സിന്ദാബാദ് സിന്ദാബാദ്
ബ്രഹ്മദേവൻ സിന്ദാബാദ്!
പുരുഷമേധാവിത്വം അവസാനിക്കട്ടെ!

സുകുമാർ

സ്ത്രീമേധാവിത്വം പുലരട്ടെ!"

മഹിളാസംഘക്കാർ സന്തുഷ്ടരായി പിരിഞ്ഞു.

ഭൂമി സൗരയൂഥത്തിൽ പിന്നെയും കറങ്ങി. സംഭവങ്ങൾ മുറയ്ക്കു നടന്നു. സ്ത്രീകൾ ഗർഭംധരിച്ചു. അഞ്ചുമാസംവരെ അവരതുംകൊണ്ടു നടന്നു. ആറാംമാസംമുതൽ അവർ തങ്ങളുടെ ഭർത്താക്കന്മാരുടെ ഉദരം ശ്രദ്ധിച്ചു.

തെക്കേത്തലെ കല്യാണിക്കുട്ടിക്കു് മാസം അഞ്ചുകഴിഞ്ഞിരിക്കുന്നു. ഇതു് ആറാണു്. ബ്രഹ്മാവിന്റെ വരമനുസരിച്ചു് ഇനി ഗർഭസ്ഥശിശുവിന്റെ പിതാവാണു്. ഗർഭം തുടർന്നു് ധരിക്കേണ്ടതു്. കല്യാണിക്കുട്ടി ഭർത്താവു് ചെന്താമരാക്ഷൻനായരുടെ വയറുനോക്കി ഇരിപ്പാണു്, ഇപ്പോൾ കേറി അതു വീർക്കുമെന്നും കരുതി. മാസം അഞ്ചുകഴിഞ്ഞിട്ടു് ദിവസം അഞ്ചായി. പത്തായി. ഇരുപതായി. ങേഹേ! കല്യാണിക്കുട്ടിയുടെ വയറങ്ങു ചെറുതാകയും ചെയ്തു. ചെന്താമരാക്ഷന്റെ വയ

വിശേഷാൽ ജനസമ്മതിയുള്ള മത്സരം

പ്രവേശനമുഖീയില്ല—നിങ്ങൾക്കു

ഒരു സമ്മാനം കിട്ടിയേ തീരൂ

ഒന്നാംസമ്മാനം:— ഒരു സ്ക്കൂട്ടർ വെസ്പാ, അല്ലെങ്കിൽ അല്ലിവിൻ റഫ്രിജറേറ്റർ. രണ്ടാംസമ്മാനം:— ഒരു ടേപ്പ്റിക്കാർഡർ അല്ലെങ്കിൽ ആട്ടോമാറ്റിക് ക്യാമറ അല്ലെങ്കിൽ റേഡിയോഗ്രാം. മൂന്നാംസമ്മാനം:—(100) ജപ്പാൻ 3 ബാൻഡ് ട്രാൻസിസ്റ്റർ റേഡിയോ "ആൾവേൾ ട്രാൻസിസ്റ്റേഴ്സ്" (വില 275 രൂ.) നാലാംസമ്മാനം:—(10) ജപ്പാൻ 3 ബാൻഡ് ട്രാൻസിസ്റ്റർ റേഡിയോ "ആൾവേൾ ട്രാൻസിസ്റ്റേഴ്സ്" (വില 250 രൂ.)

നിങ്ങളെന്തു ചെയ്യണം?

ഉപയോഗിച്ചു്, മുകളിലോട്ടും, ഇടത്തുവലതായും, കോണോട്ടുകൂടിയും, ഇടിയാൽ 38 കിട്ടത്തക്കവിധം എഴുതുക. ഒരു സംഖ്യ മുന്നിൽക്കൂട്ടൽ പ്രാവശ്യം ഉപയോഗിക്കാൻ പാടില്ല.

ഫലപ്രഖ്യാപനം:

അയയ്ക്കേണ്ട അവസാനദിവസം: 29-7-73 31-7-73

(ഇടിയാൽ 34 കിട്ടത്തക്കവിധം)

ഒരു മാതൃക ചുവടെ ചേർക്കുന്നു

5	8	11	10
12	9	6	7
14	15	4	1
3	2	13	16

മത്സരത്തിനുള്ള നിയമങ്ങൾ: (1) വെള്ളക്കടലാസ് ഉപയോഗിക്കുക. (2) തിരുത്തലുകൾ ചെയ്ത പൂരണം സ്വീകാര്യമല്ല. (3) പരിശോധകന്മാരുടെ തീരുമാനം അവസാനത്തേതും നിയമപരവുമായിരിക്കും. ഈ മത്സരത്തിന്റെ സുപ്രധാന വ്യവസ്ഥയാണിതു്. (4) ഔദ്യോഗികമായി മുദ്രവച്ച പൂരണങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ. (5) ഒന്നാംസമ്മാനം (1) ഔദ്യോഗികപൂരണത്തോടു കൂടി നിലനിന്നതിനു നൽകപ്പെടും. (6) രണ്ടാംസമ്മാനം (2) മുകളിലത്തെ മൂന്നു് ഇടത്തുവലതു് വരികളുടെ സാമ്യം നോക്കി നൽകപ്പെടും. (7) മൂന്നാംസമ്മാനം (100) ഔദ്യോഗികമായ പൂരണമായി ഏതെങ്കിലും നിരയിലോ, സംഖ്യയിലോ ഉള്ള സാമ്യം നോക്കി നൽകപ്പെടും. (8) നാലാംസമ്മാനം പരിശോധകന്മാർ തൃപ്തികരമായി തോന്നുന്ന (10) പൂരണങ്ങൾക്കു നൽകപ്പെടും. (9) വിജയികൾ പോസ്റ്റേജ് പാക്കിംഗ് ചെലവ്, ലൈസൻസ് ഫീസ് എന്നിവ തുടങ്ങിയ കിട്ടുന്ന സാധനത്തിനനുസരണമായി കൊടുക്കണം. (10) മുന്നും നാലും സമ്മാനങ്ങൾ വാങ്ങുന്നവർ അവരുടെ മുകളിൽ പറഞ്ഞ ചിലവുകൾ കൂടാതെ ട്രാൻസിസ്റ്റഴ്സിന്റെ പാതി വിലകൂടി കൊടുക്കണം. ഞങ്ങളുടെ നിയമങ്ങൾക്കും നടപടിക്രമങ്ങൾക്കും അവർ വിധേയരാണ്. (11) വിജയികൾക്കു കത്തുമുഖേന ഫലപ്രഖ്യാപനം അറിയിക്കുന്നതും, ലൈസൻസ് ഫീസും ഇന്ത്യൻ ഡിപ്പോസിറ്റും ചെയ്യേണ്ടതുമാണ്. (12) ഫലമറിയാൻ 45 പൈസയുടെ പോസ്റ്റൽസ്റ്റാമ്പുകൂടി അയയ്ക്കുക. (13) ഒരു കുടുംബം ഒരു പൂരണമേ അയയ്ക്കാൻ പാടുള്ളൂ. (14) നിങ്ങളുടെ മേൽവിലാസം ഇംഗ്ലീഷിലോ ഹിന്ദിയിലോ മാത്രമേ എഴുതാവൂ. ഭാവിയിലെ ഉപയോഗത്തിനു് ഈ നിയമങ്ങളുടെ ഒരു പ്രതി സൂക്ഷിച്ചുകൊള്ളുക.

Director—Contest Department

MUSIC & SOUND (WMN-38) P. O. Box No. 1576, Delhi-6.

ഒരാൾ വീണ്ടുമല്ലി! ഇരുന്നാൽ മായി അപ്പോൾ കാണാം. അവിടെയല്ല നീലപ്പിള്ളയുടെ വയറിനടുത്ത് അനക്കം കേൾക്കണം! അങ്ങേരുടെ കുടുംബത്തിൽ ഗർഭവുമില്ല! ഇപ്പോൾ ചിന്താമഗ്നനായിട്ടു് നീലപ്പിള്ളയും തമ്പിൽ കണ്ടാൽ ഉടിയാട്ടമില്ല. അതിനെന്താ? കല്യാണിയും മാധവിയും ഗ്രാമത്തിലെയുടെ തണ്ടു പുറത്തു് മായിനിന്നു് ഇതന്റെ പകരം തീർക്കണം. പടിഞ്ഞാറേ പിക്കത്തിന്റെ കാര്യവും ഇതുപോലെതന്നെ. അവർക്കു മാസം അഞ്ചുകഴിഞ്ഞിരിക്കുന്നു. ഭർത്താവു് കണ്ണുമേനോന്റെ ഉദരം അന്നമന്നം നക്കിക്കിപ്പോണു്. പങ്കജത്തിന്റെ അറിയാൻ ഏറെറടുത്തിരിക്കുന്നതോ കശിനിക്കാരൻ കൊച്ചപ്പൻ കണ്ണുമേനോൻ ആളൊരു അഭിമാനിയാണു്. നാണക്കേടു് നാട്ടുകാരറിയരുതെന്നുവെച്ചു് വയറിലൊരു തലയിണയും കെട്ടി. അതിനുമതിയെന്തു ഉപയുക്തമുണ്ടു്? അദ്ദേഹമിപ്പോൾ നടക്കുന്നതോ പത്തോ ദിവസം കഴിഞ്ഞു് അഴിച്ചുമാററാം. സംഗതി അലസിപ്പോയതാണെന്നു് പറഞ്ഞേച്ചാൽ മതി. പിന്നെ കൊച്ചപ്പന്റെ കാര്യം. അവനതു് ചുമക്കണം! എൻജിനീയർ ഭീമൻ നായരുടെ ഡ്രൈവർ കൃഷ്ണപിള്ളയ്ക്കു് ഏഴാംമാസം. എന്നാൽ കൃഷ്ണപിള്ളയുടെ ഭാര്യ പാറുക്കുട്ടിക്കു് മാസം നാലായിട്ടേയുള്ളു! പാറുക്കുട്ടിക്കു് ഗർഭമുണ്ടെന്നറിഞ്ഞു് അയല്ക്കാരൻ നാണുക്കുട്ടൻ നാട്ടുവിട്ടിരിക്കുകയാണു്. നാട്ടുവിട്ടാലും വീർക്കേണ്ടതു വീർക്കുകതന്നെ ചെയ്യുമെന്നതു് നാണുവിനറിഞ്ഞുകൂടി! അങ്ങനെയല്ലെ അവധിക്കു വന്നു് തിരിച്ചുപോയി അതിത്തായിൽ തോക്കുംപിടിച്ചുനിന്ന അപ്പുക്കുട്ടന്റെ വയറു് ബെലൂണ്ടു് പൊട്ടിച്ചുകൊണ്ടു് പുറത്തുചാടി ആറുമാസത്തിൽ നിന്നതു്! കോളേജുക്ളാസ്സിൽ പെൺകുട്ടികളുടെ മുമ്പിൽ ഷേക്സ്പിയറെടുത്തുകൊണ്ടിരുന്ന നിതുബ്രഹ്മചാരിയായ ലക്ചററുടെ വയറു് യാരോരു മുന്നറിയിപ്പും കൂടാതെ ബർട്ടിന്റേയും പാൻറിന്റേയും ബട്ടണുകളത്രയും പൊട്ടിത്തെറിപ്പിച്ചുകൊണ്ടു് മുന്നോട്ടു ചാടിയതു്! ലോകമേ മായയെന്നും പറഞ്ഞു് കേയപ്പിള്ളയുടെ ചായക്കടയിലിരുന്നു് തോയതിന്നുകൊണ്ടിരുന്ന സ്വാമി മായാനന്ദന്റെ വയറുപൊട്ടെന്നു കേറിപ്പൊട്ടിയതു് അതു മേയയിൽ തട്ടിയതും, അടുത്തിരുന്ന മീയാന്റെ ചായയ്ക്കുള്ളിൽ വീണതും!

ഗുരു

ചുരുക്കിപ്പറഞ്ഞാൽ കാര്യങ്ങളൊക്കെ കുഴപ്പത്തിലാണു്. ഗർഭിണികൾ ശ്രദ്ധിക്കണം. കടുംബജീവിതം തകരാറിലായി. സ്ത്രീകൾക്കും പുരുഷന്മാർക്കും തമ്മിലുള്ള ബന്ധം കുറയുന്നു. ഒടുവിൽ ആണും പെണ്ണുമല്ലാത്ത ഒരു വർഗ്ഗമാനുപേരുകൂടി ബ്രഹ്മാവിനെ പ്രാർത്ഥിച്ചു കഴിവുള്ള ഗുരുക്കന്മാരായി. പെണ്ണുങ്ങളെന്നുകേട്ടാൽ വലിയ വായിൽ വിളിച്ചുപറഞ്ഞു—

"ഗുരുക്കന്മാരേ! ഞങ്ങളെ രക്ഷിക്കണേ! ആണുവർഗ്ഗത്തിനു് ഭയമായി! ഞങ്ങളെ ആണുങ്ങൾ ചുമക്കുന്നു! ഞങ്ങൾ ചുമക്കുന്നു! ഞങ്ങൾ പിഴയുള്ളപ്പോലെയല്ല കഴിഞ്ഞോളാം. പത്തല്ല, ഇരുപതുമാസം വേണമെങ്കിലും ഈ ചുമടു് ചുമന്നോളാം. മനുഷ്യനു് മാനമല്ലേ തമ്പുരാനേ വലുതു്?"

ബ്രഹ്മാവു് ഇതുകേട്ടു് ഒരു കാന്താരാവുപുഞ്ചിരിയോടെ തന്റെ വലതുകരം പൊക്കി ഒരു പന്ത്രണ്ടാം നമ്പർ വേല കാണിച്ചിട്ടു് പറഞ്ഞു. മറഞ്ഞു.

"ഓക്കെ!"

★

മേമ്പൊടി

ആരു വിശ്വസിച്ചാലും കൊള്ളാം. ഇല്ലെങ്കിലും കൊള്ളാം. എനിക്കു് ജ്യോസ്യത്തിൽ അല്പസ്വല്പം വിശ്വാസമുണ്ടു്.

കിട്ടുക്കുറുപ്പിന്റെ മകന്റെ ജാതകത്തിൽ ഉലക്കപോലെ നമ്മുടെ പഴയ പപ്പുവാശാൻ എഴുതപ്പെട്ടുള്ളതാണു്. ഗ്രഹനിലയനുസരിച്ചു് അവന്റെ അഞ്ചുവയസ്സിൽ അവനു് പിതൃകർമ്മയോഗമുണ്ടെന്നു്. എന്നിട്ടെന്തായി? കിട്ടുക്കുറുപ്പു് ഇന്നും ജീവിച്ചിരുപ്പുണ്ടു്. സംഗതി ശരിതന്നെ. പക്ഷേ, മകന്റെ അഞ്ചാം പുറന്നാളിന്നു് കിണററിൽ വീണ്ടുചന്ന ചങ്കരനെക്കണ്ടു് കുറുപ്പിന്റെ ഭാര്യ നിന്നു തേങ്ങിയതെന്തിനെന്നു് കുറുപ്പിനൊരുപക്ഷേ, അറിഞ്ഞുകൂടെങ്കിലും ഭാര്യക്കും ജ്യോസ്യത്തിനും നന്നായിട്ടറിയാം.

പതിനാലു്

ഗ്രൈഡിയൺ പുത്രന്റെ വ്രണങ്ങൾ ഭേദമാക്കി. എന്നിട്ടു് ബ്ളോഡ്വുഡിന്റെ മാളികയിലേക്കു പോയി. കാര്യം കഴപ്പമായെന്നു ആ വഞ്ചകിക്കു മനസ്സിലായി. അവൾ അവിടുന്നു് ഓടിത്തുടങ്ങി. ഗ്രൈഡിയൺ പുറകെ ഓടി അവളെ പിടിച്ചുടി. നല്ലൊരു ശിക്ഷയും നൽകി. അവളെ ഒരു മൃഗമാക്കി!

ഗ്രൈഡിയണും ല്യൂവുംകൂടി ഗ്രോൺവിനെ കണ്ടുപിടിച്ചു. ല്യൂ കന്തമേററിയ്ക്കേ പന്തൽ? അവിടെ ഗ്രോൺവിനെ നിറുത്തി. ല്യൂ തനിക്കു കിട്ടിയ അനുഭവം തിരിച്ചു നൽകി—അതായതു്, കന്തംകൊണ്ടു് ഗ്രോൺവിനെ കുത്തിക്കൊന്നു!

★

ഒരുദിവസം പിവിൽ വേട്ടയ്ക്കു കാട്ടിലേക്കു പോയി. വേട്ടപ്പട്ടികളേയും കൊണ്ടുപോയ്ക്കുന്നു ഒന്നിച്ചു കുറെ കൂട്ടുകാരുണ്ടു്. നേരം കഴിഞ്ഞതോടെ പിവിൻ കൂട്ടുകാരിൽനിന്നു് ഒററപ്പെട്ടുപോയി. വേട്ടപ്പട്ടികൾ കൂടെയുണ്ടുതാനും. ഉടനെ അന്യന്റെ വേട്ടപ്പട്ടികളുടെ കുര കേൾക്കമാറായി. അവ ഒരു മാനിനെ ഓടിച്ചുവരുന്നതു കണ്ടു. മാൻ പ്വിവിലിന്റെ അടുത്തു് എത്തിയപ്പോഴൊ? അന്യന്റെ വേട്ടപ്പട്ടികൾ അതിനെ കടിച്ചുകൊന്നു. പിവിൽ അവരെയ വിരട്ടിയോടിച്ചു. എന്നിട്ടു് സ്വന്തം വേട്ടപ്പട്ടികളെ ചത്ത മാനിനു കാവലിട്ടു അപ്പോഴേക്കും ഒരു യോദ്ധാവു കുതിരയോടിച്ചുവന്നു.

"എന്റെ പട്ടികളാണു മാനിനെ കൊന്നതു്, നിങ്ങൾ അവയെ ഓടിച്ചിട്ടു നിങ്ങളുടെ പട്ടികളെ കാവലാക്കി. അതൊട്ടും മര്യാദയല്ല" യോദ്ധാവു് ചോദിച്ചുകൊണ്ടു പറഞ്ഞു.

അപ്പറഞ്ഞതു തെററല്ലെന്നു പിവിലിനു തോന്നി.

"ഞാൻ മാപ്പു ചോദിക്കുന്നു" അയാൾ വിനയത്തോടെ പറഞ്ഞു.

അധോലോകത്തു് ഒരു രാജ്യമുണ്ടു്. അൻവൺ എന്നാണു് ആ രാജ്യത്തിന്റെ പേരു്. അവിടെ രണ്ടു രാജാക്കന്മാരുണ്ടു്. ഒരു രാജാവു് ആറാൺ. മററു രാജാവു് ഹാവ്ഗൻ. ഇരുവരുംതമ്മിൽ മത്സരമായി, വഴക്കായി. തോററതു് ആറാൺ ആയിരുന്നു. അയാൾ രാജ്യം വിട്ടിറങ്ങി. തക്കതായ ഒരു മിത്രത്തെ സമ്പാദിക്കണം. അതിനായി ചുററിനടക്കയാണു്, ആറാൺ. അയാളാണു പിവിലിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടതു്.

"പിവിൽ, ഞാൻ നിങ്ങൾക്കു മാപ്പുതരുന്നു. പക്ഷേ, ഒരു കരാറിന്മേൽമാത്രം. നിങ്ങൾ എനിക്കുപകരം ആൺവൺരാജ്യത്തു പോകണം. ഹാവ്ഗനെ തോൽപ്പിച്ചു് എന്നെ രാജാവാക്കണം," ആറാൺ ആവശ്യപ്പെട്ടു.

സമ്മതിക്കാതെ ഗത്യന്തരം ഇല്ലാതായി പ്വിവിലിനു്. ആറാൺ തന്റെ സ്വരൂപം പിവിലിനു നൽകി. അയാൾ പിവിലിന്റെ രൂപം സ്വീകരിക്കുകയും ചെയ്തു. ആരുമാരും അറിഞ്ഞില്ല ആ ആൾമാറാട്ടം. ഒരു വർഷം തികയുന്ന ദിവസം ഈ സ്ഥലത്തു വന്നുചേരണം—അതായിരുന്നു ഇരുവരുംതമ്മിൽ ചെയ്ത നിശ്ചയം.

ഐതിഹ്യലോകം

—മാലി

ആറാണിന്റെ രൂപത്തിൽ പിവിൽ അൻവൺരാജ്യത്തിലെത്തി. ആറാണിന്റെ ബന്ധുക്കൾ അവിടെയുണ്ടു്, അവർക്കാർക്കും യാതൊരു സംശയവുമുണ്ടായില്ല—ആറാണിന്റെ പത്നിക്കുപോലും!

അവിടെ കുറെ നാൾ താമസിച്ചു പിവിൽ. പിന്നീടു് ഹാവ്ഗനെ ദ്വന്ദ്വയുദ്ധത്തിനു വെല്ലുവിളിച്ചു. ഹാവ്ഗൻ വെല്ലുവിളി സ്വീകരിച്ചു. പിവിൽ എതിരാളിയെ കൊലപ്പെടുത്തി. അതോടെ രാജ്യം മുഴുവനും അയാളുടെ അധീനതയിലായി. ആറാണുമായി ചെയ്തിരുന്ന കരാർ നല്ലവണ്ണം ഓർമ്മയുണ്ടു്! കൃത്യദിവസം വന്നപ്പോൾ അയാൾ നിശ്ചയിച്ച സ്ഥലത്തെത്തി.

ആറാൺ കാണ്ടുനില്ക്കുണ്ടായിരുന്നു. അയാൾ പിവിലിന്റെ രൂപം തിരിച്ചെല്ലിച്ചു. എന്നിട്ടു് തന്റെ രൂപം മടക്കി വാങ്ങി. സ്വരാജ്യത്തുചെന്നു രാജാവായി വാഴുകയും ചെയ്തു.

പിവിൽ നാട്ടിലെത്തിയപ്പോഴൊ? എല്ലാം പഴയപോലെതന്നെ. തന്റെ ആൾമാറാട്ടം ആരും അറിഞ്ഞിട്ടില്ല

ചെറിയൊരു കന്നുണ്ടായിരുന്നു അടുത്തൊരിടത്തു്. അത്ഭുതം നിറഞ്ഞ ഒരു കന്നാണതു്. ആരെങ്കിലും അതിന്റെ മുകളിൽ ചെന്നിരുന്നാലോ? ഒന്നുകിൽ ദേഹത്തു് മുറിവുകൾ പററും. അല്ലാത്തപക്ഷം അതിശയകരമായ എന്തെങ്കിലും കാഴ്ച കാണും. ഒന്നു നേരിട്ടു പരീക്ഷിക്കണം എന്ന ആഗ്രഹമുണ്ടായി പിവിലിനു്. അയാൾ കന്നിൻപുറത്തു ചെന്നിരിപ്പായി. മുറിവുകൾ പററുന്നതിനുപകരം കാഴ്ച കാണുകയാണുണ്ടായതു്. അതിസുന്ദരിയായ ഒരു യുവതി കുതിപ്പുറത്തു സഞ്ചരിക്കുന്നു. അവളുടെ പുറകെ ഒരു അനുചരനെ പറഞ്ഞയച്ചു പിവിൽ. അനുചരൻ അതിവേഗം മുമ്പോട്ടു പൊയ്ക്കൊണ്ടിരുന്നു. എത്രവേഗം പോയിട്ടും സുന്ദരിയെ സമീപിക്കുന്നില്ല. കുറച്ചുകഴിഞ്ഞു് അവർ മറയുകയും ചെയ്തു.

അടുത്ത ദിവസവും പിവിൽ സ്ഥലത്തെത്തി. അപ്പോഴും സുന്ദരിയെ കാണുമാറായി. പിവിൽ ഒരു അശ്വഭടനെ നിയോഗിച്ചു. അശ്വഭടൻ അതിവേഗത്തിൽ കുതിരയോടിച്ചുപോയി. എന്നിട്ടും സുന്ദരിയുടെ അടുത്തെത്താൻ സാധിച്ചില്ല. തലേന്നാളത്തെപ്പോലെ അവൾ മറഞ്ഞുകളഞ്ഞു.

അതിനടുത്ത ദിവസം പിവിൽ ഏകനായി കുതിരപ്പുറത്തു പുറപ്പെട്ടു. സുന്ദരിയെക്കണ്ടു പുറകെ കുതിരയോടിച്ചു. എന്നിട്ടും അവളുടെ അടുത്തെങ്ങും എത്തിയില്ല.

"ദയവുചെയ്തു് ഒന്നു നില്ക്കൂ!" അയാൾ വിളിച്ചുപറഞ്ഞു.

സുന്ദരി നിന്നു.

"റിയന്നോൺ എന്നാണു് എന്റെ പേരു്. എന്റെ ബന്ധുക്കൾ എന്റെ കല്ല്യാണം നിശ്ചയിച്ചിരിക്കുന്നു. അവർ ഒരു വരനെ തിരഞ്ഞെടുത്തിട്ടുണ്ടു്. എനിക്കു് അയാളെ ഇഷ്ടമില്ല. അങ്ങയ്ക്കോ ഞാൻ എനിക്കിഷ്ടമാണു്. അങ്ങു് എന്നെ കല്ല്യാണം കഴിക്കണം," സുന്ദരി അഭ്യർത്ഥിച്ചു.

പിവിലിനു് എന്തു സന്തോഷമായെന്നോ? ആദ്യമായി അവളുടെ പിതാവിന്റെ സമ്മതം വാങ്ങണം. അതിനായി അയാൾ വധുവിന്റെ ഗൃഹത്തിലെത്തി. നൂറു് അനുചരന്മാരുടെ അകമ്പടിയോടെയാണു് എത്തിയതു്. വധുവിന്റെ വൃദ്ധപിതാവു് അയാളെ സ്വാഗതം ചെയ്തു. കെങ്കേമമായ തീൻ ഒരുക്കിയിട്ടുണ്ടായിരുന്നു. പെട്ടെന്നു് കരാൾ അകത്തേക്കു കടന്നുചെന്നു.

"പിവിൽ, അങ്ങെനിക്കു് ഒന്നു തരണം," അയാൾ താഴ്മയായി അഭ്യർത്ഥിച്ചു.

"എന്തായാലും ഞാൻ തരാം," വിണ്ടുവിചാരമില്ലാത്ത പിവിൽ വാഗ്ദാനം ചെയ്തു.

വന്നയാൾ വേഷം മാററിയപ്പോഴാണു് റിയന്നോണും മററുള്ളവരും ആളറിഞ്ഞതു്—മററാരുമല്ല, അവളുടെ വരനായി നിശ്ചയിക്കപ്പെട്ട ഗ്രൗൾ എന്നയാൾ.

"എനിക്കു റിയന്നോണെ വിട്ടുതരണം." ഗ്രൗൾ ആവശ്യപ്പെട്ടു.

"അങ്ങു് വാഗ്ദാനം ചെയ്തതു് തെററായിപ്പോയി!" റിയന്നോൺ അമർന്ന സ്വരത്തിൽ പിവിലിനോടു പറഞ്ഞു.

"എനിക്കു് ആൾ മനസ്സിലായിരുന്നില്ല. ഞാനിനി എന്തു ചെയ്യട്ടെ?," പിവിൽ പരവശനായി ചോദിച്ചു.

"എന്നെ അയാൾക്കു് വിട്ടുകൊടുക്കാമെന്നു സമ്മതിക്കണം, ഞാനൊരു വഴിയുണ്ടാക്കാം," റിയന്നോൺ ചെവിയിൽ പറഞ്ഞു. ഉടനു് ആ വഴിയും.

"ഒരു വർഷം തികയുന്ന അന്നു് നിങ്ങൾ വരൂ. അന്നു നിങ്ങൾക്കു റിയന്നോണിനെ കൊണ്ടുപോകാം." പിവിൽ ഗ്രൗളിനോടുപറഞ്ഞു.

നിശ്ചയിച്ച ദിവസം ഗ്രൗൾ വന്നുചേർന്നു. ആ സമയം പിവിൽ അവിടുന്നു മാറിനില്ക്കുകയായിരുന്നു. വിരുന്നുണ്ണാനിരിക്കുമ്പോഴാണു് പിവിൽ പ്രവർത്തിച്ചതു്. അയാൾ ഒരു യാചകന്റെ വേഷംധരിച്ചു. റിയന്നോണിന്റെ കൈയ്യിലിരുന്ന തോൽസഞ്ചി കൈയ്യിലെടുത്തു. മുത്തുകൾ അടക്കിയിരുന്ന തോൽസഞ്ചിയാണതു്. എല്ലുകൾ

ചിത്രതൻ (രാഷ്ട്രീയവിനോദപ്രസ്ഥാനം)

വേളൂർക്കുന്നിൽ കട്ടിലുകൾ നിർമ്മിക്കുന്നതിൽ ഏറ്റവും പ്രസിദ്ധി നേടിയ ചിത്രതൻ ഇപ്പോൾ ഏറ്റവും പുതിയ ഫാഷനിലുള്ള ഇരുമ്പുകട്ടിലുകൾ, ഈസിചെയറുകൾ, ടീപ്പോയികൾ, ഡ്രസ്സിംഗ് ടേബിൾ, ഡ്രസ്സറിൽ, നാട്ടുവിശേഷങ്ങൾ, ഇതുകൂടാതെ എസ്.ഡി.പി.യുടെ ഒരു വർഷം 32 പുസ്തകങ്ങൾ. ഗ്രന്ഥശാലകൾക്കു മുൻകൂർ വേണം. ആവശ്യമുള്ളവർ മാത്രം അപേക്ഷിക്കുക.

ചിത്രതൻ,
ആലപ്പുഴ.

വരൻ അപ്രത്യക്ഷനായി

ചൊന്നിയ ചെല്ലുകളെ താഴ്ത്തിക്കൊട്ടുക്കുന്നു.

സമയം — 6 മാസം. സന്ദർശനം — ! മാസത്തിൽ ഒരിക്കൽ.

ഗ്രേഡുകൾ—100 രൂപ.

ഗ്രേഡോലിക്കൽ ഗ്രേഡ്

എക്സ്-റേ ഡയറക്ടർ

സ്കൂൾതാൻസ്കൂൾ, ചിക്കാഗോ

വേണമെന്നും പറഞ്ഞു വരികയില്ല എന്ന കരാറിന്മേൽ.

റിയന്നോണും പിവിലും വിവാഹിതരായി.

ഇരുവരുംകൂടി പിവിലിന്റെ രാജധാനിയിലേക്കു പോയി.

സന്തോഷംനിറഞ്ഞ മൂന്നുവർഷം കടന്നുപോയി. അപ്പോഴെക്കും അവരുടെ ജീവിതത്തിൽ സന്താപം കടന്നുവന്നു. ഒരു സന്താനം ജനിച്ചിട്ടില്ല, പിവിൽ രണ്ടാമതൊരു വിവാഹം കഴിക്കണം—വേണ്ടപ്പെട്ടവരെല്ലാം അലട്ടിത്തുടങ്ങി. അയാൾ ഒരു വർഷംകൂടി സമയം ചോദിച്ചു. ആ വർഷം അവസാനിക്കാറായപ്പോഴോ? രാജ്ഞി ഗർഭംധരിച്ചു ഗർഭരക്ഷക്കായി പരിചാരികമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു രാത്രി രാജ്ഞി പ്രസവിച്ചു. പിന്നീട് പരിചാരികമാർ കിടന്നുറങ്ങി. ഉണർന്നപ്പോൾ പിറന്ന കുട്ടിയെ കാണാനില്ല! പരിചാരികമാർക്കു ഭയപ്പാടായി രാജാവ് തങ്ങളെ ശിക്ഷിക്കയില്ലേ? എല്ലാവരുംചേർന്ന് ഒരു ഗൂഢാലോചന നടത്തി. രാജ്ഞി ഉറങ്ങിക്കിടന്നപ്പോൾ അവർ ചില പട്ടിക്കുട്ടികളെ വെട്ടിക്കൊന്നു. അവയുടെ ചോര രാജ്ഞിയുടെ മുഖത്തും കൈയിലും പൂശി. എല്ലുകൾ എടുത്ത് അരിഞ്ഞു കൂട്ടിയിട്ടു. എന്നിട്ട് ഉറക്കെ നിലവിളിച്ചുതുടങ്ങി. നിലവിളികേട്ട് ഓടിവന്നവരോടു പരിചാരികമാർ ഒന്നു പറഞ്ഞു—രാജ്ഞി സ്വന്തം കുട്ടിയെ കൊന്നതിന്നിരിക്കുന്നു! തെളിവായി ചോരയും എല്ലും കാട്ടിക്കൊടുക്കയും ചെയ്തു. താൻ കുററമൊന്നും ചെയ്തിട്ടില്ലെന്ന് രാജ്ഞി കരഞ്ഞുപറഞ്ഞു പക്ഷേ രാജ്ഞിയെ വിശ്വസിക്കാൻ ആളുണ്ടായിരുന്നില്ല കുററക്കാരിയെ കൊല്ലണമെന്നായി എല്ലാവരുടെയും ശാഠ്യം. പക്ഷേ പിവിലിന് അതൊട്ടും സമ്മതമില്ല. എങ്കിലും ശിക്ഷിക്കുന്നു എന്നു മററുള്ളവരെ ബോധ്യപ്പെടുത്തണം. അതിനായി ഒരു നടപടി കൈക്കൊണ്ടു. രാജ്ഞി കൊട്ടാരത്തിന്റെ പുറംവാതുക്കൽ ഇരിക്കണം. അതു് ഏഴു വർഷക്കാലവും വേണം.

ആയിക്കൊ് ദൂരെ ഒരിടത്തു് ഒരു അത്ഭുതസംഭവം നടന്നു. ടെർണിയൻ എന്നൊരു സാമന്തരാജാവുണ്ട് പിവിലിന് അയാൾക്ക് അഴകേറിയ ഒരു പെൺകുതിരയുണ്ട്. ഓരോ മാസത്തിലും ആദ്യദിവസം പെൺകുതിര പ്രസവിക്കും. ഉടനെതന്നെ പിറന്ന കുതിരക്കുട്ടി അപ്രത്യക്ഷമാവുകയും ചെയ്യും. എന്താണ് ഇങ്ങനെ സംഭവിക്കുന്നതു കാരണം? ഒരു തക്കം ഒരു പിടിയും കിട്ടിയില്ല. കണ്ടുപിടിച്ചു കഴിയുമെന്ന ടെർണിയന് വാശികയറി അടുത്തമാസം ആദ്യദിവസം അയാൾ ഒരു മുൻകരുതലെടുത്തു. കുതിരകിടക്കുന്ന മുറിക്കകത്തും പടയാളികളെ നിറുത്തി. അയാളും അവരോടുകൂടി കാവൽനിന്നു, എല്ലാവരും വാളുകൾ ഊരിപ്പിടിച്ചിട്ടുണ്ട്. രാത്രിയിൽ പെൺകുതിര പ്രസവിച്ചു. ആ സമയം ഒരു വലിയ കൈ മുറിക്കുള്ളിലേക്കു നീണ്ടു. കട്ടപ്പുകയും മുച്ചയേറിയ നഖങ്ങളുമുള്ള കൈയാണ്. ആ കൈ പെററുവീണ കുതിരക്കുട്ടിയെ തേടിപ്പിടിച്ചു. ടെർണിയൻ വാളോങ്ങി ആ കൈയെ വെട്ടി. വേദനനിറഞ്ഞ ഒരു മുറവിളി കേൾക്കപ്പെട്ടു. ആരോ അതിവേഗം ഓടിപ്പോകുന്ന ശബ്ദവും. ടെർണിയൻ വാതൽ വലിച്ചു തുറന്ന് അകത്തുകയറി. കുതിരക്കുട്ടിക്കു പകരം ഒരു മനുഷ്യക്കുട്ടി കിടക്കുന്നു!

ടെർണിയൻ കുട്ടിയെ വീട്ടിലേക്കു കൊണ്ടുപോയി. അയാളും ഭാര്യയും കുട്ടിയെ സ്വന്തം മകനെപ്പോലെ വളർത്തി. കുട്ടി പ്രായമായതോടെ പിവിലിനോടുള്ള മുഖച്ഛായ തെളിഞ്ഞുവന്നു. എന്താണ് ഇങ്ങനെ സംഭവിക്കാൻ? അവർ ചിന്തിച്ചു് ആലോചിച്ചപ്പോൾ ഒന്ന് അറിവായി. റിയന്നോൺ പ്രസവിച്ച രാത്രിയിലാണ് ഈ കുട്ടിയെ കണ്ടുകിട്ടിയതു്. ടെർണിയൻ പിവിലിനെ ചെന്നുകണ്ടു. കൂടെ കുട്ടിയെയും കൊണ്ടുപോയി. റിയന്നോൺ പ്രസവിച്ച കുട്ടിയാണ്—അതു് എല്ലാവർക്കും വിശ്വാസമായി.

പ്രൈഡറി എന്ന് പേരിട്ടു കുട്ടിക്കു്.

(തുടരും)

—0—

സിനിമ

വീണ്ടും പ്രഭാതം

—മംഗലശ്ശേരി

ചില കച്ചവടമായും കച്ചവടം കലയായും മാറുന്ന മായാജാലമാണ് നാം മലയാളസിനിമയിൽ തൊണ്ണൂറുശതമാനം കാണുന്നത്. കലയെക്കുറിച്ചുള്ള വികലവിശ്വാസങ്ങളും അബദ്ധധാരണകളും സിനിമയെന്ന മാദ്ധ്യമത്തിൽ കുത്തിത്തിരുകാനുള്ള ആവേശം കാണുമ്പോൾ ആരും ഉള്ളുതുറന്നു ചിരിച്ചുപോകും. ഇൻഡ്യയിലിതുവരെ നൂവേവ് ചിത്രങ്ങളുണ്ടായിട്ടില്ല. പക്ഷേ പുതിയ നിർമ്മാതാക്കളിൽ ഭൂരിഭാഗവും തങ്ങളുടെ ചിത്രങ്ങൾ നൂവേവെന്നു ലേബലൊട്ടിക്കും. സാഹിത്യത്തിലെ അത്യന്താധുനികമെന്നപോലെ സിനിമയിലെ ഈ വാക്കിനും അർത്ഥമില്ലെങ്കിലും കമ്പോളത്തിൽ അല്പം മാർക്കറ്റുകിട്ടുമെന്നുള്ള വിശ്വാസമാണ് ബന്ധപ്പെട്ടവരെ അതിനു പ്രേരിപ്പിക്കുന്നത്.

ശുദ്ധമായ കലയെക്കുറിച്ച് നമ്മുടെ സിനിമക്കാർ ചർച്ചചെയ്യാനും സങ്കല്പിക്കാനുമാരംഭിച്ചിട്ടുണ്ട്. ആ ആരംഭത്തിന്റെ മുദ്രകളാണ് മലയാളസിനിമയുടെ നേട്ടങ്ങളായി നാം എടുത്തുദ്ധരിക്കുന്ന ചിത്രങ്ങൾ. ഇവിടെ ഇപ്പോൾ ശുദ്ധമായ കച്ചവടം നടക്കുന്നു. "പ്രേക്ഷകരുടെ രുചിക്കുവേണ്ടി" "അവരുടെ സംതൃപ്തിക്കുവേണ്ടി" വീണ്ടും പ്രഭാതങ്ങളെത്തേടുന്ന ഈ കലയുടെ കഴുത്തുഞെരിക്കുന്ന കച്ചവടക്കാരുടെ കരവലയത്തിൽനിന്നും മലയാളസിനിമയ്ക്ക് മോചനം കിട്ടുന്ന ഒരു സുപ്രഭാതം നമുക്ക് എന്നു കാണാനാവും?

പ്രതാപ് ആർട്ട്സ് പിക്ചേഴ്സിന്റെ "വീണ്ടും പ്രഭാതം" കണ്ടുകഴിഞ്ഞപ്പോഴാണ് ഇനിയും വന്നുചേരേണ്ട പ്രഭാതത്തെക്കുറിച്ചു ചിന്തിച്ചുപോയത്. ഈ വർഷം ഇതുവരെ പുറത്തുവന്ന ചിത്രങ്ങളിൽ ഏററവുമധികം കളക്ഷൻ നേടിയതു് വീണ്ടും പ്രഭാതമാണ്. ഇതെഴുതുമ്പോൾ ആറാമത്തുവാരം ദിവസം മുന്നു പ്രദർശനങ്ങളോടു് ഹൗസ്ഫുൾ ബോർഡുമായി മുന്നേറുകയാണ്. ഇത്രയധികം പ്രേക്ഷകരെയാകർഷിക്കാൻ ഈ ചിത്രത്തിലെന്തുണ്ടെന്നു പരിശോധിച്ചാൽ നാം അന്തംവിട്ടുപോകും. നമ്മുടെ പ്രേക്ഷകർക്കും നിർമ്മാതാക്കൾക്കും പ്രത്യേകിച്ചൊരു വിശ്വാസവും അഭിരുചിയുമില്ലെന്നു വ്യക്തമാണ്. പ്രഭാതത്തെയും പ്രദോഷത്തെയും അന്ധകാരത്തെയും ഒരുപോലെ ഇഷ്ടപ്പെടുന്ന നാം (പ്രേക്ഷകർ) സിനിമയുടെ കലാമൂല്യത്തെക്കുറിച്ചു പരാതിപ്പെടാനെന്തവകാശം?

വിനോദം എന്ന വാക്കിന് മുഖവിലയ്ക്കുള്ള അർത്ഥം മാത്രം നല്കിയാൽ വീണ്ടും പ്രഭാതം ഒരു സമയംകൊല്ലിചിത്രമാണ്. "പകലന്തിയോളം വിയർപ്പുചിന്തി വരുന്ന സാധാരണക്കാർക്ക് രണ്ടരമണിക്കൂർ എല്ലാം മറന്നു രസിക്കാം. പ്രേക്ഷകരുടെ ഇഷ്ടതാരങ്ങളായ, സുന്ദര്യധാമകങ്ങളായ പ്രേംനസീറും വിജയശ്രീയും മത്സരിച്ചാണിതിൽ അഭിനയിച്ചിരിക്കുന്നത്. സൗന്ദര്യത്തിലും അഭിനയത്തിലും (ശുദ്ധമായ അഭിനയം) ആരാണ് മുന്നിൽ എന്നു പറയുക പ്രയാസം. ലക്ഷ്മിയായിവരുന്ന ശാരദ തന്റെ കഥാപാത്രത്തെ നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ടെന്നു തോന്നി. ബേബിശോഭ, ബേബി സുമതി, മാസ്ററർ വിജയകുമാർ, മാസ്ററർ മുരളീകൃഷ്ണൻ എന്നീ ബാലതാരങ്ങളാണ് വീണ്ടും പ്രഭാതത്തിന് അത്ഭുതകരമായ പ്രദർശനവിജയമുണ്ടാക്കിയത്. കൃത്രിമത്വം നിഴലിച്ചിട്ടില്ലാത്ത ആദ്യപകുതിയിലെ ആദ്യത്തെ ഇരുപത്തിയഞ്ചു മിനിട്ടുകൾ ആരുടെ മനസ്സിനേയും അലിയിക്കാൻ പര്യാപ്തമാണ് ശങ്കരാടിയുടെ സരസഗമകരൂപ്പ് ചിരിയുടെ മത്താപ്പുകൾ കത്തിക്കാൻ സഹായിച്ചു. ഭാസി, ജോസ്പ്രകാശ്, മുത്തയ്യ, വീരൻ, രാധാമണി പ്രേമ തുടങ്ങിയവരെല്ലാം പഴയപടി തൃപ്തികരമായി അഭിനയം

കാഴ്ചവച്ചിട്ടുണ്ട്. പക്ഷേ, മുപ്പതിലധികം താരങ്ങൾ ഈ ചിത്രത്തിലഭിനയിച്ചിട്ടുണ്ടെങ്കിലും, മലയാളസിനിമയിലെ സൗന്ദര്യക്കൂട്ടുകളായ നസീറും വിജയശ്രീയുമാണു കാഴ്ചക്കാരനിൽ നിറഞ്ഞുനില്ക്കുന്നത്. അഭിനയത്തിന്റെ കാര്യമല്ല ഞാൻ പറഞ്ഞുവച്ചതു്. നിഞ്ഞുള്ളുന്നു സൗന്ദര്യത്തിന്റെ കാര്യം.

കഥയാരുടേതെന്നു വ്യക്തമാക്കിയിട്ടില്ല. ആരുടേതുമാകട്ടെ ഇത്തരമൊരു കഥയുടെ രചയിതാവിനെ അറിയേണ്ട വ്യഗ്രതയെന്തിന്? സംഭാഷണം ശ്രീകുമാരൻ തമ്പിയുടേതാണ്. തന്റെ ജോലി തൃപ്തികരമായി അദ്ദേഹം ചെയ്തിട്ടുണ്ട്. പി. ഭാസ്കരന്റേതാണ് അഞ്ചുഗാനങ്ങൾ. ദക്ഷിണാമൂർത്തി അവയ്ക്കു സംഗീതം പകർന്നിരിക്കുന്നു. അമ്പിളിയും സുശീലയും യേശുദാസും പാടിയിട്ടുള്ള "ഉഞ്ഞാലാ... ഊഞ്ഞാ..." എന്ന പാട്ട് മനസ്സിൽ തട്ടിത്തടഞ്ഞുനില്ക്കുന്ന "നളിനമുഖി നളിനമുഖി നിന്നുടെ വീട്ടിൽ നളനാണു ഞാൻ..." എന്ന യേശുദാസ് പാടിയ പാട്ടും, "ആലോലനീലവിലോചനങ്ങൾ കാലിച്ച നീലിച്ച മഷിയിൽ..." എന്നു യേശുദാസും ജാനകിയും ചേർന്നു പാടിയ പാട്ടും ഹൃദയഹാരികളാണ്. ഛായാഗ്രഹണം, ചിത്രസംയോജനം എന്നിവ കൈകാര്യം ചെയ്ത എസ്. ജെ. തോമസിനേയും ശങ്കുണ്ണിയേയും അഭിനന്ദിക്കുന്നു. പി. ഭാസ്കരനാണ് സംവിധായകൻ. സംവിധായകന്റെ ജോലി ആത്മാർത്ഥമായി അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ട്. പക്ഷേ, മലയാളത്തിലെ ഏററവും നല്ല ചിത്രങ്ങളിൽ ചിലതു് സംഭാവന ചെയ്ത ഭാസ്കരനിൽ മാക്ഷ് ഇത്തരമൊരു ചിത്രത്തിന്റെ സംവിധാനകർമ്മം ഏററെടുത്തതു് കഷ്ടമായിപ്പോയി.

നിർമ്മാതാക്കളേയും സംവിധായകരെയും താരങ്ങൾ നിയന്ത്രിച്ചുതുടങ്ങിയിരിക്കുന്ന കാലമാണ്. അതുകൊണ്ടു് ഇത്തരം പ്രഭാതങ്ങൾ നമുക്കു കണ്ടേ മതിയാവൂ. നല്ല ചിത്രങ്ങൾ കാണാനിവിടെ ജനമുണ്ട്. പക്ഷേ, ആ ജനത്തിന്റെ അഭിരുചികളും ഇഷ്ടാനിഷ്ടങ്ങളും ആരൊ വിലക്കുവാങ്ങി സൂക്ഷിച്ചിരിക്കുന്നു. വീണ്ടും പ്രഭാതത്തെപ്പോലുള്ള ചിത്രങ്ങൾ ആരോ ഇരുന്നൂറോ ദിവസങ്ങൾ പ്രദർശിപ്പിക്കട്ടെ നമുക്കു പരാതിയില്ല. പക്ഷേ, ശുദ്ധമായ സിനിമയെക്കുറിച്ച് ഇത്തരം ചിന്തകൊല്ലികൾ കാണുമ്പോഴെങ്കിലും നാം ചിന്തിക്കണം. ആ ചിന്തകളുടെ അലയൊലി നല്ല സിനിമയുടെ ഒരു നല്ല നാളെ നമുക്കു കാട്ടിത്തരാതിരിക്കില്ല.

—0—

അസീം കമ്പനിയുടെ അങ്കത്തട്ട് ആരംഭിച്ചു.

അസീംകമ്പനി നിർമ്മിക്കുന്ന "അങ്കത്തട്ട്" എന്ന വർണ്ണചിത്രത്തിന്റെ ഷൂട്ടിംഗ് ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു

വടക്കൻപാട്ടുകളിൽനിന്നുള്ള ഈ അങ്കത്തട്ടിന്റെ കഥ എൻ. ഗോവിന്ദൻകുട്ടിയുടേതാണ്. തിക്കുറിശ്ശി, ഗോവിന്ദൻകുട്ടി, വിജയശ്രീ, കവിയൂർപൊന്നമ്മ, ഉഷ, രാമദാസ്, നസീർ, ഉമ്മർ, ഭാസി, മുത്തയ്യ, വീരൻ, ശങ്കരാടി, ജി. കെ. പിള്ള, സുരേഷ്, സാധന, പാലാ തങ്കം, അമ്പിളി തുടങ്ങിയവരാണ് അങ്കത്തട്ടിലെ താരങ്ങൾ. രാജേന്ദ്രൻ ഛായാഗ്രഹണവും, ഗംഗ കലാസംവിധാനവും കൈകാര്യം ചെയ്യുമ്പോൾ വയലാർ–ദേവരാജൻ ടീം ആണ് സംഗീതവിഭാഗത്തിന്റെ ചുമതലക്കാർ. ററി. ആർ. രഘുനാഥ് സംവിധാനം നിർവ്വഹിക്കുന്ന അങ്കത്തട്ട് ജിയോപിക്ചേഴ്സ് വിതരണം ചെയ്യുന്നു.



ദീപാരാധന

പെരുവാരം ചന്ദ്രശേഖർ കഥ എഴുതി സംവിധാനം ചെയ്യുന്ന "ദീപാരാധന" എന്ന ചിത്രത്തിലെ പ്രധാന അഭിനേതാക്കളായി സുധീറിനേയും വിൻസന്റിനേയും തെരഞ്ഞെടുത്തിരിക്കുന്നു. ശോഭനയാണ് നായിക. 15 വയസ്സായ ഒരു നാടൻ പെൺകുട്ടിയെയാണ് ശോഭന പ്രതിനിധാനം ചെയ്യുന്നത്. മററുഭാഗങ്ങളിൽ കൊട്ടാരക്കര ശ്രീധരൻനായർ, കവിയൂർ പൊന്നമ്മ, ററി. ആർ. ഓമന, പ്രിയ, ബഹദൂർ, ശങ്കരാടി, ബാലൻ കെ. നായർ, കുതിരവട്ടം പപ്പു തുടങ്ങിയവർ അഭിനയിക്കുന്നു. ഏതാനും പുതുമുഖങ്ങളും ദീപാരാധനയിൽ അഭിനയിക്കുന്നുണ്ട്.

"അഭയം" എന്ന കഥ എഴുതിയ പെരുമ്പടവം ശ്രീധരൻ ആദ്യമായി ഈ ചിത്രത്തിലൂടെ ഒരു സംഭാഷണരചയിതാവായി രംഗത്തുവരുന്നു. ഗാനങ്ങൾ വയലാർ രാമവർമ്മയാണ് എഴുതുന്നത്. സംഗീതസംവിധാനം ബാബുരാജും.

ബാലുമഹേന്ദ്ര ഛായാഗ്രഹണം നിർവ്വഹിക്കുന്ന ഈ ചിത്രത്തിലൂടെ ഒരു പുതിയ ചിത്രസംയോജകനേയും സംവിധായകൻ രംഗത്തുകൊണ്ടുവരുന്നുണ്ട്. ജൂലായ് മാസത്തിൽ ചിത്രത്തിന്റെ റിക്കാർഡിംഗും ആഗസ്ററിൽ കേരളത്തിൽവച്ച് ഷൂട്ടിംഗും നടത്താനാണ് ഇപ്പോഴത്തെ പരിപാടി.

"ദീപാരാധന" നശിപ്പിക്കപ്പെട്ട ഒരു കുടുംബത്തിന്റെ കഥയാണ്. സ്നേഹത്തിനുവേണ്ടി ദാഹിച്ച ഒരു പെൺകുട്ടി നശിപ്പിക്കപ്പെട്ടു. അവൾ സമൂഹത്തിന്റെ മുമ്പിൽ ഒരു പ്രശ്നമായി. അവളെ രക്ഷിക്കാൻ പലരും തെയ്യാറായിരുന്നു. പക്ഷേ, അവൾ ആരും കീഴടങ്ങിയില്ല. അവസാനം വിധി അവളെ കീഴടക്കി. ആ ദയനീയകഥയാണ് ദീപാരാധനയിലൂടെ കഥാകൃത്തും സംവിധായകനുമായ പെരുവാരം ചന്ദ്രശേഖർ പറയുന്നത്.

"ചെണ്ട"യിലെ ഇലത്താളമായി അഭിനയിച്ച ഹാസ്യനടൻ ററി. കെ. മോഹൻ

'അച്ചാണി'യുടെ കൊല്ലത്തെ കളക്ഷൻ: പബ്ളിക് ലൈബ്രറിക്ക്

ജനറൽപിക്ചേഴ്സിന്റെ ബാനറിൽ രവി നിർമ്മിക്കുന്ന അച്ചാണി എന്ന ചിത്രത്തിനു കൊല്ലം ഗ്രാൻഡിൽനിന്നും ലഭിക്കുന്ന ഷെയർ മുഴുവനും, അടുത്തുതന്നെ കൊല്ലം പട്ടണത്തിൽ നിർമ്മിക്കുവാൻപോകുന്ന ആധുനികസജ്ജീകരണങ്ങളോടുകൂടിയ പബ്ളിക് ലൈബ്രറിയ്ക്കു വേണ്ടിയുള്ള ഫണ്ടിനു കൊടുക്കുവാൻ നിർമ്മാതാവായ രവി വാഗ്ദാനം ചെയ്തിരിക്കുന്നു. കൊല്ലം പട്ടണത്തിൽ ഒരു പബ്ളിക്ലൈബ്രറിയുടെ കുറവു പരിഹരിക്കുക എന്നുള്ള ലക്ഷ്യമാണ് ഇതിനു തന്നെ പ്രേരിപ്പിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

—അച്ചാണിയെന്ന ചിത്രത്തെ വിനോദനികുതിയിൽ നിന്ന് ഒഴിവാക്കുന്നതിനും കൊല്ലം പബ്ളിക്ലൈബ്രറി കമ്മിററി മുൻസിപ്പാലിററിയോടഭ്യർത്ഥിച്ചിട്ടുണ്ട്.

ന്യൂ ഇൻഡ്യാ ഫിലിംസിന്റെ "മഴക്കാറി"ൽ ദേവി

നന്ദകുമാറിന്റെ ധർമ്മയുദ്ധം

കാത്തികയുടെ ബാനറിൽ എം. കെ. മണി നിർമ്മിക്കുന്ന "ധർമ്മയുദ്ധ"ത്തിന്റെ മുക്കാൽഭാഗം രംഗങ്ങളും അഭ്രത്തിലേക്കു പകർത്തിക്കഴിഞ്ഞിരിക്കുകയാണ്.

വി. ടി. നന്ദകുമാറിന്റെ പ്രസിദ്ധീകൃതമല്ലാത്ത ഒരു കഥയാണ് "ധർമ്മയുദ്ധം." നന്ദകുമാറും, സംവിധായകൻ വിൻസന്റുംകൂടി മലയാളത്തിൽ ഇന്നേവരെ പ്രദർശിപ്പിക്കപ്പെടാത്ത ഒരു ക്ളാസ്സിക് ചിത്രം രൂപപ്പെടുത്തുകയാണ് ധർമ്മയുദ്ധത്തിൽക്കൂടി. പ്രധാന റോളിൽ അഭിനയിക്കുന്ന നസീർ അഭിപ്രായപ്പെട്ടത്. തന്റെ ചലച്ചിത്രജീവിതത്തിലെ ഏററവും വലിയ ഒരു വെല്ലുവിളിയാണ് ധർമ്മയുദ്ധത്തിൽതന്നെ ഏല്പിച്ചിട്ടുള്ള റോൾ എന്നാണ്. ആ വെല്ലുവിളി താൻ അഭിമാനത്തോടെ സ്വീകരിക്കുകയും ചെയ്തിരിക്കുന്നു എന്നദ്ദേഹം തുടർന്ന് അഭിപ്രായപ്പെട്ടു. അടൂർഭാസിയുടെ ചലച്ചിത്രജീവിതത്തിൽ ആദ്യമായി ഒരു ക്യാരക്ററർ നടനായി പ്രത്യക്ഷപ്പെടുന്നതു ധർമ്മയുദ്ധത്തിലായിരിക്കും.

ഉടനീളം ചിരിപ്പിക്കുകയും അത്രത്തോ

അനീതിക്കും അക്രമത്തിനുമെതിരെ ഒരു സിംഹഗർജ്ജനം!

എവിടെയും സംസാരവിഷയം!

▶ ഗീത ◀

(പ്രഭാതദിനപ്പത്രം)

എല്ലാദിവസവും കാർട്ടൂണിസ്റ്റ് പി കെ. മന്ത്രിയുടെ കാർട്ടൂണുകൾ!

ഒററപ്രതി വില: 10 പൈസ.
പേജ് : 2
സൈസ് : ഡെമ്മി
എയർസച്ചാജ് : 10 പൈസ.

പുലർച്ചയ്ക്കുതന്നെ തിരുവനന്തപുരം മുതൽ
കാസർഗോഡുവരെ എത്തുന്നു!

എല്ലാ സ്ഥലങ്ങളിലും ഏജൻറന്മാരെ ആവശ്യമുണ്ട്!

ഏജൻസിവ്യവസ്ഥകൾക്ക്:

മാനേജർ,
'ഗീത' ദിനപ്പത്രം,
കൊച്ചിൻ-11.

ഫോൺ: 32778

ടെമ്പിൾ ഓഫ് ആർട്ട്സിൻെറ ബാനറിൽ ശ്രീ. തോമസ് ബർളി സംവിധാനം ചെയ്തു നിർമ്മിക്കുന്ന "ഇതു മനുഷ്യനോ?" എന്ന ചിത്രത്തിൻെറ നിർമ്മാണവേളയിൽ സംവിധായകനായ ബർളി ഷീലയ്ക്കും മാസിക്കും നിർദ്ദേശങ്ങൾ നൽകുന്നു.

ഉംതന്നെ ദുഃഖിപ്പിക്കുകയും ചെയ്യുന്ന "ധർമ്മയുദ്ധ"ത്തിൻെറ കഥ, നമ്മുടെ ജനാധിപത്യം തട്ടിത്തകർത്ത ഒരു നാട്ടുവാഴിതമ്പുരാൻെറ കുടുംബത്തിനെ ചുററിപ്പററിയുള്ളതാണ്. തമ്പുരാൻെറ രാജകീയ പ്രതാപങ്ങളുടെ ബാക്കിയായി അവശേഷിച്ചതു തുരുമ്പുകയറിയ രണ്ടു വാളുകളും, ഒരു പരിചയും, പഴയ ഒരു സിംഹാസനവും മാത്രമായപ്പോൾ, റേഷനരി വാങ്ങി ജീവിതം നിലനിർത്തിൽ നിൽക്കാൻ തമ്പുരാൻ അദ്ധ്വാനിക്കുകയായി. അതിന്നിടയിൽ, തട്ടുമുട്ടുനിൽക്കാൻ കഴിയാത്ത പലതും അദ്ദേഹത്തെ നേരിടുന്നു. മനസ്സിനു സുഖമില്ലാതെ ബോംബയിൽനിന്നും ജോലികളഞ്ഞെത്തിയ മകൻെറ അസാധാരണമായ വിവാഹം, അന്യമതസ്ഥനുമായുള്ള മകളുടെ പ്രേമബന്ധം. ഇതിനിടയിൽ മീരത, തൻേറയും കുടുംബത്തിൻേറയും മേൽ വന്നു പതിച്ച ക്രിമിനൽകേസും ജനകീയ രോഷവും—എല്ലാം കൂന്നിച്ചായപ്പോൾ അതു് ആ കുടുംബത്തിലെ ഓരോ അംഗങ്ങളുടേയും ധർമ്മയുദ്ധമായി തീരുന്നു.

കവിയൂർപൊന്നമ്മയുടെ നിഷ്കളങ്കത നിറഞ്ഞ വിഡ്ഢിത്തങ്ങൾ നിങ്ങളെ പൊട്ടിപ്പൊട്ടിച്ചിരിപ്പിക്കുമ്പോൾ, അവരുടെ തീവ്രമായ ദുഃഖത്തിൻേറയും വേദനയുടേയും കാരണക്കാർ നിങ്ങളായി തീരുന്നു. നന്ദിതാബോസ്, ശ്രീവിദ്യ, ബഹദൂർ, എസ്. പി. പിള്ള, കൊട്ടാരക്കര, പി. ജെ. ആൻറണി, പറവൂർഭരതൻ എന്നിവരുടെ പ്രശസ്തമായ രംഗങ്ങളും, ഒരു പുതുമുഖവും ധർമ്മയുദ്ധത്തിൽ പങ്കെടുക്കുന്നു. മാസ്റ്ററുടെ ഏററവും സുന്ദരമായ വരികൾക്കു ദേവരാജൻ വശ്യമായ സംഗീതം നൽകിയിരിക്കുന്നു.

നിർമ്മാതാവായ മന്ത്രിയുടെയും, കഥാകൃത്തായ നന്ദകുമാറിൻേറയും, സംവിധായകനായ വിൻസൻറിൻേറയും ഒരു പുതിയ വഴിത്തിരിവായിരിക്കും 'ധർമ്മയുദ്ധം.'

—:—

ശാസ്ത്രസംഗതി

മനുഷ്യനിർമ്മിതമായ രത്നങ്ങൾ

നമുക്കറിയാവുന്നതിൽവെച്ച് ഏററവും വിലകൂടിയ വസ്തുക്കളിൽ ഒന്നാണല്ലോ രത്നങ്ങൾ. രത്നങ്ങൾക്ക് ഇത്രയും വിലയുണ്ടാകാൻ കാരണം, അതിൻെറ അലൗകികഭംഗിയും, തിളക്കവും ലഭ്യതക്കുറവുമാണ്. സാധാരണ, ഖനികളിൽ നിന്നുമാണ് രത്നങ്ങൾ ലഭിക്കുന്നത്.

എന്താണു രത്നം.

ഏതാണ്ട് 18-ാം നൂററാണ്ടിൻെറ മദ്ധ്യംവരെ രത്നം എന്താണ് എന്ന ചോദ്യത്തിന് ഉത്തരം കിട്ടിയിരുന്നില്ല. പ്രസിദ്ധ ശാസ്ത്രജ്ഞനായ സർ ഐസക്നൃട്ടൺ ആണു രത്നങ്ങൾ കരിപോലെ [കാർബൺ] കത്തുന്ന വസ്തുവാണെന്ന് ആദ്യമായി പ്രസ്താവിച്ചത്. ശുദ്ധമണ്ടത്തരം കേട്ട അവജ്ഞതയോടെ ലോകം ആ പ്രസ്താവനയെ പുച്ഛിച്ചുതള്ളി. എന്നാൽ 18-ാം നൂററാണ്ടിൻെറ അവസാനത്തോടുകൂടി മറെറാരു ശാസ്ത്രജ്ഞനായ ആൻറണി ലാറൻറ്ലാവോയ്സർ നൃട്ടൻെറ പ്രസ്താവനയെ പരീക്ഷണം കൊണ്ട് ശരിയാണെന്ന് തെളിയിച്ചു. രത്നം കത്തിച്ചു നോക്കി. അതിൽനിന്നും മറെറാരു കരി കത്തിച്ചാലും കിട്ടുന്നതുപോലെ കാർബൺഡയോക്സൈഡു മാത്രമേ കിട്ടുന്നുള്ളു എന്ന് അദ്ദേഹം മനസ്സിലാക്കി. രത്നങ്ങളും കാർബണിൻെറ മറെറാരു രൂപമാണെന്നതു് 20-ാം നൂററാണ്ടിലെ ഒരു ശാസ്ത്രസത്യമാണ്. കാർബൺ അണുക്കളുടെ വിന്യാസത്തിലുള്ള വ്യത്യാസമാണ് രണ്ടുവസ്തുക്കളുടെ സ്വഭാവത്തിലുള്ള വ്യത്യാസത്തിനു കാരണം. കാർബൺ ആററങ്ങൾ ഭംഗിയായി ചതുസ്തലക [tetrahedral] രീതിയിൽ അടുക്കിയിരിക്കുന്നതുകൊണ്ട് രത്നം ലോകത്തിൽ ഏററവും വിലകൂടിയ ഒരു വസ്തുവായി. വിന്യാസക്രമത്തിലുള്ള തകരാറുകൊണ്ട്, കരി വളരെ വിലകുറഞ്ഞ ഇന്ധനവുമായി മാറി.

കഴിഞ്ഞ നൂററാണ്ടിൻെറ ആരംഭത്തിലാണ് ഒരേ മൗലികവസ്തുവായ കാർബണിൽനിന്നും രത്നം ഉൽപാദിപ്പിക്കണം എന്ന് ശാസ്ത്രജ്ഞന്മാർ പ്രത്യാശിച്ചു തുടങ്ങിയത്. കരിയിലെ കാർബൺ ക്രിസ്ററലീകൃതമല്ലെന്നും, രത്നത്തിലെ കാർബൺ ക്രിസ്ററലീകൃതമാണെന്നും കണ്ടെത്തി. ക്രിസ്ററലീകരണത്തിനുവേണ്ടി കാർബൺ ഏതെങ്കിലും ലായകത്തിൽ ലയിപ്പിക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. അവസാനം വളരെ ഉയർന്ന താപനിലയിൽ വർദ്ധിച്ച മർദ്ദത്തിൽ കാർബൺ ഇരുമ്പിൽ ലയിക്കുമെന്ന് കണ്ടെത്തി. 1879-ൽ ആദ്യമായ സംശ്ലേഷിത രത്നം നിർമ്മിച്ചുവെന്ന് ജെ. ബി. ഹാനെയ് അവകാശപ്പെട്ടു.

1928-ൽ അമേരിക്കയിലെ ഒരു കെമിസ്ട്രി പ്രൊഫസറായ ഡോ: ജെ. ഡബ്ളിയു. ഹാർസി കൃത്രിമ രത്നം വിജയകരമായി ഉൽപാദിപ്പിച്ചു കാർബണും ഇരുമ്പും 4000° C. താപനിലയിൽ, നിർവാത അന്തരീക്ഷത്തിൽ ചൂടാക്കിയാണ് അദ്ദേഹം കരി ലയിപ്പിച്ചെടുത്തത്. ആ ലായനിയെ പെട്ടെന്നു തണുപ്പിച്ചപ്പോൾ കാർബൺ ക്രിസ്ററലീകരിച്ചു രത്നത്തരികളായി. അവ ഉറച്ചു കട്ടിയായ ഇരുമ്പിനകത്താണ്. വീണ്ടും പററിയ മാദ്ധ്യമങ്ങളിൽ ഇരുമ്പു ലയിപ്പിച്ചു രത്നങ്ങൾ വേർതിരിച്ചെടുത്തു. എല്ലാ മാനകങ്ങളും (Standards) തൃപ്തിപ്പെടുത്തിയ ആദ്യത്തെ കൃത്രിമരത്നമായി ലോകം അംഗീകരിച്ചു. വീണ്ടും ലോകത്തിൽ പല ഭാഗത്തും പല രീതിയിലുള്ള പരീക്ഷണങ്ങൾ ആവർത്തിച്ചുകൊണ്ടിരുന്നു. 1955-ൽ ന്യൂയോർക്കിലെ ഒരു ഇലക്ട്രിക്കംപനിക്കാർ കാർബണിബൊറസ്യൻ ടൈപ്പിലുള്ള 1,500,000 പൗണ്ട് ചതുരശ്ര ഇഞ്ചു് എന്ന മർദ്ദത്തിൽ 500° F ചൂടാക്കി രത്നം നിർമ്മിച്ചു.

കൃത്രിമമായി നിർമ്മിച്ച രത്നങ്ങൾ വളരെ ചെറുതായിരുന്നു. എങ്കിലും പല വ്യവസായ കാര്യങ്ങൾക്കും ഉപയോഗിക്കാമെന്നതു്, വിലയിൽ കുറവുവന്നില്ല. പ്രത്യേകപ്പിൻെറ കീഴിലുള്ള പരീക്ഷണശാലകളിലാണ് ഇവ ഏററവും അധികം പ്രയോജനപ്പെടുത്തുന്നതു്. ആഭരണങ്ങൾക്കും മററും യോജിച്ച തരത്തിലുള്ള രത്നങ്ങളുടെ നിർമ്മാണത്തിനുള്ള ശ്രമങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സ്വാഭാവികമായി പ്രകൃതിയിൽനിന്നും ലഭിക്കുന്ന രത്നങ്ങളോളം തന്നെ വലിപ്പമുള്ള കൃത്രിമ രത്നങ്ങൾ കമ്പോളത്തിലിറങ്ങുന്ന കാലം അനതിവിദൂരമല്ല.

—ശ്രീനിവാസൻ

—0—

നഴ്സ് കമ്പ്യൂട്ടർ

ടെയിൻഡ് നഴ്സുമാരുടേയും റജിസ്ററേഡ് നഴ്സുമാരുടേയും ദൌർലഭ്യം നിമിത്തം അമേരിക്കയിലെ അലബാമാ സർവ്വകലാശാലയുടെ കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ ഹാർട്ട് സെപ്പഷ്യലിസ്ററുകൾക്കു കുറച്ചൊന്നുമല്ല വിഷമതകൾ നേരിടേണ്ടിവന്നതു്. ഒടുവിൽ സർജിക്കൽ ഡിപ്പാർട്ടുമെൻറിലെ ഡോക്ടർമാരും ചില എഞ്ചിനീയർമാരും കൂടി ഇതിനൊരു പോംവഴി കണ്ടുപിടിച്ചു. കൃത്രിമമായി അവരൊരു "നഴ്സിനെ" ഉണ്ടാക്കി. എന്നിട്ടൊരു കമ്പ്യൂട്ടറിൻെറ സഹായത്തോടെ അവരതിന് "പ്രാണൻ" പ്രദാനം ചെയ്തു.

ശരിക്കും വേണ്ടവിധത്തിൽ രോഗികളുടെ മേൽനോട്ടം വഹിക്കാൻ ഈ നഴ്സു കമ്പ്യൂട്ടറിനു സാധിക്കുന്നുണ്ട്. ഭക്ഷണം കൊടുക്കുക, മരുന്നെടുത്തു കൊടുക്കുക മുതലായ സാധാരണ ജോലികൾ തൊട്ട്, വേണ്ടിവരികയാണെങ്കിൽ രോഗികൾക്കു ഭക്തവും, പ്ലസ്സ്യും നല്കാൻപോലും ഇതിനു സാധിക്കും, ഒന്നു സൂചിപ്പിക്കുക മാത്രമേ വേണ്ടു.

നാലു കിടക്കകൾ ചേർന്നാൽ ഒരു യൂണിററായി. അങ്ങിനെയുള്ള ഒരു യൂണിററിൻെറ മേൽനോട്ടമാണ് ഒരു നഴ്സ്കമ്പ്യൂട്ടർകൊണ്ടു സാധിക്കുന്നതു്. ചിലയിടങ്ങളിലെ പരീക്ഷണശാലകളിൽ ഇത്തരത്തിലുള്ള നഴ്സ് കമ്പ്യൂട്ടറിൻെറ സഹായം ധാരാളമായി ഉപയോഗപ്പെടുത്തിവരുന്നുണ്ടെങ്കിലും ശസ്ത്രക്രിയയിൽ ഇതിൻെറ സഹായം തേടുന്നതു് നടാടെയാണ്.

നഴ്സുമാരുടെ നാണം തുളുമ്പുന്ന മന്ദഹാസം, മേലാസകലം കളിതണിയിക്കുന്ന മുലകരസ്പർശം, മധു പകരുന്ന മൊഴി... അങ്ങിനെയങ്ങിനെ പലതും, മോഹിച്ച രോഗം മാറിയാലും തണ്ടുമുന്നു ദിവസംകൂടി ആസ്പത്രിയിൽ തന്നെ കഴിച്ചുകൂട്ടുന്ന ചില "വിരുതൻ ശങ്കു"മാക്ക് ഈ അൾട്രാ മോഡേൺ നഴ്സിൻെറ പൊട്ടുന്നനെയുള്ള പിറവി "നല്ലൊരടി" തന്നെയാണ് സംശയമില്ല.

ശാസ്ത്രമേ! ശതസഹസ്രം ധന്യവാദങ്ങൾ!!

വിപ്ലവാഭിവാദ്യങ്ങൾ!!!

ആകെ കുഴപ്പംപിടിച്ച ഒരു കാര്യമായിരുന്നു ഒരു ചെള്ളക്കാരിയു, ആഫ്രിക്കയിലെ ഒരു കറുത്തവർഗ്ഗക്കാരനും തമ്മിൽ ഒരുദിവസം വിവാഹിതരായി. പിന്നീട് സാധാരണ സംഭവിക്കാറുള്ളതുതന്നെ സംഭവിച്ചു.

"ഞാനൊരു അമ്മയാവാൻ പോകയാണ്!" ചന്ദ്രികാചർച്ചിതമായ രാത്രിയിൽ ആ ചെള്ളക്കാരി സംഗതി തൻെറ പ്രിയമുള്ളവനെ അറിയിച്ചു. അല്ല പറയുമ്പോൾ അരുണനിറമാർന്ന അവളുടെ തുടുത്ത അധരങ്ങളിൽ ആയിരം മുല്ലമൊട്ടുകൾ വിരിയുന്നുണ്ടായിരുന്നു.

ആഫ്രിക്കക്കാരൻ ആനന്ദത്തിലാറാടി. അങ്ങിനെയിരിക്കെ പെട്ടെന്നൊരു ദിവസമാണ് ആ രഹസ്യം പുറത്തായതു്. ആസ്ട്രീക്ക് തൻെറ ഭർത്താവിനോടല്ലാതെ മറെറാരു ചെള്ളക്കാരനോടും അടുപ്പമുണ്ടായിരുന്നത്രെ! പോരെ പൂരം!

"നിൻെറ ഉദരത്തിൽ കിടക്കുന്ന കുഞ്ഞിൻെറ അച്ഛൻ ഞാനല്ലായെങ്കിൽ ഉടനടി ഈ ഗർഭം അലസിപ്പിക്കണം, തെക്കമെല്ലെ

കിൽ ക്ഷണം ഈ ബന്ധം അവസാനിപ്പിക്കുന്നതാണു നല്ലതു്." അതീവപരുഷമായിരുന്നു ആ പുരുഷസ്വരം.

എന്നാൽ സ്വന്തം ഉദരത്തിലുറിയ കുഞ്ഞിനെ അവൾക്കു എളുപ്പത്തിൽ ഉപേക്ഷിക്കാൻ കഴിയുമോ? രണ്ടുപേരും വേണമായിരുന്നു അവൾക്കു്—കുഞ്ഞും അതോടൊപ്പം തന്നെ ഭർത്താവും.

പാവം! വെള്ളക്കാരിയുടെ കുരുന്നു കരൾ പാടേ നീറി.

മൃഗവൈദ്യൻ പിതൃത്വം തെളിയിക്കാൻ വല്ല പോംവഴിയുമുണ്ടോ എന്നു് ആ സ്ത്രീയാരാഞ്ഞു. ഒരു സംഘം ശാസ്ത്രജ്ഞന്മാർ അവരെ സഹായിക്കാൻ തയ്യാറായി. ആഫ്രിക്കക്കാരന്റേയും, വെള്ളക്കാരന്റേയും "വയററിൽ രൂപംപ്രാപിച്ചുകൊണ്ടുവരുന്ന ഭ്രൂണത്തിന്റേയും" ക്രോമോസോമുകൾ ശേഖരിച്ചു് വിശദമായൊരു ശാസ്ത്രീയപരിശോധനതന്നെ അവരങ്ങോട്ടു് ആരംഭിച്ചു.

അത്ഭുതമെന്നേ പറയേണ്ടു, ആഫ്രിക്കക്കാരന്റെ ക്രോമോസോമുമായി വെള്ളക്കാരിയുടെ ഉദരത്തിൽ കിടക്കുന്ന ഭ്രൂണത്തിനു യാതൊരു വ്യത്യാസവുമുണ്ടായിരുന്നില്ല.

പൊട്ടിപ്പുറപ്പെട്ട അഗ്നിപർവ്വതം പെട്ടെന്നു കെട്ടടങ്ങി. കട്ടുത്ത ദുഃഖം തളം കെട്ടിനിന്നിരുന്ന വെള്ളക്കാരിയുടെ വദനം വിടർന്നു; തകർച്ചയുടെ വക്കിൽനിന്നും അങ്ങിനെ ഒരു കുടുംബം രക്ഷപ്പെട്ടു.

"ശാസ്ത്രമേ! നിനക്കു ശതസഹസ്രം ധന്യവാദങ്ങൾ!! വിപ്ലവാഭിവാദ്യങ്ങൾ!!!" ദ്രുതഗതിയാലാണു് ആ ദമ്പതിമാരുടെ അധരങ്ങളിൽനിന്നു് താനേ വാക്കുകൾ അന്തർവിണതു്.

—വി. എം.

---

* ക്രോമസോം (Chromosome): ജന്തുക്കളുടേയും സസ്യങ്ങളുടേയും കോശങ്ങളിലെ ന്യൂക്ലിയസ്സുകളിലുള്ള പാരമ്പര്യവാഹികളായ തന്തുക്കൾ. "വർണ്ണതന്തു"ക്കൾ എന്നാണു് ക്രോമസോം എന്ന വാക്കിന്റെ അർത്ഥം.

—o—

വായനക്കാരുടെ കത്തുകൾ

(2-ൽ നിന്നു തുടർച്ച)

ഉപന്യാസസമാഹാരം എന്നീ ശാഖകളിലെ ഏററവും നല്ല കാലാ ഗ്രന്ഥത്തിനു് 1000 ക. വ്തം സമ്മാനം നൽകാൻ ഈ വരുഷവും അക്കാദമിക്കു പരിപാടിയുണ്ടു്.

കൂടാതെ യാത്രാവിവരണം, ആത്മകഥ, ജീവചരിത്രം, ഹാസസാഹിത്യം മുതലായ വിഭാഗങ്ങളിൽപ്പെട്ട ഏററവും നല്ല ഒരു ഗ്രന്ഥത്തിനും 1000 രൂപ സമ്മാനം നല്കുന്നതാണു്.

ആയിരത്തിതൊള്ളായിരത്തി എഴുപത്തിരണ്ടിൽ മലയാളത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഏററവും നല്ല ബാലസാഹിത്യഗ്രന്ഥത്തിനു തിരുവിതാംകൂർ മഹാരാജാവു് ഏർപ്പെടുത്തിയിട്ടുള്ള ശ്രീ. പത്മനാഭസ്വാമി പ്രൈസ്ഫണ്ടിൽനിന്നും നൽകുന്ന 250 രൂപയും അക്കാദമി ഫണ്ടിൽനിന്നും നൽകുന്ന 250 രൂപയും ചേർത്തു് ആകെ 500 രൂപ കേരളസാഹിത്യ അക്കാദമി ഈ സാമ്പത്തിക വർഷത്തിലും സമ്മാനം നല്കുന്നതാണു്.

ആയിരത്തിതൊള്ളായിരത്തി എഴുപത്തിരണ്ടിൽ ആദ്യപതിപ്പായി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മാലികകൃതികളാണു സമ്മാനത്തിനു പരിഗണിക്കപ്പെടുന്നതു്.

ഇതിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ഗ്രന്ഥകാരന്മാർ അവരവരുടെ കൃതികളുടെ നാലുവിതം പ്രതികൾ ആയിരത്തിതൊള്ളായിരത്തി എഴുപത്തിമൂന്നു ജൂലൈ മാസം മുപ്പത്തിയൊന്നാം തീയതിക്കകം സെക്രട്ടറി, കേരളസാഹിത്യ അക്കാദമി—ആഫീസ്—തൃശ്ശൂർ എന്ന മേൽവിലാസത്തിൽ അയയ്ക്കുവാൻ താല്പര്യപ്പെടുന്നു.

അനുഗ്രഹിക്കട്ടെ!

ഭക്തജനങ്ങൾക്കു് ആനന്ദം നൽകുന്നതും പ്രത്യേകിച്ചും ഈ കലിയുഗത്തിൽ അവതാരപുരുഷനായി കണക്കാക്കുന്ന ഭഗവാൻ ശ്രീ. സത്യസായിബാബയുടെ മുഖചിത്രവും അതിൽ വി. കെ. മാധവൻകുട്ടിയുടെ ലേഖനവും എന്നെപ്പോലെ സത്യസായിബാബയുടെ ഭക്തന്മാർക്കു് അത്യധികമായ ആനന്ദം നല്കിയിരിക്കുന്നു. മാധവൻകുട്ടിക്കു് അഭിനന്ദനങ്ങൾ!!

ശാന്തിയും സമാധാനവും ഇന്ത്യയിൽ ചെന്നാൽ കണ്ടെത്താം എന്ന വിശ്വാസത്താൽ പാശ്ചാത്യർ പ്രവഹിച്ചുകൊണ്ടിരിക്കുന്നു; അങ്ങിനെ വന്നവരുടെ ഒരു ദൃശ്യം പുട്ടപർത്തിയിൽ പ്രശാന്തിനിലയത്തിൽ ചെന്നാൽ ആർക്കും കാണാൻ സാധിക്കുന്നതാണു്. ഇങ്ങിനെ ഒരു അവതാരപുരുഷൻ ഉണ്ടു് എന്നു പലർക്കും മനസ്സിലാക്കുവാനും ആ ആനന്ദാനുഭൂതി അനുഭവിക്കാൻ പലരും ആ ദിവ്യദർശനത്തിനു കൊതിക്കുകയും ചെയ്യുമെന്നതിനു സംശയമില്ല. Why fear when I am here എന്ന ആ ദിവ്യപുരുഷന്റെ വാക്കുകൾ "മലയാളനാടി"നെ അനുഗ്രഹിക്കട്ടെ!

—മിസ്സിസ് തങ്കം ബി. മേനോൻ

ഈ കലാകാരിയെ സഹായിക്കുക

നാടകത്തിനു പോകവേ വാൻഅപകടത്തിൽപ്പെട്ടു കാലൊടിഞ്ഞു് അവശയായി കോഴിക്കോട്ടു മെഡിക്കൽ കാളേജ് ആശുപത്രിയിൽ കഴിയുന്ന നർത്തകിയും നടിയുമായ കുമാരി ബിന്ദുവിനെ സഹായിക്കാൻ എല്ലാ കലാസമിതികളോടും, കലാകാരന്മാരോടും ആലപ്പിതിയേറേഴ്സ് അഭ്യർത്ഥിച്ചിരിക്കുന്നു. രംഗവേദിയിൽ ഒരു ചിത്രശലഭത്തെപ്പോലെ പാറിക്കളിച്ചിരുന്ന 17 വയസ്സുള്ള ബിന്ദു അങ്ങുമാസമായി ആശുപത്രിയിൽ കിടപ്പിലാണു്. കലകൊണ്ടുമാത്രം ജീവിതം നയിച്ചിരുന്ന ഈ കൊച്ചു കലാകാരിയും കുടുംബവും ഇന്നു് ഏറെ പരിതാപകരമായ അവസ്ഥയിലാണു്. വാൻ മാടിച്ചിരുന്ന ഡ്രൈവറും കാലൊടിഞ്ഞു് ആശുപത്രിയിലുണ്ടു്. ഇദ്ദേഹവും സഹായം അർഹിക്കുന്നു. സംഗീതനാടക അക്കാഡമിയുടേയും ഗവണ്മെൻറിന്റേയും പ്രത്യേക സഹായവും ഈ അവശകുടുംബങ്ങൾക്കുവേണ്ടി അഭ്യർത്ഥിച്ചിട്ടുണ്ടു്. സർവ്വശ്രീ കാലാമ്പൽ കമാരൻ, ടി. കെ. ശാരംഗപാണി, ശ്രീമൂലനഗരം വിജയൻ, എൻ. ഗോവിന്ദൻകുട്ടി, ഗോപിനാഥ്, ആലപ്പി വി. സദാനന്ദൻ എന്നിവർ അടങ്ങുന്ന ഒരു സഹായധനശേഖരണകമ്മിററിയും രൂപവൽക്കരിച്ചിട്ടുണ്ടു്. അതിനാൽ എല്ലാ നല്ലവരുടേയും സാമ്പത്തികസഹായങ്ങൾ ബിന്ദു, ഹണ്ടു്, C/o. ആലപ്പിതിയേറേഴ്സ്, ആലപ്പി—1 എന്ന വിലാസത്തിൽ അയച്ചുകൊടുക്കുവാൻ അഭ്യർത്ഥിച്ചിരിക്കുന്നു.

—o—

പവൻമാററു സ്വർണ്ണാഭരണങ്ങൾ, വാച്ചുകൾ, ക്ലോക്കുകൾ, ടൈംപീസുകൾ മുതലായവ വാങ്ങുന്നതിനു് വിശ്വസ്തസ്ഥാപനം

കെ. പ്രഭാകരൻ നായർ

ജ്യൂവലേഴ്സ് & വാച്ചുഡീലേഴ്സ്

മെയിൻറോഡ്, കൊല്ലം. **Phone: 3095**

ബ്രാഞ്ചു്: കൃ. എസ്. റോഡ്, പുനലൂർ.

തലയില്ലാത്തമനുഷ്യൻ-15 —സോമനാഥൻ